ERNAKULAM-ANGAMALY MAJOR ARCHEPARCHIAL BULLETIN

# എറണാകുളം മിസ്സം



Vol. 64

No.: 7

JULY 2021



www.ernakulamarchdiocese.org



ജൂലൈ 3-ന്

നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന

**മാർ തോമസ് ചക്യത്ത് പിതാവിന്**

എറണാകുളം-അങ്കമാലി അതിരൂപതയുടെ

സ്നേഹം നിറഞ്ഞ

**തിരുനാൾ മംഗളങ്ങൾ!!!**

ERNAKULAM-ANGAMALY MAJOR ARCHEPARCHIAL
എറണാകുളം മിസ്സം
BULLETIN

# വിഷയസൂചിക


| | |
|---|---|
| 4. | പ്രാർത്ഥനയിൽ അനുസ്മരിക്കാൻ |
| 5. | ഇടയലേഖനം - സഭാദിനം |
| 13. | ലോകമാധ്യമദിന സന്ദേശം |
| 22. | കെ.സി.ബി.സി. ലേബർ കമ്മീഷൻ സർക്കുലർ |
| 25. | കെ.സി.ബി.സി. വർഷകാല സമ്മേളനാനന്തര സർക്കുലർ |
| 30. | യുവജനദിനം |
| 34. | യൗസേപ്പിതാവർഷം - വിചിന്തനങ്ങൾ (6) - ഉപയോഗിക്കാതെ ഉപാസിക്കുന്ന രീതി |
| 36. | Engagements |
| 37. | കച്ചേരിക്കാര്യം |
| 38. | നിര്യാതരായി |
| 48. | വാർത്തകളും വിശേഷങ്ങളും |
| 50. | Department of Catechesis |
| 55. | Department of Family Apostolate |
| 57. | സഹൃദയ (അതിരൂപതാ സോഷ്യൽ സർവ്വീസസ്) |
| 59. | സേക്രഡ് മ്യൂസിക് |
| 61. | Department of Bible Apostolate |
| 64. | AICO |
| 64. | അതിരൂപതാ ഡയറി |


**Editor: Rev. Fr. Varghese Perumayan**

Volume : **64**
Issue No. : **7**
Month : **July 2021**

**Office:**
The Major Archeparchial Curia
Major Archbishop's House, Ernakulam
P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906

**Website & E-mail**
www.ernakulamarchdiocese.org
missamekm@gmail.com

**Subscription:**
Single copy: Rs. 15.00
Annual: Rs. 150.00

**Printed and Published by**
Fr. Jose Pollayil on behalf of the Archbishop of Ernakulam,
Major Archbishop's House, Ernakulam,
P.B.No. 2580, Kochi 682031.
Printed at Viani Printings, Viani Buildings,
Lisie Hospital Road, Ernakulam,
Kochi 682018.
Published from Major Archbishop's House,
Ernakulam, P.B.No. 2580, Kochi 682031.

# പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

| Name & Parish | Birth | Ordn. | Death |
|---|---|---|---|
| Fr. Tharayil Varkey, Kuthiathodu | 1879 | 1905 | 1-7-1934 |
| Fr. Panjikaren Valiya Joseph, Kuthiathode | | | 1-7-1825 |
| Fr. Thaliath Baselios TOCD, Puthenpally | 1853 | 1878 | 3-7-1916 |
| Fr. Payyappilly Paul, Akaparambu | 1935 | 1963 | 4-7-2018 |
| Fr. Kandathil Thomas, Chempu | 1856 | 1880 | 5-7-1912 |
| Fr. Chennekadan Gerard, Angamaly | | | 5-7-1927 |
| Fr. Vithayathil Joseph, Kuthiathodu | 1929 | 1956 | 5-7-1994 |
| Fr. Parakkal Thariath, Kanjoor | 1880 | 1910 | 6-7-1949 |
| Fr. Maniamkottu Emmanual, S. Parur | 1929 | 1958 | 6-7-1994 |
| Fr. Nayappilly Pathrose, Kothavara | 1899 | 1929 | 7-7-1935 |
| Fr. Alumkara Kuruvila, Vaikom | 1885 | 1911 | 8-7-1946 |
| Fr. Maniamkot Isaac, Chethikode | 1913 | 1940 | 9-7-1997 |
| *Msgr. Painumkal Joseph, Chathamma* | *1894* | *1920* | *10-7-1967* |
| Fr. Puthussery Varghese, Mookkannoor | 1952 | 1978 | 10-7-2008 |
| Fr. Cheruvallil Kuriakose, Amballoor | 1940 | 1967 | 10-7-2019 |
| Fr. Manikanamparambil Kuriakose, S. Parur | 1859 | | 13-7-1905 |
| Fr. Payyappilly Paul, Kanjoor | 1939 | 1962 | 13-7-2013 |
| Fr. Pudichery George, Edad | 1927 | 1955 | 14-7-2009 |
| Fr. Vezhaparampil Joseph, Kanjoor | 1857 | 1902 | 15-7-1933 |
| Fr. Mangalath Jacob TOCD, Pallipuram | 1828 | | 16-7-1876 |
| *Msgr. Kandathil Augustine, Nadel* | *1920* | *1947* | *18-7-2001* |
| Fr. Kiriyanthan Sebastian, Narakkal | 1916 | 1947 | 20-7-2005 |
| Fr. Kavalipadan Joseph, Karippassery | 1928 | 1956 | 20-7-2016 |
| Fr. Vezhaparampil Kochouseph, Kanjoor | 1881 | 1909 | 22-7-1941 |
| Fr. Sankoorikal Joseph, Narakkal | 1905 | 1935 | 24-7-1989 |
| Fr. Palakkal Kurian TOCD, Pallipuram | 1826 | 1861 | 24-7-1898 |
| Fr. Parappuram Paul, Vallam | 1883 | 1910 | 25-7-1956 |
| Fr. Mulavarikkal Thomas, Prasannapuram | 1922 | 1952 | 29-7-2000 |
| Fr. Kudiyiruppil Joseph, Mattoor | 1931 | 1959 | 29-7-2015 |
| Fr. Panjikaren Joseph, Muttom | 1888 | 1916 | 30-7-1973 |
| Fr. Cheruvallikatt Xavier, Muttom | 1927 | 1957 | 30-7-2004 |

Prot. No.0671/2021

# ഇടയലേഖനം

സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്
**കർദിനാൾ മാർ ജോർജ് ആലഞ്ചേരി**
തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും
മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും
തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന
എല്ലാ ദൈവജനത്തിനും എഴുതുന്നത്.

കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ!

## സഭാദിനം - ദുക്റാനതിരുനാൾ

ഈശോമിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

ജൂലൈ മൂന്ന് വലിയ ഒരു ഓർമ ഉണർത്തുന്ന ദിവസമാണ്. ഭാരത്തിന്റെ അപ്പസ്തോലനായ മാർതോമാശ്ലീഹായുടെ ഓർമ. ദുക്റാനതിരുനാൾ എന്നാണല്ലോ നാം അതിനെ വിശേഷിപ്പിക്കുന്നത്. ദുക്റാന എന്ന വാക്കിന്റെ അർത്ഥം ഓർമ എന്നാണ്. 2013 മുതൽ ദുക്റാനതിരുനാൾ സഭാദിനമായും നമ്മൾ ആഘോഷിക്കുന്നുണ്ട്. ഈ വർഷത്തെ സഭാദിനവും കഴിഞ്ഞ വർഷത്തേതുപോലെ കോവിഡ്-19ന്റെ പശ്ചാത്തലത്തിലാണ് ആഘോഷിക്കേണ്ടി വരുന്നത്.

### മഹാമാരിയുടെ പശ്ചാത്തലം

കോവിഡ്-19ന്റെ ഒന്നാം തരംഗത്തെ ഇന്ത്യ ഏറെക്കുറെ വിജയകരമായി നേരിട്ടു. എന്നാൽ രണ്ടാം തരംഗം കൂടുതൽ പേരുടെ മരണത്തിനു കാരണമായി. ഔദ്യോഗിക കണക്കനുസരിച്ചു ഇതിനകം ഭാരതത്തിൽ 387000 ത്തോളം ആളുകൾ കോവിഡ്-19 മൂലം മരണപ്പെട്ടിട്ടുണ്ട്. ഇതിൽ 12000-ൽ അധികംപേർ കേരളത്തിൽ നിന്നുതന്നെയാണ്. മരണമടഞ്ഞവരെയും അവരുടെ കുടുംബങ്ങളെയും നമുക്കു ദൈവതൃക്കരങ്ങളിൽ സമർപ്പിക്കാം. മരണം സംഭവിച്ചില്ലെങ്കിലും കോവിഡ് ബാധമൂലം ഉണ്ടായ ആരോഗ്യപ്രശ്നങ്ങളാൽ ക്ലേശിക്കുന്നവർ അനേകരുണ്ട്. കോവിഡിന്റെ മൂന്നാമതൊരു തരംഗത്തെക്കുറിച്ചുള്ള മുന്നറിയിപ്പുകൾ

മാധ്യമങ്ങളിലൂടെ നമുക്കു ലഭിക്കുന്നുണ്ട്. മൂന്നാം തരംഗത്തിൽ കുട്ടികളെ ഈ രോഗം കൂടുതൽ ബാധിക്കാൻ സാധ്യതയുണ്ടെന്നു പറയപ്പെടുന്നു. കോവിഡ് വാക്സിൻ സ്വീകരിച്ച് എല്ലാവരും പ്രതിരോധ ശക്തി ഉള്ളവരായിരിക്കുക എന്നതാണ് നമുക്കിപ്പോൾ ചെയ്യാനുള്ളത്. അതിനായി സർക്കാരുകൾ മുന്നോട്ടുവയ്ക്കുന്ന പദ്ധതികളോട് എല്ലാവരും ആത്മാർത്ഥമായി സഹകരിക്കണം.

കോവിഡ് നിർമാർജനത്തിനായി ജീവൻപോലും പണയംവച്ചു പ്രവർത്തിക്കുന്ന അനേകരുണ്ട്. ഡോക്ടർമാരെയും നഴ്സുമാരെയും മറ്റ് ആരോഗ്യപ്രവർത്തകരെയും സമർപ്പിതരെയും നമുക്കു നന്ദിപൂർവ്വം സ്മരിക്കാം. രോഗീപരിചരണത്തിനിടയിൽ ജീവഹാനി സംഭവിച്ച ആരോഗ്യപ്രവർത്തകർക്കു നമുക്ക് ആദരാഞ്ജലികൾ അർപ്പിക്കാം. സന്നദ്ധസംഘങ്ങളായി പ്രവർത്തിക്കുന്ന വൈദികരും സമർപ്പിതരും യുവതീയുവാക്കളും നമ്മുടെ പ്രത്യേക പ്രശംസയർഹിക്കുന്നു. കോവിഡ് രോഗംമൂലം ഇതിനകം ഇന്ത്യയിൽ നാല് മെത്രാന്മാരും 500 ലധികം വൈദികരും സമർപ്പിതരും മരണം പ്രാപിച്ചിട്ടുണ്ട്. കാരുണ്യവാനായ കർത്താവ് അവരുടെ സമർപ്പണത്തിനു പ്രതിഫലം നൽകട്ടെ. മരണമടഞ്ഞ മെത്രാന്മാരിൽ ഒരാൾ സാഗർ രൂപതയുടെ മുൻ അദ്ധ്യക്ഷനായ അഭിവന്ദ്യ ജോസഫ് പാസ്റ്റർ നീലങ്കാവിൽ പിതാവാണ്. അഭിവന്ദ്യ പിതാവിന്റെ ആത്മാവിനു നിത്യശാന്തി നേരുന്നു.

കേരളത്തിനു പുറത്തുള്ള സംസ്ഥാനങ്ങളിലും വിദേശ രാജ്യങ്ങളിലുമുള്ള നമ്മുടെ രൂപതകൾ കോവിഡുകാലത്തു വലിയ പ്രതിസന്ധികളിലൂടെയാണു കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. വിദേശ രാജ്യങ്ങളിൽ കോവിഡ് ഇപ്പോൾ നിയന്ത്രണ വിധേയമാണല്ലോ. ഭാരതത്തിലെ നമ്മുടെ മിഷൻ രൂപതകൾ കോവിഡു പ്രതിരോധപ്രവർത്തനങ്ങളിൽ വളരെ സജീവമാണ് എന്ന് എടുത്തുപറയേണ്ടിയിരിക്കുന്നു. അഭിവന്ദ്യ പിതാക്കന്മാരും വൈദികരും സമർപ്പിതരും അല്മായ നേതാക്കളും വലിയ പ്രതിബദ്ധതയോടെയാണ് ഈ രംഗത്ത് പ്രവർത്തിക്കുന്നത്. നമ്മുടെ പ്രാർഥന ഏവർക്കും ശക്തിയും സംരക്ഷണവും നൽകട്ടെ.

### മാർ തോമാ ചൈതന്യവും മാതൃകയും

ഈ കോവിഡ് കാലത്തു മാർ തോമാശ്ലീഹായിൽനിന്നു നമുക്കു സ്വീകരിക്കാവുന്ന പ്രചോദനം എന്താണ് എന്നു ചിന്തിക്കുന്നതു നന്നായിരിക്കും. പന്തക്കുസ്തായിൽ പരിശുദ്ധാത്മാഭിഷേകം സ്വീകരിച്ച

ശിഷ്യന്മാർ കൂടുതൽ ശക്തി നേടി സുവിശേഷപ്രഘോഷകരും സാക്ഷികളുമായി മാറിയല്ലോ. അതേ പരിശുദ്ധാത്മ ചൈതന്യത്തിലാണു തോമാശ്ലീഹാ ഇന്ത്യയിൽ വന്നു സുവിശേഷം പ്രസംഗിച്ചതും ക്രൈസ്തവസമൂഹങ്ങൾക്കു രൂപം കൊടുത്തതും. അന്നത്തെ പലസ്തീനായിൽനിന്ന് ഇന്ത്യവരെയുള്ള യാത്രയും ഇന്ത്യയിലെ പ്രവർത്തനങ്ങളും തോമാശ്ലീഹാ നിർവഹിച്ചത് എങ്ങനെയെന്നു നമുക്ക് ഊഹിക്കാനേ സാധിക്കൂ. അടുത്തകാല ഗവേഷണങ്ങളുടെ വെളിച്ചത്തിൽ തോമാശ്ലീഹാ ഭാരതത്തിലേക്കു രണ്ട് യാത്രകൾ നടത്തിയതായി അനുമാനിക്കാൻ കഴിയും. ഒന്നാമത്തേത്, കരമാർഗം ഉത്തരഭാരതത്തിലേക്കും രണ്ടാമത്തേത് കടൽമാർഗം കേരളത്തിലേയ്ക്കും. തോമാശ്ലീഹായുടെ ഈ ധീരത കോവിഡ് കാലത്തെ എല്ലാ പ്രതിസന്ധികളെയും നേരിടുവാൻ നമുക്കു പ്രചോദനം നൽകേണ്ടതാണ്.

തോമാശ്ലീഹാ അസാധാരണമായ ധീരത തന്റെ ജീവിതത്തിൽ പ്രകടമാക്കിയിട്ടുണ്ട്. ലാസറിനെ പുനർജീവിപ്പിക്കുന്നതിന് ഉള്ളിൽ തീരുമാനിച്ചുകൊണ്ട് യൂദയായിലേക്കു പോകുവാൻ ഈശോ ആഗ്രഹിച്ചു. എന്നാൽ, അവിടത്തെ കല്ലെറിയാൻ യഹൂദർ തക്കം പാർത്തിരിക്കുന്നു എന്നു പറഞ്ഞു ശിഷ്യന്മാർ ഈശോയെ തടഞ്ഞു. അപ്പോൾ തോമാശ്ലീഹാ പറഞ്ഞു "നമുക്കും അവനോടുകൂടി പോയി മരിക്കാം" (യോഹ.11:16). പിന്നീട്, തോമാശ്ലീഹാ ഭാരതത്തിൽ വന്നു. ഈശോയോടൊപ്പം മരിച്ചുവല്ലോ. കർത്താവിന്റെ സുവിശേഷത്തെയും ജീവിതത്തെയും കുറിച്ചുള്ള രഹസ്യങ്ങൾ അവിടത്തോടുതന്നെ ചോദിച്ചു മനസിലാക്കാനുള്ള ആത്മധൈര്യവും തോമാശ്ലീഹായ്ക്കുണ്ടായിരുന്നു. ഈശോ ഈ ലോകം വിട്ടു പോകാറായി എന്നറിയിക്കുകയും പോകുന്നിടത്തേക്കുള്ള വഴി ശിഷ്യന്മാർക്ക് അറിയാമെന്നു സൂചിപ്പിക്കുകയും ചെയ്തപ്പോൾ തോമാശ്ലീഹായാണ് ഈശോയോടു ചോദിച്ചത്, "കർത്താവേ, നീ എങ്ങോട്ടാണ് പോകുന്നത് എന്ന് ഞങ്ങൾക്ക് അറിഞ്ഞുകൂടാ; പിന്നെ എങ്ങനെ വഴി അറിയും?" എന്ന്. ഈ ചോദ്യത്തിന് ഉത്തരമായാണ്, "ഞാനാകുന്നു വഴിയും സത്യവും ജീവനുമെന്ന" (യോഹ.14:6) സുപ്രധാനമായ വെളിപ്പെടുത്തൽ ഈശോ നടത്തിയത്. ഈശോയാണു മനുഷ്യർക്കു രക്ഷയുടെ മാർഗം എന്ന സത്യം നന്നായി ഗ്രഹിക്കുവാൻ ഈശോയുടെ വെളിപ്പെടുത്തൽ തോമാശ്ലീഹായ്ക്ക് ഉപകരിച്ചു. സുവിശേഷത്തിലെ തോമാശ്ലീഹായുടെ സാന്നിധ്യവും

ഇടപെടലുകളും ഈശോയിൽ വിശ്വസിക്കുന്നവർക്കു പ്രചോദനവും ധൈര്യവും പകരുന്നവയാണ്.

**ഓൺലൈൻ ശൈലി**

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സഭയുടെ പ്രവർത്തനങ്ങളുടെ ഏകോപനം സി. ബി. സി. ഐ., കെ. സി. ബി. സി., മെത്രാൻ സിനഡ്, രൂപതകൾ, സമർപ്പിതസമൂഹങ്ങൾ, സംഘടനകൾ എന്നീ തലങ്ങളിൽ ഓൺലൈനായി നടക്കുന്നുണ്ട്. ഈ വിധത്തിൽ സഭാജീവിതത്തിന്റെ സജീവത്വം നിലനിർത്തുവാൻ നമുക്കു സാധിക്കുന്നതിൽ ദൈവത്തിനു നന്ദി പറയാം. ഒരു മഹാമാരി മനുഷ്യരെ പരസ്പരബന്ധത്തിൽ നിന്ന് അകറ്റിനിർത്തുമ്പോൾ ഇന്റർനെറ്റിന്റെ സാധ്യതകൾ ഈ കാലസന്ധിയിൽ നമുക്ക് ഒരു അനുഗ്രഹമായിത്തീർന്നിരിക്കുന്നു! കോവിഡ്-19ന്റെ സാഹചര്യം മൂലം 2020 ഓഗസ്റ്റിലും 2021 ജനുവരിയിലും സഭയുടെ സിനഡ് ഡിജിറ്റൽ ഫോറത്തിലാണു നടത്തിയത്. വരുന്ന ഓഗസ്റ്റിലെ സിനഡും അങ്ങനെതന്നെ നടക്കാനാണു സാധ്യത. ഡിജിറ്റൽ ഫോറത്തിൽ സിനഡ് നടത്താനുള്ള പ്രായോഗിക നിർദ്ദേശങ്ങൾ പരിശുദ്ധ സിംഹാസനം നൽകിയിട്ടുണ്ട്.

**സഭാ വാർത്തകൾ**

നമ്മുടെ സഭയുടെ തലത്തിൽ വന്നിട്ടുള്ള ചില മാറ്റങ്ങളെക്കുറിച്ചു നിങ്ങളോടു സംസാരിച്ചുകൊള്ളട്ടെ. ഓസ്ട്രേലിയായിലെ മെൽബൺ രൂപതയുടെ അധികാരപരിധി ന്യൂസിലൻഡിലേക്കും ഓഷ്യാനിയായിലെ മറ്റു രാജ്യങ്ങളിലേക്കും വ്യാപിപ്പിച്ചകാര്യം ഇതിനകം നിങ്ങൾ അറിഞ്ഞിട്ടുണ്ടല്ലോ. പരിശുദ്ധ സിംഹാസനത്തോടു നമുക്കു നന്ദിയുള്ളവരായിരിക്കാം. മെൽബൺ രൂപതയെയും അഭിവന്ദ്യ ബോസ്കോ പുത്തൂർ പിതാവിനെയും അഭിനന്ദിക്കാം. ഭാരതത്തിലെ പുതിയ അപ്പസ്തോലിക് ന്യൂൺഷ്യോ ആയി ആർച്ച്ബിഷപ് ലെയോപോൾദോ ജിറേല്ലി കഴിഞ്ഞ മെയ് മാസം 28-ാം തീയതി ചാർജ് എടുത്തിട്ടുണ്ട്. പുതിയ അപ്പസ്തോലിക് ന്യൂൺഷ്യോയെ നമുക്കു സ്നേഹപൂർവ്വം സ്വാഗതം ചെയ്യാം. കഴിഞ്ഞ മൂന്നുവർഷങ്ങളിൽ മാർപാപ്പയുടെ പ്രതിനിധിയായി സേവനം ചെയ്ത ആർച്ച്ബിഷപ് ജംബത്തിസ്ത്ത ദിക്വാത്രോയ്ക്കു നമുക്കു നന്ദി പ്രകാശിപ്പിക്കുകയും ചെയ്യാം. സീറോമലബാർസഭാംഗങ്ങളായ മെത്രാന്മാർ ഭാരതത്തിലും വിദേശരാജ്യങ്ങളിലും ലത്തീൻ

രൂപതകളിൽ ശുശ്രൂഷചെയ്യുന്നു എന്നതു നമുക്കു സന്തോഷമുളവാക്കുന്നതാണ്. ഏറ്റവും പുതിയതായി കാഞ്ഞിരപ്പള്ളി രൂപതാംഗവും ഹെറാൾഡ്സ് ഓഫ് ഗുഡ്ന്യൂസ് സന്യാസസമൂഹാംഗവുമായ ബഹുമാനപ്പെട്ട സിബി മാത്യു പീടികയിലച്ചനെ പപ്പുവാ ന്യൂഗിനിയായിലെ ഐതപ്പെ രൂപതയുടെ മെത്രാനായി ഫ്രാൻസിസ് മാർപാപ്പ നിയമിച്ചിരിക്കുന്നു. അഭിവന്ദ്യ പിതാവിനു മാതൃസഭയുടെ അഭിനന്ദനങ്ങളും പ്രാർത്ഥനാംശസകളും!

നമ്മുടെ സഭയിലെ വൈദികപരിശീലനം ലോക്ഡൗൺ നിയന്ത്രണങ്ങൾക്കിടയിലും കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുവാൻ സെമിനാരി കമ്മീഷനുകളും സന്യാസസമൂഹങ്ങളും സെമിനാരികളിലെ ഉത്തരവാദിത്വപ്പെട്ടവരും പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. ഓൺലൈൻ ക്ലാസ്സുകൾ പുതിയ അധ്യയനവർഷത്തിൽ ആരംഭിച്ചുകഴിഞ്ഞു. വിവിധ മൈനർ സെമിനാരികളിലും മേജർ സെമിനാരികളിലും വൈദിക വിദ്യാർത്ഥികളുടെ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്നവരെ കൃതജ്ഞതയോടെ അനുസ്മരിക്കുന്നു.

വി. കുർബാനയുടെ പരിഷ്കരിച്ച തക്സാ പരിശുദ്ധ സിംഹാസനത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ് എന്ന കാര്യം അറിയിക്കട്ടെ. നമ്മുടെ സഭയിലെ യാമപ്രാർത്ഥനകളുടെ ഏകീകരണവും നവീകരണവും ലിറ്റർജി കമ്മീഷന്റെ ഇപ്പോഴത്തെ പ്രധാന കർമ്മപരിപാടിയാണ്. കോവിഡുകാലത്തെ കുട്ടികളുടെ വിശ്വാസപരിശീലന പദ്ധതികൾ നമ്മുടെ സഭയുടെ വിശ്വാസപരിശീലന കമ്മീഷൻ ഫലപ്രദമായി തയ്യാറാക്കിയിട്ടുണ്ട്. സൺഡേസ്കൂൾ ക്ലാസുകളും അധ്യാപകർക്കു വേണ്ടിയുള്ള ക്ലാസുകളും ഓൺലൈനിലൂടെ വിജയകരമായി നടക്കുന്നു. വിശ്വാസപരിശീലനക്ലാസ്സുകൾ ഉദാരതയോടെ സംപ്രേക്ഷണം ചെയ്യുന്ന ഗുഡ്നെസ്, ശാലോം, ഷെക്കെയ്ന ചാനലുകൾക്കു ഹൃദയംനിറഞ്ഞ നന്ദി!

ഏതാനും വർഷങ്ങളായി മൗണ്ട് സെന്റ് തോമസിലെ സഭയുടെ കാര്യാലയത്തിൽ നിന്ന് ഇന്റർനെറ്റ് മിഷനും മീഡിയാ കമ്മീഷനും കാലഘട്ടത്തിന്റെ ആവശ്യകതകൾ കണക്കിലെടുത്തു പല നൂതന പരിപാടികളും ആസൂത്രണം ചെയ്തു നടപ്പാക്കിവരുന്നു. നമ്മുടെ സഭയിലെ രൂപതകൾക്കും സമർപ്പിതസമൂഹങ്ങൾക്കും സംഘടനകൾക്കും വേണ്ടിയുള്ള വെബ്സൈറ്റ് നിർമാണവും സോഫ്റ്റ്വെയർ വികസിപ്പിക്കലും സീറോ

മലബാർ മാട്രിമണിയുമാണു ഇന്റർനെറ്റ് മിഷന്റെ പ്രധാന പരിപാടികൾ. മീഡിയാ കമ്മീഷന്റെ ആഭിമുഖ്യത്തിൽ 'സീറോമലബാർ വിഷൻ', 'മൗണ്ട് വിഷൻ' എന്നീ രണ്ട് ഓൺലൈൻ ബുള്ളറ്റിനുകൾ പ്രസിദ്ധീകരിക്കുന്നു. ലിറ്റർജിക്കൽ റിസർച്ച് സെന്ററിന്റെ ആഭിമുഖ്യത്തിൽ സഭാചരിത്രഗവേഷണം ആരംഭിച്ചിട്ടുണ്ട്. സീറോമലബാർ ഹെറിറ്റേജ് ആന്റ് റിസേർച് സെന്റർ എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കിവരുന്നു. സാമ്പത്തികപരാധീനതകൾ മൂലം ഈ പദ്ധതി ഉദ്ദേശിച്ച സമയത്തു പൂർത്തിയാക്കാൻ സാധിക്കുന്നില്ല. സഭയുടെ മിഷൻപ്രവർത്തനവും പ്രവാസികൾക്കായുള്ള കർമപരിപാടികളും ദൈവവിളി പ്രോത്സാഹനവും ദളിത് ക്രൈസ്തവ സ്കോളർഷിപ്പുകളും നല്ലരീതിയിൽ നടപ്പിലാക്കാൻ ബന്ധപ്പെട്ട കമ്മീഷനുകൾ ശ്രദ്ധിക്കുന്നുണ്ട്.

**ജനക്ഷേമ പ്രവർത്തനങ്ങൾ**

നമ്മുടെ സഭയിലെ എല്ലാ രൂപതകളിലും മിഷൻപ്രദേശങ്ങളിലും കോവിഡ് പ്രതിരോധത്തിനും സാമൂഹികക്ഷേമത്തിനുമായി നിരവധി പ്രവർത്തനങ്ങൾ നടക്കുന്നതിൽ സന്തോഷിക്കുന്നു. കേരളത്തിലെ സഭയിൽ സോഷ്യൽസർവീസ് ഫോറവും കാത്തലിക് ഹെൽത്ത് അസോസിയേഷനും കെ. സി. ബി. സി. ഹെൽത്ത് കമ്മീഷനും ചേർന്നു പി.ഒ.സി. കേന്ദ്രമായി കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ കാര്യക്ഷമമായി ഏകോപിക്കുന്നു. നമ്മുടെ രൂപതാസംവിധാനങ്ങളും ഇവയോടു സഹകരിച്ചു പ്രവർത്തിക്കുന്നുണ്ടല്ലോ. പ്രവാസികളുടെ ആവശ്യങ്ങൾ നിർവഹിക്കുന്നതിനും അവരുടെ ക്ലേശങ്ങൾക്കു പരിഹാരം കണ്ടെത്തുന്നതിനും സർക്കാരിനോടു സഹകരിച്ചു നമ്മുടെ രൂപതകളും സമർപ്പിതസമൂഹങ്ങളും ചെയ്യുന്ന പ്രവർത്തനങ്ങളും അഭിനന്ദനമർഹിക്കുന്നു.

സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള ക്ഷേമനിധികളിൽ നിന്നു സമൂഹത്തിലെ പാവപ്പെട്ടവരായ ആളുകൾക്കു ലഭ്യമാകാവുന്ന ക്ഷേമപദ്ധതികൾ കണ്ടെത്തി അവയെല്ലാം പ്രയോജനപ്പെടുത്തുന്നതിന് അവരെ പ്രബുദ്ധരാക്കുകയും സഹായിക്കുകയും ചെയ്യേണ്ടത് ഓരോ രൂപതയുടെയും ഉത്തരവാദിത്വമായി കാണണം. കർഷകക്ഷേമനിധി അടുത്തകാലത്തു സർക്കാർ ഏർപ്പെടുത്തിയിരിക്കുന്ന ഒരു നല്ല പദ്ധതിയാണ്. ചെറുകിട കർഷകരെ ഈ ക്ഷേമനിധിയിൽ അംഗങ്ങളാക്കി അതിന്റെ പ്രയോജനം എടുക്കുവാനും സഭാശുശ്രൂഷകർ നേതൃത്വം നൽകേണ്ടതാണ്.

കാലവർഷക്കെടുതികൾ ഉണ്ടാകുന്ന സന്ദർഭമാണല്ലോ ജൂൺ, ജൂലൈ, ഓഗസ്റ്റ് മാസങ്ങൾ. അവയെ നേരിടുവാനും നാം ഒത്തൊരുമിച്ചു പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

**അർഹമായ അവകാശങ്ങൾ**

ന്യൂനപക്ഷാവകാശങ്ങളുടെ വിതരണത്തിൽ ആനുപാതികമായതും ന്യായമായതും ആർക്കും നിഷേധിക്കപ്പെടാതിരിക്കാൻ സർക്കാർ പ്രതി ബദ്ധതയോടെയും സമഭാവന യോടെയും പ്രവർത്തിക്കണം. അതു പോലെ സംവരേണതര വിഭാഗത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കുള്ള സംവരണവും സംരക്ഷിക്കപ്പെടേണ്ടതുണ്ട്. ഇവിടെയെല്ലാം ലത്തീൻ കത്തോലിക്കർക്കും ദളിത് ക്രൈസ്തവർക്കും ഇതര സമുദായ ങ്ങൾക്കും അർഹതപ്പെട്ടത് ഒരു കുറവും കൂടാതെ ലഭിക്കണമെന്നതാണു നമ്മുടെ നിലപാട്. ഭരണഘടനയും ജനാധിപത്യ ഭരണവ്യവസ്ഥിതിയും നൽകുന്ന അർഹമായ അവകാശങ്ങൾ വ്യവ സ്ഥാപിത സംവിധാനങ്ങളിലൂടെയാണ് നേടിയെടുക്കേണ്ടത്. അതിന്റെ പേരിൽ മതങ്ങൾ തമ്മിലും സമുദായങ്ങൾ തമ്മിലും കേരളത്തിൽ നില നിൽക്കുന്ന സൗഹാർദാന്തരീക്ഷം തകർക്കുന്ന യാതൊരു സമീപനവും ആരുടെയും ഭാഗത്തു നിന്നുണ്ടാകരുത്. സാമൂഹ്യമാധ്യമങ്ങളിലൂടെ യുള്ള പ്രതികരണങ്ങളിൽ മിതത്വവും ക്രൈസ്തവ സമീപനവും നഷ്ട പ്പെടുത്താതിരിക്കാൻ ഏവർക്കും കരുതലുണ്ടാകണം. സാമൂഹിക വിഷയങ്ങളിൽ സഭയുടെ പബ്ലിക് അഫേയേഴ്സ് കമ്മീഷൻ കാര്യ ക്ഷമമായ ഇടപെടലുകൾ യഥാസമയം നടത്തുന്നുണ്ട്. സമുദായ സംഘടന എന്ന നിലയിൽ കത്തോലിക്കാ കോൺഗ്രസും ഈ വിഷയങ്ങളിൽ ജാഗ്രത പുലർത്തുന്നു.

**അവസാനമായി**

കോവിഡ് മഹാമാരിയിൽനിന്നു മോചിതരാകാൻവേണ്ടി നമ്മുടെ പ്രത്യേക പ്രാർത്ഥനകളും ആരാധനയും തുടർന്നും നടത്തേണ്ടതാണ്. എല്ലാക്കാര്യങ്ങളും മനുഷ്യന്റെ മാത്രം കഴിവുകൾകൊണ്ടു സാധിക്കുന്ന തല്ല എന്ന തിരിച്ചറിവും ഈ കാലഘട്ടം നമുക്കു നൽകുന്നുണ്ട്. "കർത്താവാണ് എന്റെ ഇടയൻ, എനിക്ക് ഒന്നിനും കുറവുണ്ടാകില്ല... മരണത്തിന്റെ നിഴൽ വീണ താഴ്വരയിലൂടെയാണ് ഞാൻ നടക്കുന്ന തെങ്കിലും അവിടന്ന് കൂടെയുള്ളതിനാൽ ഞാൻ ഭയപ്പെടില്ല" (സങ്കീ. 23:1–4). നമുക്കു ദൈവത്തിൽ ആശ്രയിക്കാം. നല്ല സമരിയാക്കാരനെ

പ്പോലെ ഏതെങ്കിലും രീതിയിൽ നമ്മുടെ ശുശ്രൂഷകൾ ആവശ്യമുള്ള വർക്കു നൽകുവാൻ സമർപ്പണ മനോഭാവത്തോടെ നമുക്കു പരി ശ്രമിക്കാം.

ജൂലൈ മൂന്നാം തീയതി വിശുദ്ധകുർബാനയുടെ അനുഭവം ഏതെ ങ്കിലും രീതിയിൽ എല്ലാവർക്കും നൽകുവാൻ ബഹു. വൈദികർ ശ്രദ്ധി ക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അതുപോലെതന്നെ കഴിയുന്നിട ത്തോളം ഓൺലൈൻ പരിപാടികൾ സംഘടിപ്പിച്ചു സഭാമക്കളുടെ കൂട്ടായ്മ പരിപോഷിപ്പിക്കുവാൻ പരിശ്രമിക്കേണ്ടതാണ്.

എല്ലാവർക്കും ദുക്റാനാ തിരുനാളിന്റെയും സഭാദിനത്തിന്റെയും മംഗ ളങ്ങൾ ആശംസിച്ചുകൊണ്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാ ത്മാവിന്റെയും നാമത്തിൽ നിങ്ങളെ ഞാൻ സ്നേഹപൂർവം ആശീർ വദിക്കുന്നു.

കാക്കനാട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2021-ാം ആണ്ട് ജൂൺ മാസം 21-ാം തീയതി നല്കപ്പെട്ടത്.

**കർദിനാൾ ജോർജ് ആലഞ്ചേരി**
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ്

.............................................

N.B.: ഈ ഇടയലേഖനം ജനത്തോടൊപ്പം ആരാധനാകർമ്മങ്ങൾ നടക്കുന്ന പള്ളികളിൽ ഞായറാഴ്ച കുർബാനമദ്ധ്യേ വായിക്കു ന്നതിനും, ഇടവകയുമായി ബന്ധപ്പെട്ട സാമൂഹികസമ്പർക്ക മാധ്യമ ങ്ങൾ/ ഇതര മാർഗ്ഗങ്ങൾ വഴി ഇടവകാംഗങ്ങളെ അറിയിക്കുന്നതിനു മായി നൽകിയത്.

Ref: 3515/K-5/KCBC/OL/DS 08.06.2021

# ലോക മാധ്യമദിനസന്ദേശം 2021

### "വന്ന് കാണുക" (വി. യോഹ. 1-46)

### ലോക മാധ്യമദിനത്തോടനുബന്ധിച്ച് ഫ്രാൻസിസ് പാപ്പാ നല്കുന്ന സന്ദേശം

*ജനങ്ങൾ എവിടെ എങ്ങനെയായിരിക്കുന്നോ, അങ്ങനെതന്നെ അവരെ കണ്ടുമുട്ടി സംവദിക്കുക.*

പ്രിയ സഹോദരീ സഹോദരന്മാരേ,

"വന്ന് കാണുക" എന്ന ക്ഷണം യേശുവിന്റെ ശിഷ്യന്മാരുമായുള്ള ചലനാത്മകമായ അഭിമുഖങ്ങളിൽ ഒന്നും, മനുഷ്യർ തമ്മിലുള്ള അകൃത്രിമമായ സംവേദന രീതികളിൽ ഒന്നുമാണ്. 'ചരിത്രമാകുന്ന ജീവിതമെന്ന' സത്യം പ്രചരിപ്പിക്കാൻ (24 ജനുവരി 2020-ലെ ആഗോളവാർത്താ വിനിമയ ദിനത്തിലെ സന്ദേശത്തിൽ നിന്നുമുള്ള റഫറൻസ്). "നേരത്തെതന്നെ നമുക്കറിയാം" എന്ന അലംഭാവപൂർവകമായ മനഃസ്ഥിതിയിൽനിന്നും നാമെല്ലാവരും മാറി മുന്നോട്ട് പോവേണ്ടതായിരിക്കുന്നു. ഇതിന് പകരം, ചിലപ്പോഴെങ്കിലും നമ്മൾ തന്നെ ആശ്ചര്യപ്പെട്ട് പോവുന്ന രീതിയിൽ കേൾക്കുകയും, കാണപ്പെടുകയും ചെയ്യുന്ന, ജീവിക്കുന്ന മനുഷ്യരുടെ കഥകളും കാര്യങ്ങളും അറിയാനായി നമ്മൾ തന്നെ അവരെ അവർ എവിടെയായിരിക്കുന്നുവോ, അവിടെപോയി അഭിമുഖീകരിക്കുകയും സംവദിക്കുകയും വേണം, അതിനായി നമ്മൾ നമ്മുടെ സമയം കണ്ടെത്തുകയും ഉപയോഗിക്കുകയും വേണം. 2010-ൽ വാഴ്ത്തപ്പെട്ട സ്പാനിഷ് പത്രപ്രവർത്തകനായ മാന്വേൽ ലോസാനോ ഗാരീഡോ (1920-1971) തന്റെ സഹപത്രപ്രവർത്തകർക്ക് നൽകിയ ഉപദേശമിങ്ങനെയായിരുന്നു. "നിങ്ങൾ കാണുന്നത് കാണുവാനായി വിസ്മയ കൗതുകങ്ങളോടെ വേണം നിങ്ങൾ നിങ്ങളുടെ കണ്ണുകൾ തുറക്കുവാൻ... നിങ്ങൾ വസ്തുക്കളെ സ്പർശിക്കുന്നത് അവയുടെ നൂതനത്വവും ചേതനയും ഓജസ്സും അറിയുവാൻ വേണ്ടിയായിരിക്കണം. കാരണം, എന്നാൽ മാത്രമേ മറ്റുള്ളവർ നിങ്ങളെഴുതിയത് വായിക്കുമ്പോൾ അവർക്ക് ജീവന്റെ ചൈതന്യത്തിന്റെ ഊർജസ്വലമായ ആ അത്ഭുതം സ്പർശിച്ചറിഞ്ഞ് ആസ്വദിക്കാനായി സാധിക്കുകയുള്ളൂ.

ആയതിനാൽ, ഈ വർഷത്തെ എന്റെ ഈ സന്ദേശം ഞാൻ 'വന്നു കാണുക' എന്ന ക്ഷണത്തിന് സമർപ്പിക്കാനാഗ്രഹിക്കുന്നു. കാരണം, വ്യക്തവും സ്പഷ്ടവും സത്യസന്ധവുമായ എല്ലാ ആശയ-വാർത്താ വിനിമയങ്ങൾക്കും പ്രചോദന പ്രേരകങ്ങളായി വർത്തിക്കാനിതിന് ഊർജ്ജമുണ്ട് - അത് പത്രമാസികകളിലാവട്ടെ, ഇന്റർനെറ്റിലാവട്ടെ, പള്ളികളിലെ ദൈനംദിന പ്രഭാഷണങ്ങളിലാവട്ടെ, ഏതിലുമാവട്ടെ.... ഗലീലി കടൽ തീരങ്ങളിലും ജോർദ്ദാൻ നദീതടങ്ങളിലും നിന്നും ആരംഭിച്ച അഭിമുഖസമാഗമങ്ങളിലൂടെ ക്രിസ്തീയ വിശ്വാസം പടർന്ന് പ്രചരിച്ചതും ഇങ്ങനെ തന്നെയാണ് - വന്നു കാണുക എന്ന ക്ഷണത്തിലൂടെ. "നിരത്തുകളിലേക്കിറങ്ങുക" വാർത്താവിനിമയവിതരണത്തിലെ ഇപ്പോഴത്തെ പ്രധാന പ്രശ്നത്തിലേക്ക് നമുക്കാദ്യം ശ്രദ്ധ തിരിക്കാം.

അന്തർലീനോദ്ദേശ്യങ്ങളുള്ള ചില പ്രത്യേക രീതികളിലുള്ള ആഖ്യാനങ്ങളും വിവരണങ്ങളും റേഡിയോ, ടി.വി., പത്രങ്ങൾ, ഇന്റർനെറ്റ് എന്നീ മാധ്യമങ്ങളിൽ കൂടുതൽ സ്ഥാനം പിടിക്കുന്നതിന്റേയും, മൗലികമായ അന്വേഷണാത്മക വാർത്താവിവരണങ്ങൾ അതിന്റെ പേരിൽ ഒഴിവാക്കപ്പെടുന്നതിന്റേയും ആപത്ത് സൂചനകൾ, ദീർഘദൃഷ്ടികളും, ഉൾക്കാഴ്ചയുള്ളവരുമായ പ്രഗൽഭർ വളരെനാളായി നമ്മളെ അറിയിച്ച് കൊണ്ടിരിക്കുകയായിരുന്നു. ഈ രീതികൾ, താഴേക്കിടയിലെ സത്യാവസ്ഥകളും സാമൂഹിക വ്യവസ്ഥകളിലെ അഭൂതപൂർവ്വമായ ചെറുതും വലുതുമായ വ്യതിയാനങ്ങളും, മനുഷ്യരുടെ ദൈനംദിന കഷ്ടപ്പാടുകളും വേദനകളും നിറഞ്ഞ ജീവിതങ്ങളെ ഒപ്പിയെടുക്കുന്നതിൽ വിജയിക്കാൻ സാധ്യതകൾ കുറവാണെന്ന നുമാനിക്കാം. പ്രസാരണ-പ്രസിദ്ധീകരണ വ്യവസായത്തിലെ ഇപ്പോഴുള്ള പ്രതിസന്ധികൾ വിരൽ ചൂണ്ടുന്നത്, വ്യക്തിയുടെയോ, സ്ഥാനങ്ങളുടെയോ, സാമൂഹ്യ മാധ്യമങ്ങളിലെ കമ്പ്യൂട്ടറുകളിലൂടെ മാത്രം സൃഷ്ടിക്കപ്പെടുന്ന സംഭവവിവരണങ്ങളാണ് - "നിരത്തിലേക്കിറങ്ങുകയോ", ജനങ്ങളെ മുഖാഭിമുഖം കാണാതെ, സംസാരിക്കാതെ, സംഭവപരമ്പരകൾ, സാഹചര്യങ്ങൾ ശരിയാണോ, സത്യമാണോയെന്ന് ഒന്ന് വ്യക്തമാക്കാൻ പോലും സാധിക്കാതെ പടച്ചുവരുന്ന വിവരണങ്ങൾ. നമ്മൾ നിരത്തിലിറങ്ങി ജനങ്ങളെ അഭിമുഖീകരിക്കുന്ന രീതികൾ അവലംബിച്ചില്ലെങ്കിൽ, നമ്മൾ സാങ്കേതിക വിദ്യകളിലഭിരമിക്കുന്ന വെറും കാഴ്ചകാരായി മാറുമെന്ന ആപത്ത് നിലനിൽക്കുന്നു. ഏതൊരു സാങ്കേതിക ഉപകരണസാമഗ്രികളും നമ്മളെ 'നിരത്തിലിറങ്ങാനും',

അല്ലാതെ അറിയാൻ സാധിക്കാത്ത വസ്തുതകളെ നേരിട്ട് പോയി അറിയാനും, മുഖാഭിമുഖം സംവദിച്ച് മനസ്സിലാക്കാനും സഹായിക്കുകയോ പ്രചോദിപ്പിക്കുകയോ വേണ്ടതാണെന്ന് വേണം മനസ്സിലാക്കാൻ.

### "സുവിശേഷങ്ങൾ വാർത്താവിശേഷങ്ങളാവുമ്പോൾ"

ജോർദ്ദാൻ നദീതടങ്ങളിൽവച്ച് ജ്ഞാനസ്നാനം സ്വീകരിച്ചതു മുതൽ, തന്നെ ജിജ്ഞാസാപരമായി പിന്തുടർന്ന അനുയായികളോട് യേശു ആദ്യമായുച്ചരിച്ചത് 'വന്നു കാണുക' എന്ന വാക്കുകളാണ് (വി. യോഹ. 1:39). ഈ വാക്കുകളിലൂടെ താനുമായുള്ള ഒരു സ്നേഹാധിഷ്ഠിത ബന്ധത്തിലേക്കാണവരെ യേശു ക്ഷണിച്ചത്. പിന്നീട് അൻപത് വർഷങ്ങൾക്കിപ്പുറം, വാർദ്ധക്യത്തിലേക്ക് പ്രവേശിച്ചശേഷം വി. യോഹന്നാൻ തന്റെ സുവിശേഷ രചനയിലേക്ക് തിരിഞ്ഞപ്പോൾ, തന്റെ ജീവിതത്തെ തന്നെ മാറ്റിമറിച്ച ഒരുപാട് സന്ദർഭങ്ങളും, സംഭവങ്ങളും വിവരിക്കുന്നത് നമുക്ക് മനസ്സിലാക്കി തരുന്നത്, അദ്ദേഹം അതിലെല്ലാം ഒരുയർന്ന 'വാർത്താമൂല്യം' ദർശിച്ചു എന്നതും അതിലുപരി ആ സാഹചര്യസന്ദർഭങ്ങളിൽ വി. യോഹന്നാൻ വ്യക്തിപരമായി സന്നിഹിതനായിരുന്നു എന്നതാണ് 'അപ്പോൾ ഏകദേശം പത്താം മണിക്കൂർ ആയിരുന്നു' വി. യോഹന്നാൻ ഓർത്തെടുക്കുന്നു ഏകദേശം വൈകുന്നേരം 'നാല് മണിയായി കാണും'. അടുത്ത ദിവസം – വി. യോഹന്നാൻ വീണ്ടും നമ്മോട് പറയുന്നു – നഥാനിയിലിനോട് ഫിലിപ്പ് പ്രവാചകനെ കണ്ടുമുട്ടിയത് വിവരിക്കുമ്പോൾ – നഥാനിയേലിന് സംശയമുണരുന്നു – 'നസറത്തിൽ നിന്നെന്തെങ്കിലും നന്മ ഉൽഭവിച്ചു വരുമോ' എന്ന്. ഫിലിപ്പ് യാതൊരു വാദഗതികളുമുപയോഗിച്ച് നഥാനിയേലിനെ ജയിക്കാൻ ശ്രമിക്കാതെ അവനോട് പറയുന്നത് 'വന്നു കാണുക' എന്നു മാത്രമാണ്. അങ്ങനെ ചെന്നു കണ്ട നഥാനിയേലിന്റെ ജീവിതം ആ നിമിഷം മുതൽ മാറ്റിമറിക്കപ്പെട്ടു. അങ്ങനെയാണ് ക്രിസ്തീയ വിശ്വാസം പുലരുന്നതും, ആരംഭിക്കുന്നതും – അത് കിംവദന്തികളിലോ, കേട്ടു കേൾവികളിലോ അല്ല – പക്ഷേ നേരിട്ടനുഭവങ്ങളിലും, അടുത്തറിഞ്ഞ് ശക്തിപ്പെടുന്ന അവബോധങ്ങളിലും ആണ്. സമരിയാക്കാരി സ്ത്രീയോട് അവരുടെ നാട്ടുകാർ, യേശു അവരുടെ ഗ്രാമത്തിൽ ജീവിച്ചതിന് ശേഷം പറഞ്ഞതിങ്ങനെയാണ് – "ഇനിമേൽ ഞങ്ങൾ വിശ്വസിക്കുന്നത് നിന്റെ വാക്കുമൂലമല്ല. കാരണം ഞങ്ങൾ തന്നെ നേരിട്ട് ശ്രവിക്കുകയും, ഇവനാണ് യഥാർത്ഥത്തിൽ ലോകരക്ഷകൻ

എന്ന് മനസ്സിലാക്കുകയും ചെയ്തിരിക്കുന്നു (വി. യോഹന്നാൻ 4:42). "വന്നു കാണുക" എന്നത് ഒരു സാഹചര്യത്തെ, സന്ദർഭത്തെ മനസ്സിലാക്കാൻ ഏറ്റവും ലളിതസുന്ദരമായ ഒരു മാർഗ്ഗമാണ്. എല്ലാ സന്ദേശങ്ങളുടെയും പരീക്ഷകൾക്കുതകിയ ഏറ്റവും സത്യസന്ധമായ രീതിയാണ്, കാരണം - തിരിച്ചറിയാൻ, നമ്മുടെ മുൻപിലുള്ള വ്യക്തി നമ്മളോട് തുറന്ന് സംസാരിക്കാൻ, അവരുടെ സത്യസന്ധമായ സാക്ഷ്യം നമ്മിലെത്താൻ നമ്മൾ അവരെ ചെന്നു കണ്ട് മുഖാഭിമുഖം ഇടപെടുകതന്നെ വേണം.

**ധൈര്യശാലികളായ കുറേ പത്രപ്രവർത്തകർക്ക് നന്ദി**

പരമാർത്ഥങ്ങളെ അടയാളപ്പെടുത്തി വിവരിക്കേണ്ടതിനാൽ - പത്രപ്രവർത്തനം നടത്തുന്നതിന് അവശ്യം വേണ്ട ഒരു കഴിവാണ് വേറെ ആരും കടന്നുചെല്ലാനായി ആലോചിക്കുകപോലും ചെയ്യാത്ത ഇടങ്ങളിലേക്ക് കടന്നു ചെല്ലുക എന്നത്. പുറപ്പെടാനും വേണ്ട ഒരുങ്ങലും, കാണുവാനും വീക്ഷിക്കാനുമുള്ള അദമ്യമായ ആഗ്രഹവും. തങ്ങളുടെ ജീവിതങ്ങൾക്കുള്ള അപകട ആപത്ത് സാധ്യതകളും തിരിച്ചറിഞ്ഞിട്ടുപോലും തങ്ങളുടെ കർത്തവ്യങ്ങൾ ദൈനംദിനം, നിരന്തരം നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന - പത്രപ്രവർത്തകർ, പത്രാധിപ പ്രസാധകർ, ക്യാമറ വിദഗ്ദർ, സംവിധായകർ - അങ്ങനെയുള്ള എല്ലാവരോടും അവരുടെ സ്ഥൈര്യമായ നിർഭയത്വത്തിനും, പ്രതിജ്ഞാബദ്ധതയ്ക്കും നമ്മൾ നന്ദിയുള്ളവരായിരിക്കാൻ കടപ്പെട്ടവരാണ്. പരിഗണിക്കപ്പെടാതിരിക്കുമായിരുന്ന യുദ്ധങ്ങളിൽ ചിലതെങ്കിലും, പ്രകൃതിക്കും, പാവപ്പെട്ടവർക്കുമെതിരേ പലയിടങ്ങളിൽ സംഭവിക്കുന്ന അനീതികളും, അടിച്ചമർത്തലുകളും ലോകത്തിന്റെ പലയിടങ്ങളിലും പീഡിപ്പിക്കപ്പെടുന്ന ന്യൂനപക്ഷങ്ങൾ കാലാകാലങ്ങളായി സഹിക്കുന്ന കഷ്ടപ്പാടുകളുമെല്ലാം - ഇവയെല്ലാം ഇവരുടെ പ്രവർത്തനങ്ങളിലൂടെയാണ് നാമെല്ലാവരും ബോധവാന്മാരാവുന്നത്. ഇങ്ങനെയുള്ള ഉച്ചത്തിലുള്ള ശബ്ദങ്ങൾ മാഞ്ഞുപോവുക അല്ലെങ്കിൽ ദുർബലപ്പെടുക എന്നത് കേവലം പത്രപ്രവർത്തന മണ്ഡലത്തിന് മാത്രമല്ല, മറിച്ച് സമൂഹങ്ങൾക്കും, സകല ജനാധിപത്യങ്ങൾക്കും തീരാനഷ്ടങ്ങളായി തീർന്നേനേ. സകല മനുഷ്യകുലത്തിന് തന്നെ അതൊരു വീര്യം കെടുത്തി ദരിദ്രാവസ്ഥയിലെത്തിക്കുമായിരുന്ന ഒരു വിപത്തായി മാറിപോകുമായിരുന്നു.

ലോകത്തിലുരുത്തിയിരുന്ന ചില സംഭവങ്ങളിലെങ്കിലും, പ്രത്യേകിച്ച് ഇപ്പോഴുള്ള ഈ മഹാമാരിയുടെ സമയത്താണ് എങ്കിൽപോലും, വാർത്താവിനിമയവിതരണ മണ്ഡത്തിലുള്ളവരെ 'വന്നു കാണുക' എന്ന് ക്ഷണിക്കുന്നുണ്ട്. രണ്ട് കണക്കുപുസ്തകങ്ങളെപ്പോഴും സൂക്ഷിക്കുന്ന സമ്പന്ന രാജ്യങ്ങളുടെ വീക്ഷണ കോണുകളിലൂടെയും ഭൂതക്കണ്ണാടികളിലൂടെയും മാത്രം എല്ലാ പ്രതിസന്ധികളെയും ഈ മഹാമാരിയേയും നോക്കിക്കാണുന്ന തരത്തിലുള്ള വാർത്താകുറിപ്പുകളുടെ ആപത്ത് സൂചനകൾ നമ്മുടെ മുൻപിലുണ്ട്. ഉദാഹരണത്തിന്, കൂടുതൽ ദരിദ്രരായ ജനങ്ങളെ രോഗപ്രതിരോധ കുത്തിവയ്പിൽനിന്ന് ഒഴിവാക്കപ്പെടുന്ന സാഹചര്യങ്ങളെ ചോദ്യം ചെയ്യുന്നത് ആഫ്രിക്കയിലെയും, ലാറ്റിനമേരിക്കയിലെയും, ഏഷ്യയിലെയും ദരിദ്ര ഗ്രാമങ്ങളിലെ പാവപ്പെട്ടവർ ചികിത്സയ്ക്ക് വേണ്ടി ചിലപ്പോഴെങ്കിലും മരണം വരെ കാത്തുനിൽക്കേണ്ടി വരുന്നത് വേറെ ഏത് മേഖലയിലുള്ളവരാണ് നമ്മെ ബോധവാന്മാരാക്കുക? ആഗോളതലത്തിൽ തന്നെ നിലനിൽക്കുന്ന സാമൂഹിക സാമ്പത്തിക ഭിന്നതകൾ, കോവിഡിനെതിരായ രോഗപ്രതിരോധ കുത്തിവെയ്പ്പുകളുടെ വിതരണത്തിന്റെ നയങ്ങൾ രൂപീകരിക്കപ്പെടുന്നതിന്റെ ആപത്ത് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നുണ്ടല്ലോ. അങ്ങനെ സംഭവിക്കുമ്പോൾ ദരിദ്രർ എപ്പോഴും പിന്തള്ളപ്പെടുകയും, അവസാനം മാത്രം പരിഗണിക്കപ്പെടുകയും ചെയ്യുന്നത്, ''സാർവ്വത്രിക ആരോഗ്യപരിപാലനം'' തത്ത്വത്തിലെല്ലാവരും സമ്മതിച്ചിട്ടുള്ളതാണെങ്കിലും യഥാർത്ഥ തലത്തിലെത്തുമ്പോൾ കീഴ്മേൽ മറിഞ്ഞു പോവുന്നതിന്റെ ഉത്തമോദാഹരണമാണ്. എങ്കിലും സമൃദ്ധിയിലും സമ്പന്നതയിലും ജീവിക്കാൻ സൗഭാഗ്യപ്പെട്ടവരുടെ കാഴ്ചയുടെയും അവബോധത്തിന്റെയും തലങ്ങളിൽ - കുറേ കുടുംബങ്ങൾ ദാരിദ്ര്യത്തിലേക്ക് വഴുതി വീഴുന്നത് പലപ്പോഴും മറയ്ക്കപ്പെടുന്നു - അതൊരു സാമൂഹിക വിപത്തായിട്ടു പോലും... ദരിദ്രർ ഒരു പൊതി ഭക്ഷണസാധനങ്ങൾക്കുവേണ്ടി ജീവകാരുണ്യ സ്ഥാപനങ്ങളുടെ മുൻപിൽ വരിവരിയായി നിന്ന് കൈനീട്ടുന്നത് ഒരു നാണകേടായി പോലും കരുതാത്തത് ഒരു വാർത്തയേ അല്ലാതാവുന്നു.

## ഇന്റർനെറ്റിന്റെ സാധ്യതകളും ചതിക്കുഴികളും

ഇന്റർനെറ്റിന് അതിന്റെ കണക്കറ്റ സാമൂഹിക മാദ്ധ്യമ ആവിഷ്ക്കാര ശക്തികളാൽ വാർത്തകളുടെ വിതരണത്തിലും പങ്ക് വെക്കലുകളിലും ഒരുപാട് വിസ്തൃതികളും ശേഷികളും വർദ്ധിക്കാനാകുമെന്ന്

ഉറപ്പാണല്ലോ. അത് ലോകത്തിന്മേൽ ഒരുപാട് കണ്ണുകളുള്ളതിനാലും, ഇടതടവില്ലാതെ ചിത്രങ്ങളും, കുറിപ്പുകളും പങ്കുവയ്ക്കപ്പെടുന്നതിനാലുമാണ്. ഡിജിറ്റൽ സാങ്കേതികവിദ്യ നമുക്ക് നൽകുന്ന സാധ്യതകൾ അപാരമാണ് - പ്രത്യേകിച്ച് സമയോചിതമായി ലഭിക്കുന്ന - ഇടനിലക്കാരില്ലാതെ നേരിട്ട് ലഭിക്കുന്ന - സ്ഥിതിവിവരണക്കുറിപ്പുകൾ. ഇത്തരുണത്തിൽ ലോകത്തിൽ പലയിടത്തും നടന്ന അത്യാഹിത- അടിയന്തിര സാഹചര്യങ്ങളിൽ ഇന്റർനെറ്റ് സൗകര്യങ്ങളാൽ ആ സാഹചര്യങ്ങൾ ലോകത്തിന് മുമ്പ് വെളിവാക്കപ്പെട്ടതും, ഔപചാരിക വിവരങ്ങൾ പ്രചരിപ്പിക്കാനായതും നമുക്കോർക്കാം. ഇന്റർനെറ്റ് വളരെ പ്രാഭവമുള്ള ഒരു ഉപകരണ സാമഗ്രി ആയതിനാലും, അതിന്റെ സാധ്യതകൾ ബഹിർമുഖമായതിനാലും, നമ്മളേവരും അതിനെ വളരെ ഉത്തരവാദപ്പെട്ട രീതിയിൽ ഉപയോഗിക്കേണ്ടതുമാണ്. ഉപഭോക്താവെന്ന നിലയിലും ഉടമസ്ഥനെന്ന നിലയിലും. നമുക്കെല്ലാവർക്കും, യാഥാസ്ഥിതിക മാധ്യമങ്ങളിൽനിന്നും മറഞ്ഞുപോകുന്ന സംഭവങ്ങൾക്ക് ഇന്റർനെറ്റ് വഴി സാക്ഷികളാവാനും, സമൂഹത്തിന് കുറേയധികം സംഭവവിവരണങ്ങളും, സത്യാവസ്ഥകളും പങ്കുവയ്ക്കാനും, സകാരാത്മങ്ങളായ കഥകൾ വിവരിക്കാനുമുതകുന്നു ഇന്റർനെറ്റ് സൗകര്യങ്ങൾ. ഇതേ ഇന്റർനെറ്റ് വഴി തന്നെ, നമ്മൾ കാണുന്നതും, സാക്ഷ്യം വഹിക്കുന്നതുമായ എല്ലാ സംഭവങ്ങളും വിവരിച്ച് നൽകാനും, മറ്റുള്ളവരുമായ് പങ്കുവെക്കുവാനും നമുക്കാവുന്നുണ്ട്.

അതേസമയം തന്നെ, വഴിതെറ്റിക്കുന്നതും, അസത്യവുമായ കാര്യങ്ങൾ സാമൂഹിക മാദ്ധ്യമങ്ങളിലൂടെ അതിവേഗം പങ്കുവെയ്ക്കപ്പെടുന്നതിനും നമ്മൾ സാക്ഷികളാവുന്നുണ്ടല്ലോ. പലപ്പോഴും ഇത്തരത്തിലുള്ള അസത്യപ്രചരണങ്ങൾ സ്വയമാരാധനയ്ക്കും സ്വയംലാഭത്തിനും വേണ്ടി മാത്രമാകുന്നുവെന്നും നമ്മളറിയുന്നു. ഇങ്ങനെ വിമർശിക്കുന്നത് ഇന്റർനെറ്റ് എന്ന സങ്കേതത്തെ തള്ളിക്കളയാനോ, ഒഴിവാക്കാനോ അല്ല, മറിച്ച് നമ്മുടെ ഉപയോഗം വിവേചനബുദ്ധിയിലധിഷ്ഠിതമായ വേർതിരിച്ചറിയലുകൾ ഉപയോഗിച്ച് ശക്തിയാർജ്ജിക്കാൻ മാത്രമാണ്. നമ്മുടെ ആശയവിനിമയങ്ങൾക്ക് നമ്മൾ തന്നെ ഉത്തരവാദികൾ, നമ്മൾ നൽകുന്ന വിവരണങ്ങളും, അസത്യപ്രചരണത്തിന്റെമേൽ അപ്പോഴാണ് നമുക്ക് നിയന്ത്രണാധികാരം പ്രയോഗിക്കാനും, വെളിവാക്കാനും സാധിക്കുന്നതും. നാമെല്ലാവരും സത്യത്തിന് സാക്ഷ്യം വഹിക്കാൻ വിളിക്കപ്പെട്ടവരാണ് - പോകാനും, പോയി സാക്ഷ്യം വഹിക്കാനും, സത്യ സാക്ഷ്യം പങ്കുവെക്കാനും.

**നേരിട്ട് കാണുന്നതിനെ ഒന്നിനും മാറ്റിവെയ്ക്കാനാവില്ല**

ആശയ-വാർത്താവിനിമയ മേഖലയിൽ വ്യക്തിപരമായി നേരിട്ട് കാണുന്നതിനെ പകരം വെക്കാനായ് ഒന്നുമില്ല എന്നതാണ് വസ്തുത. നമ്മൾ വാക്കുകളിലൂടെ മാത്രമല്ല ആശയവിനിമയം ചെയ്യുന്നത്: നമ്മുടെ കണ്ണുകളാലും, അംഗവിക്ഷേപങ്ങളാലും, നമ്മുടെ സ്വരഭേദങ്ങളാലും ശബ്ദധ്വനികളാലുമാണ്. യേശുവിനെ കണ്ടുമുട്ടിയവർ അവനിൽ ഹൃദയഹാരിയായി ദർശിച്ചത് അവന്റെ സത്യപ്രചാരത്തിലായിരുന്നു. എങ്കിലും അതിന്റെ പ്രഭാവസിദ്ധി - അവനെങ്ങനെ അവരെ നോക്കിയിരുന്നു, അവരോടെങ്ങനെ പെരുമാറിയിരുന്നു, അവനെങ്ങനെ എപ്പോൾ നിശബ്ദനായിരുന്നു എന്നതിനെയെല്ലാം ആശ്രയിച്ചിരുന്നു. അല്ലെങ്കിൽ അവയൊന്നും അവനിൽനിന്നും വേർപ്പെടുത്തിയെടുക്കാനാവാതെ അഭേദ്യമായിരുന്നു. യേശുവിന്റെ ശിഷ്യർ അവനെ ശ്രവിച്ചിരിക്കുക മാത്രമല്ല അവന്റെ സംസാരങ്ങളെ, സംസാരരീതികളെ വീക്ഷിക്കുമായിരുന്നു. വചനം അവതാരമെടുത്ത അവനിൽ - യേശുവിൽ വചനം ഒരു മുഖമെടുത്ത്, അദൃശ്യരൂപമായിരുന്ന ദൈവം തന്നെത്തന്നെ വെളിപെടുത്തി, ശ്രവ്യമാക്കി, സ്പർശയോഗ്യമാക്കപ്പെട്ടതായ് വി. യോഹന്നാൻ തന്നെ വെളിപെടുത്തുന്നു (1 യോഹന്നാൻ 1:1-13). 'വചനം' കാണപ്പെടുമ്പോഴാണ് കൂടുതൽ പ്രഭാവമുള്ളതാവുന്നത്; അനുഭൂതികളിലൂടെ ഹൃദയഹാരി യാവുമ്പോഴാണ് സംഭാഷണങ്ങളിലൂടെ വചനം വിളങ്ങുന്നതും. ഈ വസ്തുത മൂലം 'വന്ന് കാണുക' എന്ന ക്ഷണം അന്നും ഇന്നും പ്രബലമാണ്, സത്യസന്ധവുമാണ്.

നമുക്കറിയാം, നമ്മുടെ ഈ കാലഘട്ടത്തിലും എത്രമാത്രം പൊള്ളയായ വാഗ്പാടവങ്ങളാണ് നിറഞ്ഞ് കവിഞ്ഞ് പെരുകിയിരിക്കുന്നതെന്ന് - എല്ലാ മേഖലകളിലും - പൊതുജീവിതത്തിൽ, വ്യവസായവാണിജ്യമായാലും - രാഷ്ട്രീയത്തിലായാലും. വില്ല്യം ഷേക്സ്പിയറിന്റെ 'വെനീസിലെ വ്യാപാരി' എന്ന നാടകത്തിലെ ആരംഭത്തിൽ തന്നെ പറഞ്ഞ് വെച്ചിരിക്കുന്ന പോലെ - അവരോ ഇവരോ എല്ലാവരുമോ ഒരിക്കലും അളക്കാനാവാത്ത മാത്രയിൽ ഒന്നുമില്ലായ്മയെ പറ്റി വിസ്തരിക്കുന്നു - രണ്ടിടങ്ങഴി പതിരിൽ തിരഞ്ഞാൽ കിട്ടുന്നത് വെറും രണ്ട് തരി ഗോതമ്പ് മണികളും - മുഴുവൻ ദിനമെടുത്ത് തിരഞ്ഞാലും, ലഭിക്കുമ്പോൾ ചിലവഴിച്ച സമയത്തിന്റെ മൂല്യത്തിനെ കളിയാക്കുന്ന അളവിലെ ലഭിക്കൂ - ഇങ്ങനെ രൂക്ഷമായി വിമർശിക്കുന്ന ആ നാടകകൃത്തി

ന്റെ വരികൾ നമ്മൾ ക്രിസ്ത്യൻ സംവാദകർക്കും എപ്പോഴും ബാധകമാണ്. സുവിശേഷങ്ങളിലെ സദ്വാർത്തകൾ ലോകം മുഴുവൻ പകർന്നതും പടർന്നതും വ്യക്തികൾ തമ്മിലും, ഹൃദയങ്ങൾ തമ്മിലും നേരിട്ട് സംവദിച്ചത് മൂലമാണ് - അതിലൂടെ ലഭിച്ച 'വന്നു കാണുക' എന്ന ക്ഷണം സ്വീകരിച്ച് വന്നു കണ്ടപ്പോഴോ - പറഞ്ഞ്പ്രതീക്ഷിച്ചതിലുമധികം 'മനുഷ്യത്വം' സൂക്ഷ്മ ദൃഷ്ടികളിൽ വിളങ്ങി തെളിഞ്ഞു നിന്നു - യേശുവിന്റെ ദൃക്സാക്ഷികളായിരുന്നവരുടെ സംസാരങ്ങളിലും അംഗവിക്ഷേപങ്ങളിലും അതേ മനുഷ്യത്വം വിളങ്ങി തിളങ്ങിനിന്നു. എല്ലാ ഉപകരണത്തിനുമതിന്റേതായ മൂല്യമുണ്ടല്ലോ. താർസൂസിലെ പോൾ എന്ന മഹാനായ സംവാദകൻ - അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ ഇ-മെയിൽ, സോഷ്യൽ മീഡിയ തുടങ്ങിയ ഉപകരണങ്ങൾ ഉണ്ടായിരുന്നുവെങ്കിൽ തീർച്ചയായും അദ്ദേഹമത് ഉപയോഗിച്ച് കൂടുതൽ തലങ്ങളിൽ സുവിശേഷം പ്രചരിപ്പിക്കുമായിരുന്നുവെന്നതാണ്. എങ്കിലും, അദ്ദേഹത്തിന്റെ സമകാലികരും സഹവർത്തികളും പൗലോസ് ശ്ലീഹായുടെ വിശ്വാസം, പ്രത്യാശ, ദീനാനുകമ്പയും, സഹാനുഭൂതിയും എല്ലാം കണ്ട് തന്നെയാണ് - അത് അവർ പരസ്പരം സംസാരിച്ചിരുന്നപ്പോഴാണെങ്കിലും, ഒരു കൂട്ടായ്മയെ പൗലോസ് ശ്ലീഹാ അഭിസംബോധന ചെയ്യുമ്പോഴാണെങ്കിലും - അദ്ദേഹത്തിലാകൃഷ്ടരായതും, മാതൃക പിഞ്ചെന്നതും. ദൈവപിതാവിന്റെ അരൂപിയാൽ പൗലോസ് ശ്ലീഹാ സുവിശേഷ പ്രചരണത്തിനെത്തിയതും പ്രവർത്തിച്ചതും നേരിട്ടനുഭവിച്ചതും ദൃക്സാക്ഷികളാകുവാനും കൂടെയുണ്ടായിരുന്ന സമകാലികരായ ആദ്യകാല സുവിശേഷ പ്രചാരകർക്ക് അനുഭവിച്ചറിയാൻ സാധിച്ചത് എത്രയോ സത്യവത്തായതും, സ്വന്തം ജീവിതത്തിലെ എത്രയോ അർത്ഥവത്തായ രക്ഷാകര സന്ദേശമാണെന്നവർ തിരിച്ചറിഞ്ഞു. എവിടെയെങ്കിലും ദൈവപുത്രന്റെ ഈ ദാസന് നേരിട്ട് എത്താൻ സാധിക്കാതിരുന്ന കൂട്ടായ്മകളിലേക്ക് തന്റെ വിശ്വസ്തനെ തന്നെയാണ് പൗലോസ് ശ്ലീഹാ അയച്ചിരുന്നത് (1 കോറി. 4:17). ക്രിസ്തുവിന്റെ ജീവിതസാക്ഷ്യം വിവരിച്ച് മാതൃകയായി ജീവിച്ച് തെളിയിക്കാനായി. വി. ഗ്രന്ഥങ്ങളിലെ പ്രവാചക ശബ്ദങ്ങൾ നിറവേറുന്നതിനെക്കുറച്ച് വിശദീകരിക്കുമ്പോൾ, വി. അഗസ്തീനോസ് പറയുന്നത് "നമ്മുടെ കരങ്ങളിലാണ് പുസ്തകങ്ങളെങ്കിൽ, കൺമുൻപിലാണ് സത്യം ആയിരിക്കുന്നത് (ടല്യൗീ 360/ആ, 20). യേശുവുമായി നേരിട്ട് സംവദിച്ച് ജീവിതം മാറിമറിഞ്ഞവരുടെ ശക്തമായ സാക്ഷ്യങ്ങൾ നമ്മൾ സ്വീകരിക്കുമ്പോഴാണ് സുവിശേഷങ്ങൾ നമ്മുടെ

ജീവിതദിനങ്ങളിൽ സജീവമായി അവതരിക്കുന്നത്. ക്രിസ്തീയ ജീവിതമെന്ന വിശ്വാസത്തിലൂന്നിയ സാഹസിക ശൈലി, കഴിഞ്ഞ രണ്ടായിരം വർഷങ്ങളിലൂടെ ഇതുപോലെ ആസ്വാദ്യകരമായ രീതിയിൽ ലോകജനതയോട് സംവദിക്കപ്പെട്ടിട്ടുണ്ട്. ആയതിനാൽ നമ്മുടെ മുന്നിലുള്ള കടമ്പ നമ്മൾ വിളിക്കപ്പെട്ടിട്ടുള്ളത് ഇതേ ആസ്വാദ്യത യോടെ വിശ്വാസത്തിലൂന്നിയ സാഹസികമായ ക്രിസ്തീയ ജീവിത ശൈലി നമ്മുടെ സഹോദരരേ അവരെവിടെയാണോ എങ്ങനെയാണോ അങ്ങനെ തന്നെ അവരെ കണ്ടുമുട്ടിയഭിമുഖീകരിച്ച് സംവദിക്കണ മെന്നതിനാണ്.

പിതാവേ, ഞങ്ങളിൽ നിന്നുതന്നെ ഞങ്ങൾ വിടുതൽ കരസ്ഥമാക്കി നിത്യസത്യാന്വേഷികളാകുവാൻ പഠിപ്പിക്കണമെ. മുൻവിധികളെ പ്രോത്സാഹിപ്പിക്കുവാനോ, സുക്ഷ്മതയില്ലാത്ത ദ്രുതഗതിയിലുള്ള ഉപസംഹരിക്കലുകൾ ഇല്ലാതെ, കടന്ന് ചെന്ന് വീക്ഷിക്കുവാനും, ശ്രവിക്കാനും ഞങ്ങളെ പഠിപ്പിക്കണമെ. വേറെയാരും തന്നെ പ്രവേശി ച്ചിരിക്കാനിടയില്ലാത്തയിടങ്ങളിലേക്ക് എപ്പോഴും കടന്ന് ചെല്ലുവാനും, മനസ്സിലാക്കേണ്ടവയെല്ലാം മനസ്സിലാക്കുന്നതിനു ആവശ്യമായ മുഴുവൻ സമയവും ചിലവഴിക്കാനും, അവശ്യം വേണ്ടവയിലെല്ലാം ശ്രദ്ധ ചെലുത്താനും, വ്യർത്ഥമായ മോടികാണിക്കുന്നതിലൊന്നും ശ്രദ്ധ പതറിപ്പോവാതെ പെരുമാറുവാനും, ആർജ്ജവമുള്ള സത്യാ വസ്ഥകളിൽനിന്നും, തെറ്റിദ്ധരിപ്പിക്കുന്ന വഞ്ചനകളെ തിരിച്ചറിയു വാനും, ഞങ്ങളെ പഠിപ്പിക്കണമെ. നേരിട്ട് ദർശിച്ച് ഞങ്ങൾക്ക് വിശ്വാസ മായവയെല്ലാം മറ്റുള്ളവരെ അറിയിക്കാനുള്ള സത്യസന്ധതയും, ഈ ലോകത്തിലെ അങ്ങയുടേതായ വാസസ്ഥലങ്ങൾ എപ്പോഴും തിരിച്ചറിയുവാനുമുള്ള അരൂപി ഞങ്ങൾക്ക് നല്കിയനുഗ്രഹിക്കണമെ.

23 ജനുവരി 2021, വി. ഫ്രാൻസിസ് ഡി സാലസിന്റെ സ്മാരകമന്ദിര ത്തിലെ ജാഗരണ പ്രാർത്ഥനയിൽ ഫ്രാൻസിസ് പാപ്പ പങ്കെടുത്തപ്പോൾ നടത്തിയ പ്രഭാഷണം.

St. John Lateran, Rome

പി.ഒ.സി., കൊച്ചി
കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

Ref: 3522/K-5/KCBC/OL/DS 14.06.2021

# കെ.സി.ബി.സി. ലേബർ കമ്മീഷൻ സർക്കുലർ

## വിവിധ വിഭാഗം തൊഴിലാളികളെ സാമൂഹ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമാക്കുന്നതു സംബന്ധിച്ച്

തൊഴിലാളി മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ ഓർമ്മകളിൽ ഈ വർഷത്തെ അനുഗ്രഹീതമാക്കാം എന്ന പരിശുദ്ധ പിതാവിന്റ ആഹ്വാനവുമായി കേരള കത്തോലിക്കാ സഭ മുന്നോട്ടു പോവുകയാണല്ലോ. കോവിഡിന്റെ രണ്ടു തരംഗങ്ങളും, പ്രകൃതിക്ഷോഭങ്ങളും ഒക്കെ എല്ലാ വിഭാഗം ജനങ്ങളുടെയും പ്രത്യേകിച്ച് സാധാരണക്കാരുടെ ദൈനംദിന ജീവിതം വളരെ ബുദ്ധിമുട്ടിലാക്കിയിരിക്കുന്ന കാര്യം നാം എല്ലാവരെയും വല്ലാതെ അസ്വസ്ഥമാക്കുന്നുണ്ട്. ഈ കാലഘട്ടത്തിൽ കേരള സഭയുടെ വിവിധ സംവിധാനങ്ങളിലൂടെ സാധ്യമായ സമാശ്വാസ ഇടപെടലുകൾ മറ്റാരെയുംകാൾ കൂടുതൽ നടത്താൻ സാധിച്ചു എന്നതിൽ ചാരിതാർത്ഥ്യം ഉണ്ട്. എങ്കിലും ഏറെ കാര്യങ്ങൾ കൂടി നമുക്ക് നിർവ്വഹിക്കാനുണ്ട്.

ദൈനംദിനം തൊഴിലിൽ ഏർപ്പെട്ട് കുടുംബം പോറ്റുന്ന വിഭാഗങ്ങൾക്കാണ് ഏറ്റവും വലിയ ആഘാതം ഉണ്ടായിട്ടുള്ളത്. തൊഴിലും വരുമാനവും നിലച്ചതു അവരെ വലിയ പ്രതിസന്ധിയിലാക്കിയിരിക്കുന്നു. മാത്രമല്ല രോഗം ബാധിച്ച കുടുംബങ്ങളുടെ ജീവിതം അക്ഷരാർത്ഥത്തിൽ ദുരിതപൂർണ്ണമായി മാറിയിരിക്കുകയാണ്. സർക്കാരിന്റെയും, സഭാ സംവിധാനങ്ങളുടെയും, മറ്റു സന്നദ്ധ സംഘടനകളുടെയും സഹായങ്ങൾ ഇവർക്ക് സമാശ്വാസം നൽകുന്നുണ്ട്. പക്ഷേ അവയൊക്കെ താല്കാലികമായത് മാത്രമാണ്. ഇതോടൊപ്പം എല്ലാം തൊഴിലാളികളെയും അവരുടെ കുടുംബങ്ങളെയും സർക്കാരിന്റെയും മറ്റു ഏജൻസികളുടെയും സാമൂഹിക സുരക്ഷാ പദ്ധതികളുടെ സംരക്ഷണത്തിൻ കീഴിലാക്കേണ്ടതായിട്ടുണ്ട്. എങ്കിൽ മാത്രമേ ഇത്തരം അപ്രതീക്ഷിത സാഹചര്യങ്ങളുടെ ആഘാതത്തിൽ നിന്നും തൊഴിലാളികൾക്ക് അതിജീവനം നേടാനാകു. അതിനുള്ള സംവിധാനപരവും ഘടനാപരവുമായ പിന്തുണ എല്ലാ ഇടവകകളിലും രൂപപ്പെടുത്തേണ്ടതായിട്ടുണ്ട്.

ലേബർ കമ്മീഷന്റെ ഒദ്യോഗിക സംഘടനയായ കേരള ലേബർ മൂവ്മെൻറ് കഴിഞ്ഞ കാലയളവിൽ എല്ലാ രൂപതകളിലും വിവിധ വിഭാഗം തൊഴിലാളികളെ സാമൂഹിക സുരക്ഷാ ഛത്രത്തിന്റെ കീഴിൽ കൊണ്ടുവരുന്നതിന് ക്രിയാത്മകമായ ഇടപെടലുകളും ഏകോപനവും നടത്തി വരുന്നുണ്ട്. എന്നാൽ, എല്ലാ രൂപതകളിലേക്കും ഇടവക കളിലേക്കും പ്രവർത്തനം വ്യാപിപ്പിച്ച് വിവിധ മേഖലകളിൽ തൊഴിൽ ചെയ്യുന്ന അനേകായിരം തൊഴിലാളികളെ ഒരുമിച്ചു കൂട്ടുവാൻ ഇനിയും കഴിഞ്ഞിട്ടില്ല. ഈ സാഹചര്യത്തിൽ ഇടവക തോറും തൊഴിലാളികളെ വിവിധ തൊഴിലാളി ഫോറങ്ങളിലൂടെ ഏകോപിപ്പിക്കുകയും അവരെ സാമൂഹിക സുരക്ഷാ വലയത്തിലേക്ക് നയിക്കുകയും ചെയ്യുക എന്നതാണ് വിശുദ്ധ യൗസേപ്പിതാവിന്റെ ഈ വർഷത്തിൽ കെ.എൽ.എം. ലക്ഷ്യം വയ്ക്കുന്നത്.

കേരളത്തിലെ ക്രൈസ്തവരുടെ പിന്നാക്കാവസ്ഥ പഠിക്കുവാനായി ജസ്റ്റിസ്. ജെ. ബി. കോശി കമ്മീഷൻ നിയോഗിക്കപ്പെട്ട സാഹചര്യ ത്തിലും, സർക്കാരിന്റെ വിവിധ ആനുകൂല്യങ്ങളും ആശ്വാസ പദ്ധതികളും വിവിധ ക്ഷേമനിധികളിൽ അംഗങ്ങളായവർക്ക് മാത്രം നൽകപ്പെടുന്ന അവസ്ഥയിലും നമ്മുടെ തൊഴിലാളി സമൂഹത്തെ വിവിധ ക്ഷേമനിധികളിൽ പങ്കാളികൾ ആക്കി അവരുടെയും കുടും ബത്തിന്റെയും സാമൂഹിക സുരക്ഷ ഉറപ്പാക്കേണ്ടത് വളരെ അത്യാ വശ്യമാണ്. അത് സാധ്യമാക്കുന്നതിന് നമ്മുടെ വൈദികരുടെ ഇടവക തലത്തിലുള്ള ക്രിയാത്മക ഇടപെടൽ അത്യന്താപേക്ഷിതമാണ്.

ജൂൺ 1 മുതൽ 3 വരെ നടത്തപ്പെട്ട കെസിബിസി മൺസൂൺ കാല സമ്മേളനത്തിൽ വിവിധ രൂപതകളിലെ യുവ വൈദീകർക്ക് തൊഴിലാളി ശുശ്രൂഷയെ സംബന്ധിച്ചും കെസിബിസിയുടെ പീപ്പിൾ മാനേജ്മെൻറ് പോളിസിയെ സംബന്ധിച്ചും പരിശീലനം നല്കാൻ മെത്രാൻ സമിതി ലേബർ കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. നമ്മുടെ ഇടവകയിലെ തൊഴിലാളി സഹോദരങ്ങളെ വിവിധ തൊഴിലാളി ക്ഷേമനിധികൾ, മെഡിക്ലെയിം, പേഴ്സണൽ ആക്സിഡന്റ് പോളിസി എന്നീ സുരക്ഷാ പദ്ധതികളിൽ പങ്കാളികളാക്കി അവരുടെ കുടുംബ ഭദ്രത ഉറപ്പാക്കാൻ വേണ്ട ഒത്താശകൾ ചെയ്യുവാനും കെസിബിസി സമ്മേളനം ലേബർ കമ്മീഷൻ- കെ.എൽ.എം. നോട് നിർദ്ദേശിച്ചിട്ടുണ്ട്.

ഇതിനായി തൊഴിലാളി ശുശ്രൂഷയെ സംബന്ധിച്ച് യുവ വൈദികർക്ക് (2001 മുതൽ വൈദീകപട്ടം സ്വീകരിച്ചവർ) വേണ്ടി രൂപതാ തലത്തിൽ

ഓൺ ലൈൻ  ആയോ അല്ലാതെയോ പരിശീലനപരിപാടി സംഘടിപ്പിക്കുവാൻ ലേബർ കമ്മീഷൻ സജ്ജമാണ്. സൗകര്യപ്രദമായ തിയതി അറിയിക്കാൻ താത്പര്യപ്പെടുന്നു.

വിശുദ്ധ യൗസേപ്പിതാവിന്റെ വർഷത്തിൽ കൂടുതൽ തീഷ്ണതയോടെ തൊഴിലാളി ഏകോപനത്തിനും, ശാക്തീകരണത്തിനും, സുരക്ഷിതത്വത്തിനുമായി എല്ലാ രൂപതകളും ഒരുമിച്ച് പ്രവർത്തിക്കണമെന്ന് സ്നേഹത്തോടെ അഭ്യർത്ഥിക്കുന്നു.

**ബിഷപ്പ് ഡോ. അലക്സ് വടക്കുംതല**
ചെയർമാൻ, കെ.സി.ബി.സി. ലേബർ കമ്മീഷൻ

**ബിഷപ്പ്  മാർ ജോസ് പൊരുന്നേടം**
വൈസ് ചെയർമാൻ, കെ.സി.ബി.സി. ലേബർ കമ്മീഷൻ

**ബിഷപ്പ് ഡോ. തോമസ് മാർ യൗസേബിയൂസ്**
വൈസ് ചെയർമാൻ, കെ.സി.ബി.സി. ലേബർ കമ്മീഷൻ

പി.ഒ.സി., കൊച്ചി
കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

Ref: 3528/K-5/KCBC/OL/DS 21.06.2021

# കേരള കത്തോലിക്കാ മെത്രാൻസമിതി വർഷകാല സമ്മേളനാനന്തരം പുറപ്പെടുവിക്കുന്ന സർക്കുലർ

“കർത്താവേ, എന്നെ സുഖപ്പെടുത്തണമേ; അപ്പോൾ ഞാൻ സൗഖ്യമുള്ളവനാകും. എന്നെ രക്ഷിക്കണമേ; അപ്പോൾ ഞാൻ രക്ഷപ്പെടും; അങ്ങു മാത്രമാണ് എന്റെ പ്രത്യാശ” (ജെറ. 17:14) എന്ന ജറെമിയ പ്രവാചകന്റെ പ്രാർത്ഥനപോലെ നിരന്തരം ദൈവത്തോട് പ്രാർത്ഥിച്ചുകൊണ്ട് കോവിഡ്-19 എന്ന മഹാമാരിയെ നമ്മൾ നേരിടുകയാണ്. സൗഖ്യദായകനായ കർത്താവ് നമ്മെയും ലോകജനത മുഴുവനെയും ഒരിക്കലും കൈവെടിയുകയില്ല എന്ന പ്രത്യാശയാണ് നമ്മെ നയിക്കുന്നത്.

മഹാവ്യാധിയുടെ ഈ കാലത്ത് നമ്മുടെ പ്രിയപ്പെട്ട പലരും ഇഹലോകത്തുനിന്നു യാത്രയായി. അഭിവന്ദ്യ പിതാക്കന്മാർ, വൈദികർ, സന്ന്യസ്തർ, മാതാപിതാക്കൾ, ബന്ധുക്കൾ, സുഹൃത്തുക്കൾ, ഉപകാരികൾ തുടങ്ങി പലരുടെയും വേർപാട് വലിയ നൊമ്പരം നമ്മിൽ സൃഷ്ടിച്ചിട്ടുണ്ട്. അവരുടെയെല്ലാവരുടെയും ആത്മശാന്തിക്കായി നമുക്ക് പ്രാർത്ഥിക്കാം. നിത്യജീവന്റെ ഉറവിടമായ കർത്താവീശോമിശിഹാ അവരെ സ്വർഗീയ ഭവനത്തിൽ സ്വീകരിക്കട്ടെ. ഉറ്റവരുടെ വേർപാടിൽ വേദനിക്കുന്ന കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ പ്രത്യേകം അനുസ്മരിക്കുന്നു.

2021 ജൂൺ ഒന്നു മുതൽ മൂന്നു വരെ തീയതികളിലായി കേരള കത്തോലിക്കാ മെത്രാൻസമിതിയുടെ വർഷകാല സമ്മേളനം ഓൺലൈൻ സംവിധാനം വഴി നടത്തി. പിതാക്കന്മാർ ഒരുമിച്ചിരുന്ന് പ്രാർത്ഥിക്കുകയും സഭാപ്രവർത്തനങ്ങളെ വിലയിരുത്തുകയും ചെയ്ത സമ്മേളനത്തിൽ, കോവിഡുകാലത്തെ സഭാശുശ്രൂഷകളെ സംബന്ധിച്ചു ദീർഘമായി ചർച്ച ചെയ്തു. കേരളത്തിലെ കത്തോലിക്കാസഭയും ഇതരസഭകളും അവയുടെ സാമൂഹ്യക്ഷേമവിഭാഗങ്ങളും സംയുക്തമായും അല്ലാതെയും നടത്തിവരുന്ന പ്രവർത്തനങ്ങളെല്ലാം തുടരുകയും കൂടുതൽ കാര്യക്ഷമമാക്കുകയും ചെയ്യേണ്ടതുണ്ടെന്ന് മെത്രാൻസമിതി വിലയിരുത്തി. കേരളത്തിലെയും ഭാരതത്തിലെയും കത്തോലിക്കാസഭയുടെ

സംവിധാനങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് നിർവഹിച്ചുപോരുന്ന സാമൂഹ്യ ശുശ്രൂഷാപ്രവർത്തനങ്ങൾ ഇതിനോടകം പൊതുസമൂഹം അംഗീകരിക്കുകയും വിലമതിക്കുകയും ചെയ്തിട്ടുണ്ട്. കേരള സർക്കാരും സമൂഹത്തിലെ ഇതരസംവിധാനങ്ങളും സ്തുത്യർഹമായ പ്രവർത്തനങ്ങളാണ് ഈ മേഖലയിൽ നടത്തിക്കൊണ്ടിരിക്കുന്നത്. ഭയാശങ്കകൾ വെടിഞ്ഞ് കൂടുതൽ ജാഗ്രതയോടും പ്രാർത്ഥനയോടുംകൂടെ രോഗ പ്രതിരോധ നിവാരണ പ്രവർത്തനങ്ങളിൽ നമുക്കു മുന്നേറാം.

കെ.സി.ബി.സി.യുടെ സമ്മേളനത്തിൽ നടന്ന ചർച്ചയുടെ വെളിച്ചത്തിൽ ചില കാര്യങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു.

1. കോവിഡുകാലം നമ്മുടെ അജപാലന പ്രവർത്തനങ്ങൾ എളുപ്പമല്ലാതാക്കിയിരിക്കുന്നു എന്ന വസ്തുത അംഗീകരിച്ചുകൊണ്ടുതന്നെ നാം സ്വീകരിച്ചിരിക്കുന്ന നവീനമായ രീതികൾ കൂടുതൽ കാര്യക്ഷമമാക്കാനുള്ള ശ്രമമുണ്ടാകണം. വിശുദ്ധ കുർബാനയും ഇതരകൂദാശകളും പരികർമ്മം ചെയ്യുമ്പോൾ കോവിഡ് പ്രോട്ടോക്കോൾ പാലിക്കുന്ന കാര്യത്തിലുള്ള ജാഗ്രത തുടരണം. ദൈവാലയങ്ങളിലെ തിരുക്കർമങ്ങൾ സാധാരണരീതിയിൽ നടക്കുന്നതുവരെ നവമാധ്യമങ്ങളിലൂടെയുള്ള ദിവ്യബലിയിലും ഇതരതിരുക്കർമ്മങ്ങളിലും പങ്കുചേരുമ്പോൾ നമ്മുടെ ഭക്തിയും വിശ്വാസവും അനുദിനം ആഴപ്പെടുന്നതിന് ശ്രമമുണ്ടാകണം. ദിവ്യകാരുണ്യ ആരാധന, തിരുവചന ധ്യാനം, ജപമാല, നൊവേന തുടങ്ങി വിശ്വാസിസമൂഹത്തിന്റെ ആത്മീയമായ വളർച്ചയ്ക്ക് ഉപകരിക്കുന്ന ഭക്ത്യാഭ്യാസങ്ങൾ സമൂഹമാധ്യമങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് തുടരുകയും കൂടുതൽ കാര്യക്ഷമമാക്കുകയും ചെയ്യണം. അജപാലകരും വിശ്വാസിസമൂഹവും തമ്മിലുള്ള ബന്ധം ദൃഢപ്പെടുത്തുന്നതിന് നവമാധ്യമങ്ങളും ഇതര സംവിധാനങ്ങളും പ്രയോജനപ്പെടുത്തണം. ഡിജിറ്റൽ പ്ലാറ്റുഫോമുകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് കുടുംബയൂണിറ്റ് യോഗങ്ങൾ സംഘടിപ്പിക്കുകയും യൂണിറ്റ് പ്രവർത്തനങ്ങൾ സജീവമാക്കുകയും ചെയ്യണം. ഇടവകതലത്തിലുള്ള വിവിധ സംഘടനകളുടെ പ്രവർത്തനങ്ങളും സാമൂഹ്യശുശ്രൂഷകളും കൂടുതൽ തീക്ഷ്ണതയോടും ജാഗ്രതയോടുംകൂടി നിർവഹിച്ചുകൊണ്ട് പരസ്പരം കരുതലുള്ള സമൂഹമായി മുന്നേറണം.

2. സഭയുടെ അജപാലന ശുശ്രൂഷയുടെ മുഖ്യകേന്ദ്രമായ കുടുംബങ്ങൾ പ്രാർത്ഥനയുടെയും കൂട്ടായ്മയുടെയും പ്രഥമവേദിയാണെന്നു

ള്ളത് നാം മറക്കരുത്. കുടുംബങ്ങളിൽ അനുദിനം കുടുംബപ്രാർത്ഥ നകളും ദൈവവചനപാരായണവും മുടങ്ങാതെ നിർവഹിക്കണം. നവ മാധ്യമങ്ങൾ വഴിയുള്ള കൂദാശകളിലും മറ്റു തിരുക്കർമ്മങ്ങളിലും സാധിക്കുന്നിടത്തോളം കുടുംബസമേതം പങ്കുചേരാൻ പരിശ്രമിക്കണം. കുടുംബ ബന്ധങ്ങൾ ശക്തിപ്പെടുത്തേണ്ട ഒരുകാലം കൂടിയാണിത്. ശിഥിലമായ ബന്ധങ്ങൾ കൂട്ടിയോജിപ്പിക്കാനും മനസിലെ മുറിവുകൾ ഉണക്കാനും ശ്രമങ്ങൾ ഉണ്ടാകണം. വൃദ്ധരായ മാതാപിതാക്കൾക്കും കുട്ടികൾക്കും പ്രത്യേക പരിഗണന നല്കുകയും അവരുടെ ആവശ്യ ങ്ങളോട് സ്നേഹവായ്പോടെ പ്രതികരിക്കുകയും വേണം. ഇടവക തലത്തിലുള്ള കൗൺസിലിംഗ് സൗകര്യങ്ങൾ ആവശ്യക്കാർക്ക് ലഭ്യ മാക്കാനുള്ള സാഹചര്യമൊരുക്കുന്നതു നല്ലതാണ്.

3. കേരളത്തിലെ 32 രൂപതകളിൽ പ്രവർത്തിക്കുന്ന രൂപതാ സോഷ്യൽ സർവീസ് സൊസൈറ്റികൾ വഴി കേരളത്തിലെ കത്തോലിക്കാസഭ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമായി തുടരുന്നുണ്ട്. 2021 മാർച്ച് അവസാനംവരെ ജാതിമതഭേദമെന്യേ 2390322 കുടുംബ ങ്ങളിലേക്കും 107029 അതിഥി തൊഴിലാളികളിലേക്കും സഭയുടെ സേവ നങ്ങൾ എത്തിക്കാൻ കഴിഞ്ഞു. കേരള സോഷ്യൽ സർവീസ് ഫോറവും രൂപതാ സോഷ്യൽ സർവീസ് സൊസൈറ്റികളും വിവിധ ഏജൻസി കളും സംഘടനകളും ചേർന്ന് ഇതിനായി 654368363 രൂപ ചെലവാ ക്കിയിട്ടുണ്ട്. കൂടാതെ കേരള സോഷ്യൽ സർവീസ് ഫോറത്തിന്റെ നേതൃത്വത്തിൽ വൈദികരും സിസ്റ്റേഴ്സും യുവജനങ്ങളും മറ്റ് സന്ന ദ്ധപ്രവർത്തകരുമുൾപ്പെടെ ആയിരക്കണക്കിന് സമരിറ്റൻ വോളന്റിയേ ഴ്സ് ഈ സേവനരംഗത്തു തുടരുന്നുണ്ട്.

പി.ഒ.സി. കേന്ദ്രീകരിച്ച് കെ.സി.ബി.സി. ഹെൽത്ത് കമ്മീഷന്റെയും കാത്തലിക് ഹോസ്പിറ്റൽ അസോസിയേഷൻ ഓഫ് ഇന്ത്യയുടെ കേരള ഘടകത്തിന്റെയും നേതൃത്വത്തിൽ കോവിഡ് പ്രതിരോധപ്രവർത്തന ഏകോപനസമിതിയും പ്രവർത്തിച്ചുവരുന്നു. കേരളത്തിലെ വിവിധ കത്തോലിക്കാ ആശുപത്രികളിൽ സേവനം ചെയ്യുന്ന സമർപ്പിതരായ സിസ്റ്റർ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കിക്കൊണ്ട് ടെലിമെഡി സിൻ സൗകര്യവും നാനൂറോളം വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ടെലികൗൺസലിംഗ് സൗകര്യവും ഒരുക്കിയിട്ടുണ്ട്. വിവിധ രൂപതക ളിൽ ഇടവകകൾ കേന്ദ്രീകരിച്ചു ചെയ്തുപോരുന്ന ഹെൽത്ത് ഡെസ്ക് സംവിധാനങ്ങൾക്കു പുറമേയാണിത്. ഓക്സി മീറ്റർ, തെർമോമീറ്റർ,

സാനിറ്റൈസർ, മാസ്ക് എന്നിവ അടങ്ങുന്ന മെഡിക്കൽ കിറ്റുകളും രൂപതകൾതോറും ഇടവകകൾക്കും കുടുംബങ്ങൾക്കും നല്കിവരുന്നു.

ഇതിനു പുറമേ കേരളത്തിലെ വിവിധ ഇടവകകളും സമർപ്പിതസമൂഹങ്ങളും സംഘടനകളും അതാത് പ്രദേശങ്ങളിൽ ചെയ്തുപോരുന്ന പ്രതിരോധപ്രവർത്തനങ്ങളെ വിലമതിക്കുകയും അവരെ അഭിനന്ദിക്കുകയും ചെയ്യുന്നു. ഈ മഹാമാരിയെ നേരിടാൻ ജാതിമതഭേദമെന്യേ എല്ലാ സഹോദരങ്ങളെയും ക്രിസ്തുസ്നേഹത്തെപ്രതി സഹായിക്കുന്നതിനും പിന്തുണയ്ക്കുന്നതിനും കേരളത്തിലെ സഭ പ്രതിജ്ഞാബദ്ധമാണ്.

4. എല്ലാവരും, പ്രത്യേകിച്ച് പൊതുസമ്പർക്കം കൂടുതൽ ഉണ്ടാകേണ്ടിവരുന്ന വൈദികരും സമർപ്പിതരും യുവജനങ്ങളും മറ്റ് സന്നദ്ധ പ്രവർത്തകരും, കോവിഡ് വാക്സിൻ സ്വീകരിക്കുന്നതിൽ പ്രത്യേക ശ്രദ്ധവയ്ക്കണം. കൊറോണബാധ അതിന്റെ മൂന്നാം ഘട്ടത്തിലേക്ക് കടക്കുന്നതുമായി ബന്ധപ്പെട്ടുവരുന്ന മുന്നറിയിപ്പുകളെക്കുറിച്ചും നമ്മൾ ജാഗരൂകരായിരിക്കണം. ഈ വിഷയത്തിൽ നമ്മുടെ കുട്ടികളുടെ സംരക്ഷണം ഉറപ്പുവരുത്താൻ എല്ലാവരും പ്രത്യേക ശ്രദ്ധ പുലർത്തണമെന്ന് ഓർമ്മിപ്പിക്കുന്നു.

5. മതബോധനക്ലാസുകൾ ഓൺലൈൻ സംവിധാനംവഴി നടക്കുന്നുണ്ടെങ്കിലും കുട്ടികളുടെ വിശ്വാസപരിശീലനത്തിൽ ഉത്തരവാദിത്വം വഹിക്കുന്നവരും കുടുംബാംഗങ്ങളും പ്രത്യേക ശ്രദ്ധ ചെലുത്തണം. അതുപോലെ, യുവജനശുശ്രൂഷകൾ കൂടുതൽ സജീവമാകുന്നതിന് ബഹുമാനപ്പെട്ട വികാരിമാരും യുവജനസംഘടനാ നേതൃത്വവും ആവശ്യമായ നടപടികൾ സ്വീകരിക്കണം.

6. കോവിഡ് ബാധിച്ചു മരിക്കുന്നവരുടെ മൃതദേഹങ്ങൾ സർക്കാർ നല്കിയിരിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ച് ദഹിപ്പിക്കുന്നതിനോ സംസ്കരിക്കുന്നതിനോ എല്ലാവരും സഹകരിക്കണമെന്നു പ്രത്യേകം ഓർമ്മിപ്പിക്കുന്നു. ഈ നടപടിക്രമത്തിൽ അനാവശ്യമായ ഭീതിയും തെറ്റിദ്ധാരണകളും ഉണ്ടാകേണ്ടതില്ല.

7. സഭയുടെ എല്ലാ ആശുപത്രികളും ക്ലിനിക്കുകളും ക്രിസ്തീയ ചൈതന്യത്തോടെ പ്രവർത്തിക്കുന്നതിൽ വീഴ്ച വരുത്തരുത്. സാധാരണക്കാർക്ക് ഭാരമാകാത്തവിധം ചികിത്സാചെലവുകൾ പരിമിതമാക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കണം.

നമ്മുടെ എല്ലാ ആശുപത്രികളിലും വാക്സിൻ സൂക്ഷിക്കുന്നതിനും നല്കുന്നതിനും സംവിധാനമൊരുക്കുന്ന കാര്യത്തിൽ ജാഗ്രത പുലർത്തണം.

8. കോവിഡിനോടൊപ്പം തന്നെ കാലവർഷവും പ്രകൃതിക്ഷോഭവും കടൽകയറ്റവും ചുഴലിക്കാറ്റുമൊക്കെ നമ്മൾ അഭിമുഖീകരിക്കേണ്ടി വരുന്നു. ഈ സാഹചര്യങ്ങളിൽ അശരണരെ ലക്ഷ്യമാക്കിയുള്ള ജീവ കാരുണ്യപ്രവർത്തനങ്ങൾക്ക് കൂടുതൽ ശ്രദ്ധ പുലർത്തണം. ദരിദ്രരുടെയും ദുർബലരുടെയും സംരക്ഷണവും ഉന്നമനവും സഭയുടെ പ്രഥമശുശ്രൂഷയായിക്കണ്ട് പ്രവർത്തിക്കാൻ അജപാലകർ ശ്രദ്ധ പതിപ്പിക്കണം.

കോവിഡ് മഹാമാരിയെയും ഇതര ദുരന്തങ്ങളെയും അഭിമുഖീകരിക്കുന്നതിൽ നമ്മൾ പുലർത്തിക്കൊണ്ടിരിക്കുന്ന ജാഗ്രതയിൽ ഭംഗം വരുത്താതിരിക്കാം. പ്രതിസന്ധികളുടെയും ദുരിതങ്ങളുടെയും മധ്യേ ആശ്വാസത്തിന്റെയും പ്രത്യാശയുടെയും കരങ്ങൾ നീട്ടി നമ്മെ അനുഗ്രഹിക്കുന്ന ഈശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സംസർഗവും നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ.

**കർദിനാൾ ജോർജ് ആലഞ്ചേരി**
പ്രസിഡന്റ്, കെസിബിസി

**ബിഷപ് ഡോ. വർഗീസ് ചക്കാലക്കൽ**
വൈസ് പ്രസിഡന്റ്, കെസിബിസി

**ബിഷപ് ഡോ. ജോസഫ് മാർ തോമസ്**
സെക്രട്ടറി ജനറൽ, കെസിബിസി

പി.ഒ.സി., കൊച്ചി
കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

N:B: 2021 ജൂലൈ 11-ാം തീയതി ഈ സർക്കുലർ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാന മദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

Ref: 3529/K-5/KCBC/OL/DS 24.06.2021

# യുവജനദിനം 2021

## കെ.സി.ബി.സി. യുവജനകമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

യേശുക്രിസ്തുവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

കേരള കത്തോലിക്കാ സഭ ജൂലൈ 4 ഞായറാഴ്ച യുവജനദിനമായി ആചരിക്കുന്നു. ഏവർക്കും കെസിബിസി യുവജനകമ്മീഷനിൽ നിന്നും യുവജനദിനത്തിന്റെ പ്രാർത്ഥനാശംസകൾ.

ലോകമാസകലം പടർന്നു പിടിച്ചിരിക്കുന്ന കോവിഡ് 19-ന്റെ തീരാവേദനയിൽ ആയിരിക്കുമ്പോഴും സഭയെയും സമൂഹത്തെയും ജീവസ്സുറ്റതാക്കി നിർത്തുവാൻ സഭ നേതൃത്വത്തോടൊപ്പം നിലകൊണ്ട യുവജനങ്ങളെയും അവരെ നയിക്കുന്ന വൈദികരെയും സന്ന്യസ്തരെയും അല്മായ സഹോദരങ്ങളെയും നന്ദിയോടെ ഓർത്തുകൊണ്ട് അഭിവാദനങ്ങൾ അറിയിക്കുന്നു.

ആഗോള കത്തോലിക്കാസഭയുടെ പരമാധ്യക്ഷൻ ഫ്രാൻസിസ് പാപ്പാ സഭയെ യൗസേപ്പിതാവിന് സമർപ്പിച്ച ഈ വർഷം കേരളസഭ കുടുംബവർഷമായി ആചരിക്കുന്നു. അതുകൊണ്ട് തന്നെ കേരളത്തിലെ യുവജന ശുശ്രൂഷയുടെ ആപ്തവാക്യമായി തിരഞ്ഞെടുത്തിരിക്കുന്നത് 'ക്രൈസ്തവയുവത്വം: കരുതലായി കുടുംബത്തിലും സമൂഹത്തിലും' എന്നതാണ്. ഉപവിഷയങ്ങളായി തിരഞ്ഞെടുത്തിരിക്കുന്നത് 'സഭയും മാധ്യമവിചാരണയും, ന്യൂനപക്ഷാവകാശങ്ങൾ, യുവാക്കളും ഭരണപങ്കാളിത്തവും, 'ഫ്രത്തേലിതൂത്തി' അനുബന്ധ പഠനങ്ങൾ' എന്നിവയാണ്. ക്രിസ്തീയ യുവത്വം, ഉത്തരവാദിത്വബോധമുള്ള മാതാപിതാക്കളാകുവാനും, വിശുദ്ധരായ വൈദികരും സന്ന്യസ്തരും ആകുവാനും ഒരുങ്ങുന്ന യൗവനകാലത്ത്, സഭയുടെയും സമൂഹത്തിന്റെയും കുടുംബത്തിന്റെയും കാവലാളാകാൻ പരിശ്രമിക്കണമെന്ന് സഭ ആഗ്രഹിക്കുന്നു. അതോടൊപ്പം രാഷ്ട്രത്തിന്റെ അധികാരത്തിലും, ഭരണപ്രക്രിയയിലും ഉത്തമപൗരന്മാരായി പങ്കുചേരാനും വേണ്ട പരിശ്രമങ്ങൾ നടത്തേണ്ടതുണ്ട്. സ്ഥാപിത താത്പര്യങ്ങളോടെയുള്ള മാധ്യമവിചാരണകൾ സഭ നേരിടുന്ന വേളയിൽ സഭയിലെ യുവജനങ്ങൾ സഭയുടെ ധാർമികസ്വരമായി മാറേണ്ടതുണ്ട്. ഭരണഘടന വിഭാവനം ചെയ്യുന്ന ന്യൂനപക്ഷാവകാശങ്ങൾ നിഷേധിക്കപ്പെടുമ്പോഴും അനീതിപരമായി

പങ്കുവയ്ക്കപ്പെടുമ്പോഴും നീതിയുടെ പക്ഷം ചേരാൻ യുവാക്കൾക്കാകണം. ലോകം മുഴുവന്റെയും സുസ്ഥിതിക്കായി സർവലൗകികമായ ഒരു ദർശനം രൂപപ്പെടുത്താൻ ക്രിസ്തുവിന്റെ മൗതിക ശരീരമായ സഭയ്ക്ക് ഈ ലോകത്തിൽ സാധ്യമാകണം എന്ന ഓർമപ്പെടുത്തൽ നടത്തുന്ന 'ഫ്രത്തേലി തൂത്തി' എന്ന ചാക്രികലേഖനം യുവജനം ആഴത്തിൽ പഠിക്കേണ്ടതുണ്ട്. പ്രത്യേകമായി പരിശുദ്ധ ഫ്രാൻസിസ് പാപ്പാ പുറപ്പെടുവിച്ച 'പുരാതന ശുശ്രൂഷ' എന്ന അപ്പസ്തോലിക ലേഖനത്തിൽ പറയുന്നതുപോലെ സഭയുടെ വിശ്വാസ പരിശീലനരംഗത്ത് "യുവജനങ്ങളുടെ ആത്മാർത്ഥമായ ഇടപെടൽ ആവശ്യമുണ്ട്" (പുരാതന ശുശ്രൂഷ 5).

**യുവജനങ്ങൾ കാവൽക്കാർ**

'പ്രഭാതം കാത്തിരിക്കുന്ന കാവൽക്കാരുടെ ജാഗ്രത'യോടെ സത്യത്തിന്റെയും, നീതിയുടെയും, പ്രകാശത്തിന്റെയും കാവൽക്കാരാണ് യുവജനങ്ങൾ. സ്വപ്നങ്ങളെ അനുധാവനം ചെയ്യുന്നവർ. നേരിന്റെയും നുണകളുടെയും അതിസങ്കീർണമായ സങ്കലനങ്ങളെ കുടഞ്ഞിടുന്ന വിവരസാങ്കേതികവിദ്യകളുടെ അതിപ്രസരമുള്ള സത്യാനന്തരകാലത്ത്, ക്രൈസ്തവവിശ്വാസത്തിന്റെ കാവലാളുകളാകാൻ ദൈവം പ്രത്യേകം വിളിച്ചുചേർത്തവരാണ് യുവാക്കൾ. തിരുവചനം അതിനു ധാരാളം മാതൃകകൾ നല്കുന്നു. ദാവീദ്, മോശ, ജോഷ്വാ, സ്നാപകയോഹന്നാൻ ഏറ്റവും ഒടുവിൽ പ്രവചനങ്ങളുടെ പൂർത്തീകരണമായി യുവാവായ ക്രിസ്തു. അവനാൽ ആകർഷിക്കപ്പെട്ടും അവനിൽ അനുരുക്തരായും യുവജനസമൂഹം ഈ തീർത്ഥാടകസഭയുടെ ഉത്തമസാക്ഷികളാകാനാണ് കാലം അവരെ ക്ഷണിക്കുന്നത്.

സഭയും സമൂഹവും നേരിടുന്ന വെല്ലുവിളികൾ; അതു യുവജനങ്ങളുടേതുമാണ്. മതമൗലികവാദം, പ്രണയത്തിന്റെ മറവിൽ നടക്കുന്ന വിധ്വംസക പ്രവർത്തനങ്ങൾ, ഫാസിസ്റ്റ് മനോഭാവമുള്ള രാഷ്ട്രീയ ചിന്തകൾ, ആഗോളതലത്തിലുള്ള തീവ്രവാദ ആശയങ്ങൾ, മതങ്ങളും രാഷ്ട്രങ്ങളും തമ്മിലുള്ള വൈരം, മദ്യത്തിന്റെയും മാരകമായ ലഹരികളുടെയും അനിയന്ത്രിതമായ ലഭ്യത, അർഹമായ ആനുകൂല്യങ്ങളും, സംവരണങ്ങളും, ക്ഷേമപദ്ധതികളും പങ്കുവയ്ക്കുന്നതിലെ കുറ്റകരമായ പക്ഷപാതം, പ്രണയത്തിന്റെ രക്തസാക്ഷികളായി മാറുന്ന യൗവനതീഷ്ണത, സത്യത്തിൽനിന്നും കല്ലേറുദൂരം മാറിനില്ക്കുന്ന സമൂഹമാധ്യമങ്ങളുടെ വിവരപ്രക്ഷേപണങ്ങൾ, വിചാരണകൾ, ജീവ

നെതിരേയുള്ള നിയമനിർമ്മാണങ്ങൾ, സ്ത്രീധനം എന്ന തിന്മ അങ്ങനെ എടുത്തുപറയാൻ അനവധിയാണ് ഈ കാലത്തിന്റെ വെല്ലുവിളികൾ. യുവജന ശുശ്രൂഷയിലേർപ്പെടുന്നവരുടെ സവിശേഷമായ ഇടപെടലുകൾ ആവശ്യമുള്ള ഇടങ്ങളാണ് ഇവയെല്ലാം. സഭാമേലധ്യക്ഷന്മാരുടെയും, വൈദികരുടെയും സന്ന്യസ്തരുടെയും മുതിർന്ന അല്മായ സഹോദരങ്ങളുടെയും ശ്രദ്ധാപൂർവമായ അനുധാവനം ആവശ്യപ്പെടുന്ന ഇത്തരം മേഖലകളിൽ അത് ലഭ്യമാവുന്ന ക്രമബന്ധമായ ഒരു സംവിധാനവും ചട്ടക്കൂടും സഭയ്ക്കുണ്ട്. അത്തരം സംവിധാനങ്ങളെ കാര്യക്ഷമമായി ഉപയോഗപ്പെടുത്താൻ ഏവരും തയ്യാറാവണം എന്നേയുള്ളൂ.

ആത്മാവിൽ നിറഞ്ഞ യുവജനം സഭയുടെ സമ്പത്താണ്. അവർ ദിവ്യബലിയർപ്പണത്തിൽ സജീവമായി പങ്കുചേരുന്നു. തിരുവചനപാരായണവും പഠനവും നടത്തുന്നു. വിശ്വാസം പങ്കുവയ്ക്കുന്ന പ്രേഷിതരാണവർ. സഭാപഠനങ്ങളെക്കുറിച്ച് ഉറച്ച ധാരണയുള്ളവർ. ഇടപെടലുകൾ ആവശ്യമുള്ളിടത്ത് ഇടപെടാൻ ചങ്കുറ്റമുള്ളവർ. സഭയുടെ മതബോധനപ്രക്രിയയിൽ പങ്കുകാരാവുന്നവർ. അവർ ആധുനിക ലോകത്തിനു യോജിച്ച രീതിയിലും, ഭാഷയിലും ക്രിസ്തുവിനെ പങ്കുവയ്ക്കുകയും സത്യത്തിനും നീതിക്കുംവേണ്ടി പോരാടുകയും ചെയ്യുന്നു. സാർവത്രികസഭയിലും, സഭാപാരമ്പര്യത്തിലും അഭിമാനം കൊള്ളുന്ന യുവത സഭയുടെ സജീവമായ മുഖമാണ്. സഭയുടെ ശിരസ്സായ ക്രിസ്തുവിന്റെ മുഖകാന്തിയാണ്!

കോവിഡനന്തരസഭയുടെയും സമൂഹത്തിന്റെയും ആകുലതകളെയും ആശങ്കകളെയും നമ്മുടെ യുവജനങ്ങൾ തീക്ഷണതയോടെ ഏറ്റെടുക്കേണ്ടതുണ്ട്. സാമ്പത്തികരംഗത്തിന്റെ തിരിച്ചടികൾ, പ്രവാസികളുടെ തിരിച്ചുവരവ്, ജോലിനഷ്ടം, രോഗത്തിന്റെ കെടുതികൾ, ധാർമ്മിക അപഭ്രംശങ്ങൾ, വിലക്കയറ്റം അവശ്യസാധനങ്ങളുടെയും മരുന്നുകളുടെയും ദൗർലഭ്യം തുടങ്ങിയ കാര്യങ്ങളിൽ യുവജനങ്ങളുടെ സവിശേഷമായ ശ്രദ്ധയും പഠനവും ആവശ്യമുണ്ട്. ധീരരായ കാവൽക്കാരാകുവാൻ യുവാവായ ക്രിസ്തു നിങ്ങളെ ക്ഷണിക്കുന്നു. ക്ഷണം സ്വീകരിക്കാൻ തയ്യാറാകുന്നവരുടെ ത്യാഗങ്ങളെ കരുണാപൂർവം ഹൃദയത്തിലേറ്റി അവരെ അനുധാവനം ചെയ്യുവാൻ സഭയും സമൂഹവും സജ്ജമാകേണ്ടതുണ്ട്. വിശക്കുന്നവർക്ക് ഭക്ഷണം, ഭവനമില്ലാത്തവർക്ക് ഭവനം, കുട്ടികൾക്ക് പഠിക്കാൻ അവസരം, പ്രായമായ മാതാപിതാക്കൾ,

രോഗികൾ, വിധവകൾ, ഭിന്നശേഷിക്കാർ, ദുർബലവിഭാഗങ്ങൾ എന്നിവരുടെ സംരക്ഷണം, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം എന്നിവയിൽ അകപ്പെട്ടവർക്കായുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങൾ തുടങ്ങി നിരവധിയായ പ്രവർത്തനങ്ങളിൽ യുവജനങ്ങൾ പങ്കുചേരുന്നു എന്നത് ഏറെ അഭിനന്ദനീയമാണ്. ഇത് ത്യാഗത്തോടെ തുടരുവാൻ നമുക്ക് പ്രതിജ്ഞാബദ്ധരാകാം.

കുരിശുമരത്തിനരികിലായി നന്മയുടെ പൂമരങ്ങളായി നിൽക്കുവാൻ നമ്മുടെ യുവജനങ്ങൾക്കാകട്ടെ. സ്നേഹസമ്പന്നമായ കുടുംബജീവിതം കെട്ടിപ്പടുക്കാൻ യുവാക്കളെ പ്രേരിപ്പിക്കുന്ന വിധത്തിൽ മുതിർന്ന തലമുറ അവർക്കു മാതൃകയാവട്ടെ. "ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർന്നുവന്ന" (ലൂക്കാ 2,52) യേശുവിനോട് അനുരൂപരായി തീരുവാനും യുവാവായ ക്രിസ്തുവുമായി ഒരു സൗഹൃദത്തിലെത്തി ചേരാനും യുവത്വമെന്ന ജീവിതത്തിന്റെ തീക്ഷ്ണവും സർഗ്ഗാത്മകവുമായ കാലത്ത് ക്രിസ്തുവിന്റെ സ്നേഹത്തിന് സാക്ഷ്യം പകരുന്ന കരുതലും കാവലുമാകുന്ന യുവജനങ്ങളെ പ്രചോദിപ്പിക്കുന്ന ദിനമാണ് യുവജനദിനം. യുവജന കമ്മീഷന്റെ ആഭിമുഖ്യത്തിൽ കെ.സി.വൈ.എം., ജീസസ് യൂത്ത്, സിഎൽസി, മിജാർക്ക്, അകഇഡഎ, യൂക്കരിസ്റ്റിയ, ഇദെന്തെ യൂത്ത്, ബോസ്കോ യൂത്ത് എന്നീ സംഘടനകളിലും അല്ലാതെയുമായി ക്രിസ്തുവിന് സാക്ഷ്യം നല്കുന്ന യുവശക്തിയായി, ക്രിസ്തുശിഷ്യരായി ജീവിക്കാൻ ജീവന്റേയും ജീവിതങ്ങളുടേയും കാവലാളാവാൻ സർവേശ്വരന്റെ അനുഗ്രഹം ഉണ്ടാകട്ടെ. സഭയുടെ കാവലാളായ വിശുദ്ധ യൗസേപ്പിതാവ് നമുക്ക് പ്രചോദനമാകട്ടെ.

എല്ലാ യുവജനങ്ങൾക്കും യുവജനദിനത്തിന്റെ ആശംസകൾ. യൗവനയുക്തനായ ക്രിസ്തു ഏവരെയും അനുഗ്രഹിക്കട്ടെ.

**റൈറ്റ് റവ. ഡോ. ക്രിസ്തുദാസ് ആർ.**
(ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)
**ഡോ. യൂഹാനോൻ മാർ തിയൊഡോഷ്യസ്**
(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)
**ഡോ. മാർ ജോൺ നെല്ലിക്കുന്നേൽ**
(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

പി.ഒ.സി., കൊച്ചി

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,

യൗസേപ്പിതാവർഷം – വിചിന്തനങ്ങൾ: 6

# ഉപയോഗിക്കാതെ ഉപാസിക്കുന്ന രീതി

*ഫാ. മാർട്ടിൻ കല്ലുങ്കൽ*

ഉപയോഗിക്കാതെ ഉപാസിക്കുന്ന ശൈലിയായിരുന്നു യൗസേപ്പിന്റേത്. ഉപയോഗവും ഉപാസനയും രണ്ട് ധ്രുവങ്ങളിൽ നിന്നുള്ള കാഴ്ചപ്പാടുകളും സമീപനവുമാണ് വ്യക്തികളോ വസ്തുക്കളോ സംവിധാനങ്ങളോ എന്തുമാകട്ടെ, ലോകവും അതിലുള്ളതെല്ലാം എന്റെ ഉപയോഗത്തിനുള്ളതാണെന്നു ചിന്തിക്കുന്നവരുണ്ട്. ശാരീരികവും മാനസികവും ആത്മീയവുമായ സംതൃപ്തിക്കുവേണ്ടി എല്ലാറ്റിനെയും എല്ലാവരെയും, ചിലപ്പോൾ ദൈവത്തെപ്പോലും, ഉപകരണങ്ങൾ കണക്കേ സമീപിക്കുന്ന ഇവരാണ് ലോകജനസംഖ്യയിൽ ഭൂരിപക്ഷവും. കുത്തകവ്യാപാരികൾ നിയന്ത്രിക്കുന്ന ഇന്നത്തെ ലോകക്രമം തന്നെ ഉപയോഗപരതയെന്ന ഏക തത്ത്വമനുസരിച്ചാണ് പ്രവർത്തിക്കുന്നത്. എന്നാൽ, എതിർധ്രുവത്തിൽ ഉപാസനയുടെ പാത സ്വീകരിക്കുന്ന ഒരു ചെറിയ ഗണമുണ്ട് തന്നെയും തനിക്കു ചുറ്റുമുള്ള ലോകത്തെയും അദ്ഭുതത്തോടും നന്ദിയോടുംകൂടെ നോക്കുന്നവരാണവർ. ഇവർ വ്യക്തികളെയും പ്രകൃതിയെയും സമീപിക്കുന്നത് ആദരത്തോടും ദാസഭാവത്തോടുംകൂടെയാണ്. പൂജയ്ക്കായിപ്പോലും പൂക്കൾ അറുത്തെടുക്കരുത്; ദളങ്ങൾ പൊഴിഞ്ഞുകിട്ടുവോളം കാത്തിരിക്കണമെന്ന് ശഠിക്കുന്നവരും വസിക്കുന്ന ഭാരതത്തിൽ, ഉപാസനയുടെ അർത്ഥം ആർക്കും ദുർഗ്രഹമായിരിക്കില്ല.

നിത്യനായ പിതാവിന്റെ ഹൃദയം വഹിക്കുന്ന ഉപാസകർ ഭൂമിയിൽ അല്പായുസ്സുക്കളായിപോകുന്നത് ഒരു വിരുദ്ധോക്തിയാണ്. ഒരുപക്ഷേ, അവരെ സ്വന്തമാക്കാൻ ലോകത്തിന് അർഹതയില്ലാത്തതുകൊണ്ടായിരിക്കാം, അറിയില്ല. ഉപയോഗത്തിനും ഉപാസനയ്ക്കുമിടയിൽ മൂന്നാമതൊരു പാത തെളിക്കാൻ മതങ്ങൾ ശ്രമിച്ചിട്ടുണ്ട്. ആത്മീയതയെയും ലൗകികതയെയും സമന്വയിപ്പിക്കാനുള്ള അത്തരം ശ്രമങ്ങളുടെ ഒരു ഉദാഹരണം ത്യജിച്ചുകൊണ്ട് ഭുജിക്കണമെന്ന ഉപനിഷാദിക നിർദേശത്തിൽ കാണാം. ത്യജിച്ചുകൊണ്ട് ഭുജിക്കുക എന്നതിനെക്കാൾ, ഭോജ്യങ്ങൾ ത്യജിക്കാൻ തന്നെയാണ് ഉപാസനയുടെ ശുദ്ധരൂപം ആവശ്യപ്പെടുന്നത്. അനുവദനീയമായത് ആനുപാതികമായി ആസ്വദിക്കുക


എന്ന ലൗകികാത്മീയത, വാസ്തവത്തിൽ ഉപാസനയെയും ഉപയോഗിക്കുകയാണു ചെയ്യുന്നത്. പുണ്യങ്ങൾ ധ്രുവങ്ങളിലല്ല, മധ്യത്തിലാണ് എന്നുകണ്ടെത്തിയത് നിവേശിതബുദ്ധിയല്ല, കേവല മാനുഷിക യുക്തിയാണ് എന്ന് നാം മറന്നുപോകരുത്.

ലൗകികാത്മീയത കടന്നുകയറാത്ത ഏതു മതമാണിന്നുള്ളത്? ഉപാസനയുടെ ശുദ്ധി ആഘോഷിക്കേണ്ട വായനയും എഴുത്തും ധ്യാനവും അധ്യയനവും തീർഥാടനങ്ങളും തിരുനാളുകളും എന്തിന്റെയൊക്കെയോ ഉപകരണങ്ങളായി മാറിയിരിക്കുന്നു. മതങ്ങളുടെ മൗലികധർമങ്ങൾ ദൈവാരാധനയും മനുഷ്യസേവനവുമാണെന്ന് എല്ലാ മതാനുയായികളെയും ഫ്രാൻസിസ് പാപ്പാ ഓർമപ്പെടുത്തിയത് മനസ്സിൽ കുറിക്കാം.

ശുദ്ധമായ ഉപാസനയുടെ മാർഗമാണ് യൗസേപ്പ് സ്വീകരിച്ചത്. ദൈവമേറ്റെടുത്ത തന്റെ ജീവിതത്തെയും ദൈവമേലപിച്ച ഭാര്യയെയും മകനെയും മറ്റെല്ലാറ്റിനെയും യൗസേപ്പ് ആത്മസുഖത്തിനായി ഉപയോഗിക്കുകയല്ല, ആത്മഹർഷത്തോടെ ഉപാസിക്കുകയാണു ചെയ്തത്. ഒരു പിതാവിന്റെ ഹൃദയമുള്ളവർക്കേ ഉപയോഗിക്കാതെ ഉപാസിക്കാൻ സാധിക്കൂ. അങ്ങനെയുള്ളവരുടെ അരികിലെ മനുഷ്യർക്കും പ്രകൃതിക്കും മാത്രമേ സ്വാതന്ത്ര്യവും സംരക്ഷണവും തോന്നുകയുള്ളു. കശാപ്പുകാരന്റെ ആദ്യത്തെ അടി നല്കിയ പ്രാണവേദനയിൽ കയറു പൊട്ടിച്ച് ഓടിയ ഒരു പശു ഓട്ടം നിറുത്തിയത് ഏതാനും കിലോമീറ്ററുകൾക്കപ്പുറമുള്ള ഒരു നമ്പൂതിരിയില്ലത്തു ചെന്നിട്ടാണെന്നു കേട്ടിട്ടുണ്ട്. ഹിംസിക്കാതെ സംരക്ഷിക്കുന്ന പരിസരം തിരിച്ചറിയാൻ ജീവികൾക്ക് സ്വാഭാവികമായ കഴിവുണ്ട്. സ്ത്രീകളും കുട്ടികളും കുടുംബത്തിലും പൊതുഇടങ്ങളിലും പലവിധത്തിൽ ചൂഷണം ചെയ്യപ്പെടുകയും ആക്രമിക്കപ്പെടുകയും ചെയ്യുന്ന കാലമാണിത്. ലൈംഗിക ചൂഷണമാണ് ഏറ്റവും വ്യാപകമായും ക്രൂരമായും നടക്കുന്നത്. അഹിതമായ ഒരു ചിന്തകൊണ്ടോ ആർത്തിപൂണ്ട ഒരു നോട്ടംകൊണ്ടോ ഒരു സ്ത്രീയും കുട്ടിയും ലൈംഗിക അതിക്രമത്തിന് ഇരയാകാത്ത ഒരു സമൂഹം ഉണ്ടാകണമെങ്കിൽ, യൗസേപ്പിന്റേതുപോലെ പിതൃഹൃദയമുള്ളവർ ഇന്നാട്ടിൽ സുലഭമാകണം. പിതൃഹൃദയമുള്ള മനുഷ്യർ തമ്മിലുള്ള ബന്ധങ്ങളിൽനിന്ന് ലൈംഗികത സ്വയം വഴിയൊഴിഞ്ഞുപോകും. ലൈംഗികതയുടെ പുളിപ്പില്ലാത്ത അപ്പമാണ് സൗഹൃദങ്ങളിൽ പങ്കിട്ടാസ്വദിക്കേണ്ടത്.

*(എസ്.എച്ച്. ലീഗ് പ്രസിദ്ധീകരിച്ച "വിശുദ്ധ യൗസേപ്പ് പിതാവും ഗുരുവും" എന്ന ഗ്രന്ഥത്തിൽനിന്ന്, പേജ് 260-261)*

# ENGAGEMENTS



## Archbishop Antony Kariyil
## Vicar of the Major Archbishop

## JULY 2021

| | | | |
|---|---|---|---|
| 1 | pm | Annual Retreat of Priests Message | |
| 4 | pm | 'Little Hopes': | Children's Meet Inaugural Message |
| 8 | pm | Annual Retreat Priests Message | |
| 14 | pm | Board Meeting | Lisie Hospital |
| 25 | pm | Grand Parents Day | Celebration Inaugural Message |
| 26 | am | Kothavara | Chapel Blessing, Clarition House |

## AUGUST 2021

| | | | |
|---|---|---|---|
| 1 | am | Thirumudikunnu | Chapel Blessing |




**Directory**
**2021-2022**

**അതിരൂപതാ ഡയറക്ടറി 2021-2022** ന്റെ കോപ്പികൾ ജൂലൈ മാസം അവസാന ആഴ്ച മുതൽ മാർ ലൂയിസ് ബുക്ക് സെന്ററിൽനിന്ന് (0484-2352110) ലഭിക്കുന്നതാണ്.

വൈസ് ചാൻസലർ

# കച്ചേരിക്കാര്യം

## അതിരൂപതാ ശതോത്തര രജത ജൂബിലി സമാപനം

2021 ജൂലൈ 28 ബുധനാഴ്ചയാണ് അതിരൂപതാ ശതോത്തര രജത ജൂബിലി സമാപനദിനം. സമാപനാചരണത്തെക്കുറിച്ച് വിവിധ കാനോനിക സമിതികളിൽ ചർച്ച ചെയ്തു. കോവിഡ് നിയന്ത്രണങ്ങൾ കണക്കിലെടുത്ത്, അതിരൂപതാതല ആഘോഷങ്ങൾ വേണ്ടെന്നാണ് തീരുമാനം. അതിരൂപതയിലെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും അന്നേ ദിവസം കൃതജ്ഞതാബലി അർപ്പിച്ച് സ്തോത്രഗീതം ആലപിക്കേണ്ടതാണ്.

**ഫാ. ഹോർമിസ് മൈനാട്ടി**
**സിഞ്ചെല്ലൂസ്**

## ഗ്രാന്റ് പാരന്റ്സ് ഡേ ആഘോഷം

ഈശോയുടെ ഗ്രാന്റ്പാരന്റ്സ് ആയ വി. യൊവാക്കിമിന്റേയും അന്നയുടേയും തിരുനാൾ (ജൂലൈ 26) ദിനത്തോടനുബന്ധിച്ച് എല്ലാ വർഷവും ജൂലൈ മാസം നാലാം ഞായറാഴ്ച സഭയിൽ 'ഗ്രാന്റ്പാരന്റ്സ് ഡേ' ആയി ആചരിക്കാൻ ഫ്രാൻസിസ് മാർപാപ്പ ആഹ്വാനം ചെയ്തിട്ടുണ്ട്. നമ്മുടെ അതിരൂപതയിൽ 2015 മുതൽ ഈ ദിനം നമ്മൾ ആചരിച്ചു വരുന്നതാണ്. ഈ വർഷം ജൂലൈ 25-ാം തിയതിയാണ് ഗ്രാന്റ്പാരന്റ്സ് ഡേ ആയി ആചരിക്കുന്നത്. ഈ ആഘോഷങ്ങളുടെ ഭാഗമായി കുടുംബപ്രേഷിത കേന്ദ്രം, വിശ്വാസപരിശീലനം, കുടുംബ കൂട്ടായ്മ വിഭാഗങ്ങളുടെ നേതൃത്വത്തിൽ സംയുക്തമായി ജൂലൈ 25-ാം തീയതി വൈകുന്നേരം 6.00 മണി മുതൽ 8.30 വരെ വെബിനാർ നടത്തപ്പെടുന്ന കാര്യവും നിങ്ങളെ ഓർമ്മിപ്പിക്കുന്നു.

**ഫാ. ഹോർമിസ് മൈനാട്ടി**
**സിഞ്ചെല്ലൂസ്**



# നിര്യാതരായി



## ഫാ. ചെറിയാൻ നേരേവീട്ടിൽ

**ജനനം: 08-06-1971**
**തിരുപ്പട്ടം: 01-01-1997**
**മരണം: 27-05-2021**

ബഹുമാനപ്പെട്ട ചെറിയാൻ നേരേവീട്ടിൽ അച്ചൻ 1971 ജൂൺ 08-ാം തീയതി തോപ്പിൽ ഇടവകയിലെ നേരേവീട്ടിൽ ജോസഫ്-മേരി ദമ്പതികളുടെ മൂന്നു മക്കളിൽ ഒരാളായി ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം എറണാകുളം അതിരൂപതാ മൈനർ സെമിനാരിയിൽ ചേരുകയും തുടർന്ന്, ആലുവ കാർമ്മൽഗിരി സെമിനാരി, പൂനെ പേപ്പൽ സെമിനാരി എന്നിവിടങ്ങളിൽ നിന്ന് വൈദികപരിശീലനം പൂർത്തിയാക്കി, 1997 പുതുവത്സര ദിനത്തിൽ തിരുപ്പട്ടം സ്വീകരിച്ചു.

കൊരട്ടി ഫൊറോനാ, എറണാകുളം ബസിലിക്ക എന്നീ ഇടവകകളിൽ സഹവികാരിയായും ഏലൂർ, താമരച്ചാൽപുരം, മരട് എന്നീ ഇടവകകളിൽ വികാരിയായും കിഴക്കമ്പലം, ഞാറക്കൽ, പെരുമാനൂർ എന്നീ ഇടവകകളിൽ റസിഡന്റ് പ്രീസ്റ്റായും അജപാലന ശുശ്രൂഷ നിർവഹിച്ചു. തിരുബാലസഖ്യം ഡയറക്ടറായും അതിരൂപത മൈനർ സെമിനാരിയിൽ സ്പിരിച്ചൽ ഫാദറായും സേവനം ചെയ്തിട്ടുള്ള ചെറിയാച്ചൻ സത്യദീപം വാരികയുടെ ചീഫ് എഡിറ്ററായിരുന്നുകൊണ്ട് സത്യത്തിന്റെ ധീരോദാത്തമായ പ്രവാചകമുഖമായി. കൂടാതെ താൻ ഏറെ താല്പര്യത്തോടെ നെഞ്ചിലേറ്റിയ ജീസസ് യൂത്ത് സംഘടനയുടെ നാഷണൽ- ഇന്റർനാഷണൽ ചാപ്ലിനായിരുന്നുകൊണ്ട് ഒരുപാടു യുവഹൃദയങ്ങളിൽ ക്രിസ്തുവിനെ വിരിയിച്ചു. തന്റെ കിഡ്നികളിൽ ഒന്നു ദാനം ചെയ്തുകൊണ്ട് സഹോദരസ്നേഹത്തിന്റെ സുവിശേഷമായി. മരട് സെന്റ് ജാന്നാ പള്ളിയിൽ ശുശ്രൂഷ ചെയ്തുവരവേ, 2021 മെയ് 13-ന് വൈകിട്ട് നടക്കാനിറങ്ങിയപ്പോൾ ഉണ്ടായ വാഹനാപകടത്തെത്തുടർന്ന് ഏകദേശം രണ്ടാഴ്ചക്കാലം എറണാകുളം ലേക്ഷോർ

ഹോസ്പിറ്റലിൽ മരണത്തെ മുഖാമുഖം നേരിടുകയും 49-ാം വയസ്സിൽ തന്റെ പൗരോഹിത്യത്തിന്റെ രജതജൂബിലി വർഷത്തിൽ, 2021 മെയ് 27-ാം തീയതി, വ്യാഴാഴ്ച, ഉച്ചകഴിഞ്ഞ് 2.15-ന് ഈ ലോകത്തോട് വിടപറഞ്ഞ്, സ്വർഗ്ഗീയ പിതാവിന്റെ വസതിയിലേക്ക് യാത്രയായി. വളരെ ഹ്രസ്വമായ ജീവിതം കൊണ്ട് ലാളിത്യവും ആഴമായ ആത്മീയ തയും ജീവിതശൈലിയാക്കി സുവിശേഷത്തിലെ ക്രിസ്തുവിന്റെ കാരു ണ്യത്തിന്റെ മുഖം നമ്മെ പരിചയപ്പെടുത്തിയ പ്രിയപ്പെട്ട ചെറിയാച്ച നിലൂടെ സഭയ്ക്കും സമൂഹത്തിനും നമ്മുടെ അതിരൂപതയ്ക്കും ഏറെ പ്രത്യേകമായി എണ്ണമറ്റ യുവജനങ്ങൾക്കും ലഭിച്ച അനുഗ്രഹങ്ങളെ യോർത്ത് ദൈവത്തിനു നന്ദി പറയാം.

ബ. ചെറിയാൻ നേരേവീട്ടിൽ അച്ചന്റെ മൃതദേഹം 2021 മെയ് 28-ാം തീയതി മരട് ജാന്നാ പള്ളിയിൽ പൊതുദർശനത്തിന് വച്ചു. തുടർന്ന്, ഇടപ്പള്ളി സെന്റ് ജോർജ് ഫൊറോനാ പഴയ പള്ളിയിൽ കൊണ്ടുവന്ന് ഒപ്പീസ് ചൊല്ലിയതിനുശേഷം തോപ്പിലുള്ള അച്ചന്റെ മാതൃഭവനത്തിൽ കൊണ്ടുവന്നു.

ചെറിയാൻ അച്ചന്റെ മൃതസംസ്കാര കർമ്മങ്ങളുടെ മൂന്നാം ഭാഗത്ത് ചെറിയാച്ചന് വൈദികപട്ടം നല്കിയ പാലക്കാട് രൂപതാധ്യക്ഷനായ അഭിവന്ദ്യ മാർ ജേക്കബ് മനത്തോടത്ത് പിതാവാണ് വിശുദ്ധ കുർബാ നയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചത്. എറണാകുളം-അങ്കമാലി അതി രൂപത മെത്രാപ്പോലിത്തൻ വികാരി ആർച്ച്ബിഷപ് ആന്റണി കരിയിൽ, മാർ തോമസ് ചക്യത്ത്, ഫാ. ജോർജ് നേരേവീട്ടിൽ, ഫാ. ജെറ്റോ തോട്ടു ങ്കൽ എന്നിവരാണ് സഹകാർമ്മികരായത്. അഭിവന്ദ്യ കരിയിൽ പിതാവ് തന്റെ ആമുഖ പ്രസംഗത്തിൽ, ലാളിത്യത്തിന്റെയും വിശുദ്ധിയുടെയും യുവജനങ്ങളോടുള്ള ആത്മാർത്ഥ സ്നേഹത്തിന്റെയും മാതൃകയാണ് ചെറിയാനച്ചനെന്ന് അനുസ്മരിച്ചു.

ബഹു. ജിമ്മി പൂച്ചക്കാട്ട് അച്ചൻ തന്റെ അനുസ്മരണ പ്രഭാഷണത്തിൽ ഇപ്രകാരം ചെറിയാച്ചനെ ഓർത്തെടുത്തു. 25 വർഷങ്ങൾക്കുമുമ്പ് പൂനെ സെമിനാരിയിൽനിന്ന് ഡീക്കനായി പുറത്തിറങ്ങുമ്പോൾ Diaconate Ministry ക്ക് ഒരു പള്ളിയിലേക്ക് കടന്നുപോകുന്നതിന് പകരം, ജീസസ് യൂത്തിന്റെ ഫുൾ ടൈമേഴ്സ് മിനിസ്ട്രിയിലേക്ക് കടന്നു ചെല്ലുകയും അന്നു മുതൽ ഇന്നു വരെ ജീസസ് യൂത്തിന്റെ ജീവാ ത്മാവും പരമാത്മാവുമായി പ്രവർത്തിക്കുകയും അതിന്റെ ഇന്റർ നാഷണൽ ചാപ്ലിൻ വരെയായി മാറുകയും ചെയ്ത ചെറിയാനച്ചൻ ആയിരക്കണക്കിന് യുവജനങ്ങളെ സ്വാധീനിച്ചിട്ടുണ്ട്.

നിരവധിയായ പ്രവർത്തനമേഖലകളിലൂടെ കടന്നുപോയപ്പോൾ കണ്ടുമുട്ടിയവരെയെല്ലാം ഹൃദയത്തിൽ പേറിയ ചെറിയാച്ചനെ 'A Man of Integrity' എന്ന് പറയാനാവും. തോമസ് അക്വിനാസ് പുണ്യവാൻ പറയുന്നത്: "അകവും പുറവും ഒരുപോലെ ഇരിക്കുന്നതിനെയാണ് ഇന്റഗ്രിറ്റി ഉള്ള ഒരു മനുഷ്യനെന്ന് പറയുക." വാക്കും പ്രവൃത്തിയും തമ്മിൽ അകലമേ ഉണ്ടാവാൻ പാടില്ല. അതായിരിക്കണം അദ്ദേഹത്തിന്റെ മരണത്തിന്റെമേൽ ഇത്രത്തോളം പേർ ദുഃഖിക്കുന്നതിനുള്ള കാരണവും. തന്റെ ജീവിതത്തിൽ ഇന്റഗ്രിറ്റി കാത്തുസൂക്ഷിക്കുന്നവനെ തേടി ജനം പുറകെ നടക്കും. അവനെയാണ് നാം നല്ല അച്ചൻ എന്നും നല്ല മനുഷ്യൻ എന്നും വിളിക്കുന്നത്. ഇന്റഗ്രിറ്റിയുടെ ഒന്നാമത്തെ ലക്ഷ്യം ഒരു നിലപാട് ഉണ്ടായിരിക്കുക എന്നതാണ്. നിലപാടുകളുടെ ബോധ്യങ്ങളുടെ മനുഷ്യനായിരുന്നു ചെറിയാനച്ചൻ. ജോഷ്വായോട് ദൈവം പറയുന്ന ഒരു കാര്യമുണ്ട് ധീരനായിരിക്കുക. വീറോടെ പൊരുതുക. മോശ വഴി നിനക്ക് ലഭിച്ചിരിക്കുന്ന കല്പനകളിൽ നിന്ന് വ്യതിചലിക്കാതിരിക്കുക; അതാണ് നിലപാട്. ആ നിലപാടിൽ ഉറച്ചുനിന്നുകൊണ്ട് കടന്നുപോകാൻ സാധിച്ച വൈദികനാണ് നമ്മൾ ഇന്ന് യാത്രയയപ്പ് നല്കുന്നത്. സ്വന്തം ബലിയർപ്പണത്തിൽ നിന്ന് ചൈതന്യം സ്വീകരിച്ചിട്ട് തന്റെ ജീവിതം തന്നെ പകുത്ത് നല്കാൻ തീരുമാനിച്ചപ്പോൾ, കിഡ്നി ദാനം ചെയ്യാൻ തീരുമാനിച്ചപ്പോൾ, അദ്ദേഹത്തിന്റെ ഭാഷയിൽ, പരിചയമുള്ള ഒരാൾക്ക് കിഡ്നി കൊടുക്കുകയായിരുന്നില്ല, മറിച്ച് കിഡ്നി കൊടുത്ത് പരിചയപ്പെടുകയായിരുന്നു. പതിനേഴ് വയസുള്ള പെൺകുട്ടിക്ക് ചെറിയാനച്ചൻ പേരിട്ടു 'My Kidney Mate.' അങ്ങനെയാണ് ആ യുവതിയെ ചെറിയാനച്ചൻ വിളിക്കുന്നത്.

സമ്പത്തിനോടുള്ള മോഹം ഒരു മനുഷ്യന്റെ ഇന്റഗ്രിറ്റിയെ എന്നും ബാധിക്കുന്ന ഒരു സംഭവമാണ്. ജീസസ് യൂത്തുകാർ പറയും ഇന്റർനാഷണൽ ചാപ്ലെൻ എന്ന നിലയിൽ പോലും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്ലാസ് എടുക്കാനും അവരുടെ ശുശ്രൂഷയിൽ പങ്കെടുക്കുമ്പോഴെല്ലാം ഒരു പൈസ പോലും വാങ്ങാത്ത പുരോഹിതൻ ഇവിടെ തോപ്പിൽ പള്ളിയുടെ മധ്യത്തിൽ അന്ത്യവിശ്രമം കൊള്ളുന്നു. സാമ്പത്തികമായി ഒരു കാര്യവും അദ്ദേഹത്തിന്റെ തൊലിപ്പുറത്ത് ഏശുമായിരുന്നില്ല. നേരിട്ട് അദ്ദേഹത്തെ പരിചയം ഉള്ളവർക്കറിയാം. കൈയിൽ എന്തെങ്കിലും പൈസയുണ്ടെങ്കിൽ അത് ആരുടെയെങ്കിലും കൈകളിലേക്ക് പോയിട്ടുണ്ടാവും. ചിലപ്പോൾ അത് അതിരൂപതയുടെ പ്രസ്ഥാ

നങ്ങളിലേക്ക്, ചിലപ്പോൾ കൂടെ വർക്ക് ചെയ്യുന്നവർക്ക് അല്ലെങ്കിൽ ഏതെങ്കിലും പാവപ്പെട്ടവന്റെ കൈയിൽ സഹായമായിട്ട് പോയിട്ടുണ്ടാകും.

പൗരോഹിത്യത്തിന്റെയും ക്രൈസ്തവജീവിതത്തിന്റെയും ഇന്റഗ്രിറ്റി എന്നു പറയുന്നത് സ്ഥാനമാനങ്ങളിൽ ലവലേശം ഭ്രമിക്കാതിരിക്കുക എന്നതാണ്. ചെറിയാച്ചൻ ഒരു സ്ഥാനമാനത്തിനും വേണ്ടി പോയിട്ടില്ല. ആരുടെയും പിന്നാലെ നടന്നില്ല. അതിരൂപതാധികാരികൾ എന്ത് പറഞ്ഞാലും അത് കൃത്യതയോടെ ചെയ്തു തീർക്കുന്നതിന്റെ വലിയ മാതൃകയായിരുന്നു ചെറിയാച്ചൻ. മറ്റൊന്ന് ഹ്യൂമൻ റിലേഷൻഷിപ്പ് ആണ്. ആയിരങ്ങൾ ചെറിയാച്ചന്റെ പിന്നിൽ, ഇന്നും അപകടം കഴിഞ്ഞും മരണശേഷവും ആയിരിക്കുമ്പോൾ ചെറിയാച്ചനിൽ നിന്ന് ദുരനുഭവമുണ്ടായ ഒരാൾ പോലുമുണ്ടാകില്ല. അദ്ദേഹത്തിൽ നിന്ന് ഒരു കറുത്ത വാക്ക് ലഭിച്ച ഒരാൾ പോലുമുണ്ടാകില്ല. അദ്ദേഹത്തിന്റെ വിനയമാകുന്ന പുഞ്ചിരിയിൽ നിന്ന് സ്നേഹം ഏറ്റ് വാങ്ങാത്തവരായി ആരുമുണ്ടാകില്ല.

ഈ ജീവിതത്തിൽ നിന്ന് നല്കാവുന്നതെല്ലാം നല്കിക്കൊണ്ട് ചെറിയാച്ചൻ കടന്നുപോവുകയാണ്. റിലേഷനിൽ തന്നെ ഒരു പക്ഷേ ജീസസ് യൂത്തുമായി ബന്ധപ്പെടുമ്പോഴും ഇടവകകളിലെ അജപാലന മേഖലകളിലും തന്റെ മുന്നിലേക്ക് വരുന്ന പുരുഷന്മാരായാലും സ്ത്രീകളായാലും യുവാക്കളായാലും യുവതികളായാലും എല്ലാവരോടും ഒരു ഗൗരവകരമായ വളരെ അദ്ഭുതകരമായ ബന്ധം കാത്തുസൂക്ഷിക്കാൻ സാധിച്ചു എന്നുള്ളത് എല്ലാവർക്കും മാതൃകയാക്കാവുന്ന ചെറിയാച്ചന്റെ വലിയ ഗുണവിശേഷം തന്നെയാണ്.

അൻപത് വർഷമാണ് ഇവിടെ ജീവിച്ചതെങ്കിലും അഞ്ച് നൂറ്റാണ്ടിന്റെ സൽപ്പേര് നല്കിക്കൊണ്ട് ചെറിയാനച്ചൻ നമ്മുടെ ഇടയിൽനിന്ന് യാത്രയാകുന്നത്. സ്വർഗരാജ്യത്തിനുവേണ്ടി ആയിരമായിരം ആത്മാക്കളെ സംഘടിപ്പിച്ച് നല്കിക്കൊണ്ട് ചെറിയാച്ചൻ യാത്രയാവുകയാണ്. എറണാകുളം-അങ്കമാലി അതിരൂപതയ്ക്ക് ഇത് ഒരു നഷ്ടമാണ്. ഇതുപോലെ ഒരു ജനുസ് ഈ നൂറ്റാണ്ടിൽ കിട്ടുകയില്ല. പ്രാർത്ഥനയിൽ, ബലിയിൽ, അജപാലനശുശ്രൂഷയിൽ, കലാസാംസ്കാരികരംഗങ്ങളിൽ, ഇടപെടുന്ന ഏതു കാര്യത്തിലാണ് ചെറിയാച്ചന്റെ സ്പർശം ഇല്ലാത്തത്. ഇതുപോലെ ഒരു നഷ്ടം സംഭവിക്കുമ്പോഴും ദൈവത്തിന്റെ തിരുമനസ്സിന്റെ മുമ്പിൽ ഞങ്ങൾ തല കുനിക്കുകയാണ്.

അഹറോൻ ഏലിയാസറിന് വസ്ത്രം കൊടുത്തതുപോലെ, ചെറിയാനച്ചന്റെ ആത്മീയതയും സഹാനുഭൂതിയും ഒരു വസ്ത്രമായി നാം അണിയണം. ചെറിയാച്ചന്റെ എളിമ, അഹങ്കാരമില്ലായ്മ, മറ്റുള്ളവരോടുള്ള പെരുമാറ്റം, ഉറച്ച ബോധ്യങ്ങൾ, നിലപാടുകൾ ഇവയെല്ലാം ചെറിയാനച്ചന്റെ വസ്ത്രങ്ങളാണ്. ആത്മാവിനെ മനോഹരമാക്കിയ വസ്ത്രങ്ങൾ. ആ വസ്ത്രങ്ങൾ നമുക്കായി പങ്കുവയ്ക്കുന്നുണ്ട്. നമ്മളിൽ എല്ലാവരിലൂടെയും ചെറിയാച്ചൻ ജീവിക്കണം. പ്രിയപ്പെട്ട ചെറിയാച്ചാ, ഞങ്ങൾ അങ്ങയോട് യാത്ര പറയുകയാണ്. നമ്മൾ ഒരു ദിവസം കണ്ടുമുട്ടുമല്ലോ! അതിനാണ് നാം ഈ ക്രൈസ്തവജീവിതം നയിക്കുന്നത്. അങ്ങനെ കണ്ടുമുട്ടുന്നതിലേക്ക് തങ്ങളുടെ ജീവിതത്തിലെ ഏതെങ്കിലുമൊക്കെ ഭാഗങ്ങളിൽ കുറവുകൾ സംഭവിക്കുന്നുണ്ടെങ്കിൽ നീ സ്വർഗത്തിലിരുന്നുകൊണ്ട് ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിച്ച് ഞങ്ങളുടെ പൗരോഹിത്യത്തെ, ഞങ്ങളുടെ വിശ്വാസജീവിതത്തെ കൂടുതൽ ആർദ്രതയുള്ളതാക്കണം. ചെറിയാച്ചനിൽ നിന്ന് ആവേശം സ്വീകരിച്ചുകൊണ്ട് ദൈവത്തിന്റെ അനുഗ്രഹത്തിന്റെ വഴികളിലൂടെ കടന്നുപോകാൻ നമ്മളെല്ലാവരെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

മൃതസംസ്ക്കാരത്തിന്റെ നാലാം ഭാഗത്ത് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവ് നേതൃത്വം നൽകി. യുവജനങ്ങൾക്കിടയിൽ ആത്മീയ ശിക്ഷണം നൽകിയ ചെറിയാച്ചന്റെ നിസ്തുലമായ പ്രവർത്തനങ്ങളെ പിതാവ് അനുസ്മരിച്ചു. ജനങ്ങളുടെ ചൂടുംചൂരുമറിഞ്ഞ് അജപാലനം ചെയ്ത നല്ല ഇടയനായ ചെറിയാച്ചൻ വ്യക്തി വിശുദ്ധിയും ജീവിത സാക്ഷ്യവും നൽകിക്കൊണ്ട് കടന്നുപോകുമ്പോൾ ദൈവത്തിന് നമ്മൾ നന്ദിപറയണം. യുവജനങ്ങളോടൊപ്പം പാടി പ്രാർത്ഥിച്ച് തനതായ അജപാലന ശുശ്രൂഷ സംഭാവന ചെയ്താണ് അച്ചൻ കടന്നുപോകുന്നത്. നമുക്ക് സംഭവിച്ചിരിക്കുന്ന വിടവ് സ്വർഗത്തിലെ നിക്ഷേപമായി മാറുമെന്ന് പിതാവ് പറയുകയുണ്ടായി. ഒരു ബാങ്ക് അക്കൗണ്ട് പോലുമില്ലാതെ എല്ലാം കൊടുത്തു തീർത്ത് പാടിയും ചിരിച്ചും ആഗോളതലത്തിൽതന്നെ ഏറെ യുവജനങ്ങളെ നേടിയ ചെറിയാച്ചന്റെ വിശുദ്ധജീവിതം ഏതൊരു വൈദികനും വലിയ വെല്ലുവിളിയാണ്. വിശുദ്ധമായ ആ ജീവിതത്തിന് പ്രണാമം!



# ഫാ. സെബാസ്റ്റ്യൻ ശങ്കൂരിക്കൽ

**ജനനം: 19-09-1935**
**തിരുപ്പട്ടം: 27-09-1961**
**മരണം: 16-06-2021**

ബഹുമാനപ്പെട്ട ശങ്കൂരിക്കൽ സെബാസ്റ്റ്യൻ അച്ചൻ 1935 സെപ്തംബർ 19-ാം തീയതി ഞാറക്കൽ ഇടവകയിലെ ശങ്കൂരിക്കൽ ജോസഫ്-ത്രേസ്യാ ദമ്പതികളുടെ 9 മക്കളിൽ ഒരാളായി ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം എറണാകുളം അതിരൂപതാ മൈനർ സെമിനാരിയിൽ ചേരുകയും തുടർന്ന് പൂന പേപ്പൽ സെമിനാരിയിൽ നിന്ന് വൈദികപരിശീലനം പൂർത്തിയാക്കി, 1961 സെപ്തംബർ 27-ാം തീയതി കർദിനാൾ ജോസഫ് പാറേക്കാട്ടിൽ പിതാവിൽ നിന്ന് തിരുപ്പട്ടം സ്വീകരിച്ചു. അതിരൂപതയിലെ മുട്ടം ഇടവകയിൽ സഹവികാരിയായും തുടർന്ന് പറവൂർ-കച്ചേരിപ്പടി, കുറ്റിപ്പുഴ, ഉദയംപേരൂർ സൂനഹദോസ്, ഇരുമ്പനം-അമ്പലമുകൾ, പാലാരിവട്ടം, തിരുമുടിക്കുന്ന്, മൂക്കന്നൂർ, മേലൂർ, ആലുവ, ഇടപ്പള്ളി, തലയോലപ്പറമ്പ്, താന്നിപ്പുഴ, ആലങ്ങാട്, വള്ളുവള്ളി, കുറുമശ്ശേരി എന്നീ ഇടവകകളിൽ വികാരിയായും അജപാലന ശുശ്രൂഷ നിർവഹിച്ചു. ബ. ശങ്കൂരിക്കൽ അച്ചൻ ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദാനന്തര ബിരുദം നേടിയിട്ടുണ്ട്. കൂടാതെ CML, DCMS, Sacred Music, തിരുബാലസഖ്യം, Pontifical Associations എന്നിവയുടെ ഡയറക്ടറായും സേവനം ചെയ്തിട്ടുണ്ട്. ഇതിൽ Sacred Music ന്റെ ഡയറക്ടറായി നീണ്ട 17 വർഷക്കാലമാണ് ശങ്കൂരിക്കൽ അച്ചൻ സേവനം ചെയ്തത്. അതിമനോഹരവും ഭക്തിനിർഭരവുമായും സുറിയാനി കുർബാനയർപ്പിക്കുവാനുള്ള ശങ്കൂരിക്കലച്ചന്റെ കഴിവ് ഏറെ പ്രശസ്തമാണ്.

2011 ഫെബ്രുവരി മുതൽ തൃക്കാക്കര വിജോഭവനിൽ വിശ്രമ ജീവിതം നയിക്കവേ വാർദ്ധക്യ സഹജമായ അസുഖങ്ങളെതുടർന്ന്, 85-ാം വയസ്സിൽ, 2021 ജൂൺ 16-ാം തീയതി ബുധനാഴ്ച വൈകിട്ട് 5.00 മണിക്ക് ബ. സെബാസ്റ്റ്യൻ ശങ്കൂരിക്കൽ അച്ചൻ ഈ ലോകത്തോട് വിടപറഞ്ഞ്, സ്വർഗ്ഗീയ പിതാവിന്റ വസതിയിലേക്ക് യാത്രയായി. ബ. ശങ്കൂരിക്കൽ അച്ചന്റെ മൃതദേഹം 2021 ജൂൺ 19-ാം തീയതി സ്വവസതിയിൽ പൊതു

ദർശനത്തിന് വയ്ക്കുകയും, തുടർന്ന്, ഞാറയ്ക്കൽ സെന്റ് മേരീസ് ഇടവക ദേവാലയത്തിലേക്ക് കൊണ്ടുവരികയും ചെയ്തു.

മൃതസംസ്കാര കർമ്മങ്ങളുടെ മൂന്നാം ഭാഗത്ത് അതിരൂപത മെത്രാപ്പോലീത്തൻ വികാരി ആർച്ചുബിഷപ് ആന്റണി കരിയിൽ പിതാവാണ് വിശുദ്ധ കുർബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചത്. അച്ചന്റെ അടുത്ത ബന്ധുവും റോമിലെ അപ്പസ്തോലിക് വിസിറ്റേറ്ററുമായ അഭിവന്ദ്യ സ്റ്റീഫൻ ചിറപ്പണത്ത്, ചാന്ദാ രൂപതാദ്ധ്യക്ഷനും നമ്മുടെ അതിരൂപതാംഗവുമായ അഭിവന്ദ്യ എഫ്രേം നരികുളം എന്നീ പിതാക്കൻമാരാണ് സഹകാർമ്മികരായത്.

തന്റെ ആമുഖത്തിൽ ആർച്ചുബിഷപ് ആന്റണി കരിയിൽ പിതാവ് ശങ്കൂരിക്കലച്ചന്റെ ജീവിതത്തെ അനുസ്മരിച്ചു. അതിരൂപതയിലെ വിവിധ ഇടവകകളിൽ സ്തുത്യർഹമായ സേവനം ചെയ്ത ശങ്കൂരിക്കലച്ചൻ പിതാക്കന്മാരുടെയും വൈദികരുടെയും സംസ്കാര ശുശ്രൂഷകളിൽ സജീവമായി പങ്കെടുത്തിരുന്നു. അച്ചന്റെ ഈണത്തിൽ വിടപറഞ്ഞു പോയ വൈദികർ അനവധിയാണ്. വൈദിക കൂട്ടായ്മയെ വിലമതിച്ച ശങ്കൂരിക്കലച്ചൻ എപ്പോഴും സന്തോഷവാനായിരുന്നു. വിജോഭവനിലെ ചിരിക്കുന്ന സുന്ദരമുഖം ഇനി ഓർമ്മ മാത്രം. പാട്ടുകാരൻ മാത്രമല്ല, മികച്ച അജപാലകനും വാഗ്മിയും കൂടിയായിരുന്നു ബ. ശങ്കൂരിക്കലച്ചൻ. താൻ ആയിരുന്ന ഇടവകകളിലെ സാധാരണക്കാരായ മനുഷ്യരുടെ തൊഴിലിടങ്ങളിലേയ്ക്കും കളിസ്ഥലങ്ങളിലേയ്ക്കും അച്ചൻ ഇറങ്ങിച്ചെന്നു. കാണ്ടി, പൂനെ സെമിനാരികളിൽ നിന്നും പഠിച്ച അദ്ദേഹത്തിന്റെ വചന വിചിന്തനങ്ങൾ എല്ലാവർക്കും മനസ്സിലാകുന്നതും ജീവിതത്തിൽ പ്രാവർത്തികമാക്കാൻ സാധിക്കുന്നതുമായിരുന്നു.

മികച്ച സംഘാടകൻ നൂതനമായ ആശയങ്ങളുടെ ഉപാസകൻ, സുറിയാനി ആരാധനാക്രമങ്ങളുടെ സൗന്ദര്യം കാത്തുസൂക്ഷിച്ച വൈദീകൻ. പ്രായാധിക്യം അലട്ടുമ്പോൾപോലും വൈദീകരുടെ വിയോഗ വേളകളിലേയ്ക്ക് അച്ചൻ വീൽ ചെയറിലെത്തി സുറിയാനി സംഗീതത്തിന്റെ മാറ്റൊലി കേൾപ്പിച്ചിരുന്നു. വിടവാങ്ങുന്നേൻ...... എന്ന അനശ്വര ഗാനത്തിലൂടെ എല്ലാവരുടെയും ഹൃദയം കവർന്ന സെബാസ്റ്റ്യൻ ശങ്കൂരിക്കലച്ചന് ഇന്ന് നാം വിട ചൊല്ലുകയാണ് എന്നു പറഞ്ഞുകൊണ്ടാണ് പിതാവ് തിരുക്കർമ്മങ്ങൾ ആരംഭിച്ചത്.

അഭിവന്ദ്യ സ്റ്റീഫൻ ചിറപ്പണത്ത് പിതാവാണ് സെബാസ്റ്റ്യൻ അച്ചനെ സുവിശേഷഗ്രന്ഥം മുത്തിച്ചത്. സെബാസ്റ്റ്യൻ ശങ്കൂരിക്കൽ അച്ചന്റെ

കൊച്ചച്ചനും സുഹൃത്തും അതിരൂപത ആർക്കിവിസ്റ്റുമായ ബഹു. ഇഗ്നേഷ്യസ് പയ്യപ്പിള്ളി അച്ചൻ വി. കുർബാന മധ്യേയുള്ള തിരുവചന സന്ദേശത്തിൽ ഇങ്ങനെ പറയുകയുണ്ടായി: എറണാകുളം-അങ്കമാലി അതിരൂപതയുടെ അഭിമാനവും സ്വകാര്യ അഹങ്കാരവുമായിരുന്ന ബഹുമാനപ്പെട്ട ശങ്കൂരിക്കൽ സെബാസ്റ്റ്യൻ അച്ചൻ അനുഗ്രഹീത ഗായകനായിരുന്ന ശങ്കൂരിക്കൽ അച്ചൻ ഇന്ന് മാലാഖമാരോടൊപ്പം സ്വർഗ്ഗത്തിൽ സ്തുതിഗീതങ്ങൾ ആലപിക്കുന്നു.

കൊച്ചച്ചന്മാരെ സ്നേഹപൂർവം ചേർത്തുനിർത്തിയ അച്ചനായിരുന്നു ശങ്കൂരിക്കൽ അച്ചൻ. ദൈവം തന്ന കഴിവുകൾ കണ്ടെത്തി വളർത്തി ദൈവരാജ്യശുശ്രൂഷയിൽ ദൈവം ആഗ്രഹിക്കുന്ന രീതിയിൽ ശോഭിക്കാൻ എല്ലാവരെയും അദ്ദേഹം ഉത്തേജിപ്പിക്കുമായിരുന്നു. അച്ചന്റെ അടുത്തു വരുന്ന എല്ലാവർക്കും പോസിറ്റീവ് എനർജി അച്ചനിൽ നിന്നും ലഭിക്കുമായിരുന്നു. വർഷങ്ങൾക്കുമുമ്പ് തനിക്കു ലഭിച്ച പൗരോഹിത്യവസ്ത്രത്തോട് അങ്ങേയറ്റം ആദരവും ബഹുമാനവും ശങ്കൂരിക്കൽ അച്ചൻ കാണിച്ചിരുന്നു. വൈദികവസ്ത്രത്തിലല്ലാതെ കാണപ്പെടാത്ത ശങ്കൂരിക്കലച്ചൻ, ഒരു വൈദികൻ എന്ന നിലയിൽ അഭിമാനിക്കുകയും, ആ അഭിമാനം മറ്റുള്ളവർക്കു മുമ്പിൽ പ്രകടമാകത്തക്കവിധം ജീവിക്കുകയും ചെയ്തു.

മികവുറ്റ സംഘാടകസാമർത്ഥ്യം ശങ്കൂരിക്കൽ അച്ചനെ വ്യത്യസ്തനാക്കിയിരുന്നു. തനിക്കു ലഭിച്ച കഴിവുകളെല്ലാം അങ്ങേയറ്റം വളർത്തി ഈ സംഘാടക മികവിനെ കൂടുതൽ മിഴിവുള്ളതാക്കാൻ അച്ചനു സാധിച്ചു. ഈ കഴിവുകളൊക്കെ തന്റെ ദൗത്യത്തോടു കൂട്ടിയിണക്കി ദൈവരാജ്യശുശ്രൂഷയ്ക്കായി ഉപയോഗിക്കാൻ അച്ചന് കഴിഞ്ഞു എന്നത് എടുത്തു പറയേണ്ടതാണ്.

അതിരൂപതയിലെ സി.എൽ.സി., തിരുബാലസഖ്യം, സി.എം.എൽ., സേക്രഡ് മ്യൂസിക് എന്നീ സംഘടനകളുടെ ഡയറക്ടറായി സേവനം ചെയ്ത അച്ചൻ യുവഹൃദയങ്ങളെ സഭയോടും വിശ്വാസത്തോടും ചേർത്തുനിർത്താൻ ബദ്ധശ്രദ്ധനായിരുന്നു. വഴിതെറ്റിപ്പോകാൻ സാധ്യതയുള്ള പ്രായത്തിൽ യുവജനങ്ങളെ പള്ളിയോടും പട്ടക്കാരനോടും ദൈവത്തോടും ദേവാലയത്തോടും ചേർത്തുനിർത്താൻ അദ്ദേഹം പരിശ്രമിച്ചു. തന്റെ നർമ്മസംഭാഷണ ചാതുരിയും സംഘാടക സാമർത്ഥ്യവും സംഗീതവാസനയുമെല്ലാം ഇതിനായി അച്ചൻ ഉപയോഗപ്പെടുത്തി. ഇടവക കൂട്ടായ്മയെ ഊഷ്മളമാക്കാൻ ക്രിയാത്മക

മായ കർമ്മപരിപാടികൾ ആസൂത്രണം ചെയ്തു സംഘടിപ്പിക്കുന്നതിൽ അസാമാന്യവൈഭവം ഉണ്ടായിരുന്നു ശങ്കൂരിക്കൽ അച്ചന്. ആലുവ പള്ളിയിൽ അദ്ദേഹം ആരംഭിച്ച 'ഇടവകചാത്തം' ഈ അവസരത്തിൽ സ്മരണീയമാണ്.

നീണ്ട 10 വർഷമാണ് ശങ്കൂരിക്കൽ അച്ചൻ വിജോഭവനിൽ ആയിരുന്നത്. വിശ്രമജീവിതത്തിൽ ആയിരുന്ന കാലം മുഴുവനും പ്രാർത്ഥനയിലും ധ്യാനത്തിലും ചെലവഴിച്ചുകൊണ്ട് ആത്മാർത്ഥമായി ഒരുങ്ങിയാണ് ശങ്കൂരിക്കലച്ചൻ യാത്രയായിരിക്കുന്നത്. തന്റെ മരണത്തെ മുന്നിൽകണ്ട് ഒരുങ്ങുന്ന സമയത്തും, മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കാനും, സഹോദരവൈദികരുടെ മൃതസംസ്കാരശുശ്രൂഷവേളയിൽ 'വിടവാങ്ങുന്നേൻ...' എന്ന ഹൃദയസ്പൃക്കായ ഗാനം ആലപിക്കാനും രോഗാരിഷ്ടതകൾ അവഗണിച്ചുപോലും അച്ചൻ വരുമായിരുന്നു. ഏതു വേഷം അണിഞ്ഞാലും, ഏതു സ്റ്റേജിൽനിന്നാലും, താനാരാണ്? എവിടേക്കു പോകുന്നു? എവിടെ നിന്നുവരുന്നു? ഈ ബോധ്യമാണ് ഓരോ വൈദികനുമുണ്ടാകേണ്ടതെന്ന് ശങ്കൂരിക്കൽ അച്ചൻ തന്റെ ജീവിതത്തിലൂടെ പ്രഘോഷിച്ചു.

മൃതസംസ്കാര ശുശ്രൂഷയുടെ അവസാനഭാഗത്ത് അഭിവന്ദ്യ കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവ് തിരുകർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. ചിന്തകനും ഗായകനുമായ വൈദികനെയാണ് നാം യാത്രയാക്കുന്നതെന്നും അദ്ദേഹം അനേകം സംസ്കാര ശുശ്രൂഷയിൽ പാടിയ വിടവാങ്ങൽ ഗാനം ആരും മറക്കില്ലെന്നും പിതാവ് തന്റെ ആമുഖ പ്രഭാഷണത്തിൽ പറഞ്ഞു. സുറിയാനി ഭാഷയേയും ആ ഭാഷയിലുള്ള ആരാധനസംഗീതത്തെയുംപറ്റി അവഗാഹമുള്ള ശങ്കുരിക്കലച്ചന്റെ സ്വരമാധുര്യം ആത്മീയാനുഭവമായിരുന്നെന്നും അച്ചന്റെ സ്നേഹത്തോടെയുള്ള സമീപനം ജാതിമതഭേദമെന്യേ എല്ലാവരുടെയും ഹൃദയം കവർന്നെന്നും ആലഞ്ചേരി പിതാവ് അനുസ്മരിച്ചു. ശങ്കൂരിക്കൽ അച്ചന്റെ അന്തിമ യാത്രാവേളയിൽ അച്ചന്റെ സ്വരമാധുരി തന്നെയാണ് ദേവാലയത്തിൽ അലയടിച്ചത്. മികച്ച് അജപാലകനും വാഗ്മിയും സുറിയാനി ആരാധനാഗീതങ്ങളുടെ ഉപാസകനുമായ ബ. സെബാസ്റ്റ്യൻ ശങ്കൂരിക്കലച്ചന് എറണാകുളം-അങ്കമാലി അതിരൂപതയുടെ പ്രണാമം!

## സി. മറിയം എലവത്തിങ്കൽ SD



പ്രൊവിൻഷ്യൽ ഹൗസ്, ചുണങ്ങംവേലി

| | | |
|---|---|---|
| ജനനം | : | 02/09/1943 |
| വ്രതവാഗ്ദാനം | : | 06/01/1966 |
| മരണം | : | 04/06/2021 |

## സി. റോസ്മി കോലഞ്ചേരി SD



പ്രൊവിൻഷ്യൽ ഹൗസ്, ചുണങ്ങംവേലി

| | | |
|---|---|---|
| ജനനം | : | 22/11/1953 |
| വ്രതവാഗ്ദാനം | : | 06/01/1978 |
| മരണം | : | 06/06/2021 |

## സി. ലൂർദ് മോയലൻ SD



പ്രൊവിൻഷ്യൽ ഹൗസ്, ചുണങ്ങംവേലി

| | | |
|---|---|---|
| ജനനം | : | 02/07/1933 |
| വ്രതവാഗ്ദാനം | : | 07/02/1954 |
| മരണം | : | 08/06/2021 |

## സി. ഫ്ളോറിൻ SD



പ്രൊവിൻഷ്യൽ ഹൗസ്, ചുണങ്ങംവേലി

| | | |
|---|---|---|
| ജനനം | : | 28/02/1933 |
| വ്രതവാഗ്ദാനം | : | 06/01/1958 |
| മരണം | : | 02/05/2021 |

## സി. ബെറ്റ്സി തേലക്കാടൻ SD



പ്രൊവിൻഷ്യൽ ഹൗസ്, ചുണങ്ങംവേലി

| | | |
|---|---|---|
| ജനനം | : | 26/04/1950 |
| വ്രതവാഗ്ദാനം | : | 06/01/1969 |
| മരണം | : | 06/06/2021 |

## സി. ഹെലൻ CSN



നസ്രത്ത് കോൺവെന്റ്, പാദുവാപുരം.

| | | |
|---|---|---|
| ജനനം | : | 15/10/1938 |
| വ്രതവാഗ്ദാനം | : | 24/03/1962 |
| മരണം | : | 14/06/2021 |

## സി. എൽസി ജെയിംസ് MSJ



(എൽസിക്കുട്ടി തൈക്കേരി, എടത്വ)
നിർമ്മല പ്രൊവിൻഷ്യൽ ഹൗസ്

| | | |
|---|---|---|
| ജനനം | : | 24/01/1936 |
| വ്രതവാഗ്ദാനം | : | 10/09/1957 |
| മരണം | : | 11/05/2021 |

---

# വാർത്തകളും വിശേഷങ്ങളും

## വൈദികർക്കായുള്ള തിരുസംഘത്തിന് പുതിയ അദ്ധ്യക്ഷൻ

ദക്ഷിണകൊറിയക്കാരനായ ബിഷപ്പ് ലാസ്സറുസ് യു ഹ്യൂംഗ് സിക്-നെ (Lazarus You Heung-sik) വൈദികർക്കായുള്ള സംഘത്തിന്റെ (Vatican Congregation for Clergy) പുതിയ അദ്ധ്യക്ഷനായി ഫ്രാൻസിസ് പാപ്പ നിയോഗിച്ചു. കൊറിയയിലെ ദെജോ (Daejeon) രൂപതയുടെ മെത്രാനായി സേവനമനുഷ്ഠിച്ചു വരികയായിരുന്നു നിയുക്ത പ്രീഫെക്ട് ബിഷപ്പ് ഹ്യൂംഗ് സിക്. ദക്ഷിണകൊറിയയിലെ നൊസാൻഗുൻ ചുങ്നാമിൽ 1951 നവമ്പർ 17-ന് ജനിച്ച നിയുക്ത പ്രീഫെക്ട്.1979 ഡിസംബർ 9-ന് പരോഹിത്യം സ്വീകരിക്കുകയും 2003 ആഗസ്റ്റ് 19-ന് മെത്രാനായി അഭിഷിക്തനാകുകയും ചെയ്തു. 69 വയസ്സു പ്രായമുള്ള അദ്ദേഹം കൊറിയയിലെ മെത്രാന്മാരുടെ സംഘത്തിന്റെ സമാധാനസമിതിയുടെ അദ്ധ്യക്ഷനായി സേവനമനുഷ്ഠിച്ചിട്ടുണ്ട്.

## ദൈവപിതാവിന്റെ യഥാർത്ഥമുഖം കണ്ടെത്താൻ ദരിദ്രർ നമ്മെ പ്രാപ്തരാക്കുന്നു

അഞ്ചാമത് ലോക ദരിദ്രദിനത്തോടനുബന്ധിച്ച് നൽകിയ സന്ദേശത്തിൽ ഫ്രാൻസിസ് പാപ്പാ ലോകത്തിൽ നിലനിൽക്കുന്ന നൂതന ദാരിദ്ര്യരൂപങ്ങളെ നേരിടാൻ നിർദ്ദേശിച്ചു. 'ദരിദ്രർ എപ്പോഴും നിങ്ങളുടെ കൂടെയുണ്ട്' എന്ന വി. മർക്കോസ് സുവിശേഷത്തിൽനിന്നുള്ള വചനമാണ് ദരിദ്രദിനത്തിന്റെ പ്രമേയം. ദരിദ്രർ, ഏകാന്തർ, പാർശ്വവത്കരിക്കപ്പെട്ടവർ, വിവേചനത്തിന്റെ ഇരകൾ എന്നിവരെ പ്രതിയാണ് യേശു ആ സ്ത്രീയുടെ തൈലാഭിഷേകത്തെ സ്വീകരിച്ചതെന്ന് സൂചിപ്പിച്ച പാപ്പാ, നാമമില്ലാത്ത ആ സ്ത്രീ നൂറ്റാണ്ടുകളായി താഴെക്കിടയിൽ മൗനം പാലിക്കുകയും അതിക്രമങ്ങൾ അനുഭവിക്കുകയും ചെയ്യുന്ന സകല സ്ത്രീകളെയും പ്രതിനിധീകരിക്കുന്നുവെന്നു തന്റെ സന്ദേശത്തിൽ പറഞ്ഞു. എന്നും എവിടെയുമുള്ള ദരിദ്രർ, പിതാവിന്റെ മുഖം കണ്ടെത്താനുള്ള നവീന മാർഗ്ഗങ്ങൾ നമുക്ക് കാണിച്ചുതന്നുകൊണ്ട് നമ്മെ സുവിശേഷവൽക്കരിക്കയാണെന്നും പാപ്പാ പറഞ്ഞു. യേശു ദരിദ്രരോടു പക്ഷം ചേരുക മാത്രമല്ല  അവരുടെ ഗതിയിൽ പങ്കുചേരുകയും ചെയ്യുന്നു. ഉപവി പ്രവർത്തനങ്ങളും പരസ്പര പങ്കുവയ്ക്കലും തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ച് പാപ്പ വിവരിച്ചു. ഉപവി പ്രവർത്തനങ്ങൾ ഒരു ദാതാവിനെയും സ്വീകർത്താവിനെയും മുൻകൂട്ടി സങ്കൽപ്പിക്കുന്നു. എന്നാൽ, പരസ്പര പങ്കുവയ്ക്കൽ സാഹോദര്യത്തെ സൃഷ്ടിക്കുന്നുവെന്നും പറഞ്ഞു. ഈ അർത്ഥത്തിൽ ദാനധർമ്മം ഇടയ്ക്കിടെ മാത്രം സംഭവിക്കുന്നതാണെന്നും എന്നാൽ, പങ്കുവയ്ക്കൽ എന്നും നിലനിൽക്കുന്നതാണെന്നും ഓർമ്മിപ്പിച്ചു. ഉപവി പ്രവർത്തനങ്ങൾ അത് നിർവ്വഹിക്കുന്നവരെ സംതൃപ്തരാക്കുകയും സ്വീകരിക്കുന്നവരുടെ അന്തസ്സ് കുറയ്ക്കുകയും ചെയ്യുന്നു. എന്നാൽ, പരസ്പരം പങ്കുവയ്ക്കൽ ഐക്യദാർഢ്യത്തെ ശക്തിപ്പെടുത്തുകയും നീതി കൈവരിക്കുന്നതിന് ആവശ്യമായ അടിത്തറയിടുകയും ചെയ്യുന്നു. ദാരിദ്ര്യം വിധിയല്ല അത് സ്വാർത്ഥതയുടെ പരിണതഫലമാണെന്നും പാപ്പ ചൂണ്ടിക്കാണിച്ചു. നമ്മുടെ പ്രാദേശിക സഭകളിൽ ദരിദ്രരെ വ്യക്തിപരമായി സന്ദർശിക്കുന്ന സുവിശേഷവൽക്കരണത്തിന്റെ മുന്നേറ്റം വളർത്തട്ടെ എന്ന് പ്രത്യാശിച്ച ഫ്രാൻസിസ് പാപ്പാ, ദരിദ്രർ തങ്ങളുടെ വാതിക്കൽ വന്നു മുട്ടാൻ കാത്തിരിക്കാതെ അവരുടെ വീടുകളിലേക്കും, ആശുപത്രികളിലേക്കും തെരുവുകളിലേക്കും ചെന്ന് കണ്ടുമുട്ടാൻ ആഹ്വാനം ചെയ്തു.

# വിശ്വാസപരിശീലനകേന്ദ്രം

1. Domus Cat (വീട് വിശ്വാസപരിശീലന വേദി): ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ ഭവനങ്ങളിൽ കുടുംബത്തോടൊപ്പം വിശ്വാസപരിശീലനം നടത്തുന്ന രീതിയാണല്ലൊ ഈ വർഷവും വിഭാവനം ചെയ്തിരിക്കുന്നത്. ഞായറാഴ്ച രാവിലെ 9.30-നുള്ള വി. കുർബാന വിവിധ ഇടവകകളിൽനിന്നും ഓൺലൈൻ ആയി സംപ്രേ ക്ഷണം ചെയ്യുന്നതാണ്. തുടർന്നുള്ള സമയം കുട്ടികളുടെ വിശ്വാസ പരിശീലനത്തിനായി മാറ്റിവയ്ക്കണം. ഇതിനു സഹായകരമായ പ്രാർത്ഥനകളും വീഡിയോക്ലാസുകളും വർക്കുബുക്കിന്റെ പി.ഡി.എഫ്. ഫയലുകളും, അതിരൂപത കേന്ദ്രത്തിൽ നിന്നും അധ്യാപകർ വഴി മാതാ പിതാക്കൾക്കും കുട്ടികൾക്കുമായി എല്ലാ ഇടവകകളിലേക്കും അയച്ചു തരുന്നുണ്ട്.

**ജൂലൈ-ആഗസ്റ്റ് മാസത്തെ വി. കുർബാനകൾ**

| | | |
|---|---|---|
| ജൂലൈ | 04 | വിമലഗിരി, മേരി ഇമ്മാക്കുലേറ്റ് പള്ളി<br>(റവ. ഫാ. തോമസ് മഴുവഞ്ചേരി) |
| ജൂലൈ | 11 | ദേവഗിരി, സെന്റ് സെബാസ്റ്റ്യൻസ് പള്ളി<br>(റവ. ഫാ. സെബാസ്റ്റ്യൻ പൊട്ടോളി) |
| ജൂലൈ | 18 | കണ്ടനാട്, ഇൻഫന്റ് ജീസസ് പള്ളി<br>(റവ. ഫാ. മാത്യു മണവാളൻ) |
| ജൂലൈ | 25 | പൂണിത്തുറ, സെന്റ് ജെയിംസ് പള്ളി<br>(റവ. ഫാ. തോമസ് നരികുളം) |
| ആഗസ്റ്റ് | 01 | കാരണക്കോടം, സെന്റ് ജൂഡ് പള്ളി<br>(റവ. ഫാ. തോമസ് മംഗലശ്ശേരി) |

ജൂൺ മാസത്തിൽ വി. കുർബാനകൾ സംപ്രേക്ഷണം ചെയ്ത ഇടവകകൾ: 6-ാം തീയതി റിന്യൂവൽ സെന്റർ (റവ. ഡോ. പീറ്റർ കണ്ണമ്പുഴ- വിശ്വാസപരിശീലനകേന്ദ്രം ഡയറക്ടർ). 13-ാം തീയതി കാടുകുറ്റി ഇൻഫന്റ് ജീസസ് പള്ളി (റവ. ഫാ. ടോം മുള്ളൻചിറ), 20-ാം തീയതി അച്ചിനകം സെന്റ് ആന്റണീസ് പള്ളി (റവ. ഫാ. സനു പുതുശ്ശേരി), 27-ാം തീയതി തായിക്കാട്ടുകര സെന്റ്സ് പീറ്റർ & പോൾ പള്ളി (ഫാ. ജിമ്മി കക്കാട്ടുചിറ).

**2. ഏവൻഗെലിയോൻ (മെഗാഗോസ്പ്പെൽ ക്വിസ്):** 2019 ഡിസംബർ മാസം മുതൽ നടത്തിയ ക്വിസ് പ്രോഗ്രാം സമാപിച്ചു. ഓരോ ക്വിസിലും ഏറ്റവും കൂടുതൽ ശരിയുത്തരങ്ങൾ നൽകിയവർക്ക് സമ്മാനങ്ങൾ നൽകി.

അഞ്ചാമത്തെ എപ്പിസോഡായ Grand Finale ജൂൺ 12 ശനിയാഴ്ച നടന്നു. അതിൽ പങ്കെടുത്ത എല്ലാവർക്കും, പ്രത്യേകിച്ച് സമ്മാനർഹരായവർക്ക് അഭിനന്ദനങ്ങൾ. അവരുടെ പേരുകൾ താഴെ ചേർക്കുന്നു.

**ഒന്നാം സമ്മാനം:** **Sophy Joseph Areeckal**
(St Antony's Church Edakkunnu, Karukutty)

**രണ്ടാം സമ്മാനം:** **Airine K. Polachan Konooran**
(St. Rockey's Church Manickamangalam)

**മൂന്നാം സമ്മാനം:** **Shinson Johny Vadakkumchery**
(St. Joseph's Church Meloor)

**ഏവൻഗെലിയോൻ (മെഗാഗോസ്പ്പെൽ ക്വിസ്) മെഗാ പ്രൈസ്:**

അഞ്ചു റൗണ്ടുകളിലും കൂടി ഏറ്റവും കൂടുതൽ പോയിന്റ് ലഭിച്ച 15 വിജയികളുടെ പേരുകൾ താഴെ ചേർക്കുന്നു. ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ സ്വന്തമാക്കിയവർക്ക് ക്യാഷ്പ്രൈസും നാല് മുതൽ പന്ത്രണ്ടു വരെയുള്ള സ്ഥാനം ലഭിച്ചവർക്ക് പ്രോത്സാഹനസമ്മാനമായി Game of Bible Icons - Link 2 -വും നൽകുന്നു. ഓരോ റൗണ്ടിലും എല്ലാശരിയുത്തരങ്ങൾ നൽകിയവർക്ക് അതിരൂപതാകേന്ദ്രത്തിൽ നിന്നും സർട്ടിഫിക്കറ്റുകൾ നൽകുന്നതാണ്.

I **Ajish John Vattakkara North -** St. Jame's Church, Paloothara

I **Christin Vincent Pazhukunnel -** Little Flower Church, Elamkulam

II **Angel Maria Shaji Mavunkal -** St. John the Baptist Church, S. Paravoor

II **Dr. Jolly Paul Punchaputhussery -** St. Joseph's Church, Njaralloor

III **Nikhil M. Biju Naduvilekizhakkel -** Little Flower Monastery Church, Manappuram

III **Rosemary P. P. Palathingal, Thamaramkulangara -** St. Mary's Forane Church, Thripunithura

IV **Sophy Joseph Areeckal -** St. Antony's Church, Edakkunnu

V **Imelda Celine Mathew Moolecherry -** St. Mary's Forane Church, Thripunithura

VI **Lilly Jacob Njarathadathil -** St. Mary's Forane Church, Thripunithura

VII **Rini Johny Tharappel -** St. Mary's Forane Church, Kadaplamattom

VIII **Shilpa Aji Melite -** Little Flower Church, Elamkulam

IX **Airine K. Polachan Konooran -** St. Rockey's Church Manickamangalam

X **Jaly Jacob Tharappel -** St. Mary's Forane Church, Thripunithura

XI **Martin Beena Pallipatt -** St. George Basilica, Angamaly

XII **Theja George Thachil -** St. George Basilica, Angamaly

ഈ പ്രോഗ്രാം ചെയ്യുന്നതിന് സഹായിച്ച എല്ലാവരെയും പ്രത്യേകിച്ച് ക്വിസ് മാസ്റ്റർ എന്ന നിലയിൽ എറണാകുളം-അങ്കമാലി അതിരൂപത ബൈബിൾ അപ്പോസ്തോലേറ്റിന്റെ ഡയറക്ടറായ ബ. ജോഷി പുതുശ്ശേരിയച്ചനും, ഈ പ്രോഗ്രാമിനുവേണ്ടി 25000 രൂപ സംഭാവന നൽകിയ കിഴക്കമ്പലം ഫൊറോനപള്ളി വികാരി പെ. ബ. ഫ്രാൻസിസ് അരീക്കലച്ചനും നന്ദിയും കടപ്പാടും അറിയിക്കുന്നു.

**4. ജൂൺ 26 ശനി 8.30 P.M.:** ഡിഡാക്കേ (Didache): മാതാപിതാക്കൾക്കുവേണ്ടിയുള്ള ഓൺലൈൻ ഓറിയന്റേഷൻ പ്രോഗ്രാം. ജൂൺ 26-ാം തീയതി വൈകിട്ട് 8.30 മണിക്ക് (catechismernakulam Youtube Channel) നടന്നു. ഈ പ്രോഗ്രാമിന് നേതൃത്വം നൽകിയത് ബ്രദർ എൽവിസ് കോട്ടൂരാൻ (ഡയറക്ടർ, ഡിവൈൻ മേഴ്സി ഫെല്ലോഷിപ്പ്) ആണ്.

**5. ജൂലൈ 3 ശനി:** ദുക്റാന തിരുനാൾ മാർഗ്ഗം 2K21 അതിരൂപതയുടെ ശതോത്തര രജതജൂബിലിയോട് അനുബന്ധിച്ച് നടത്തുന്ന ക്വിസ് പ്രോഗ്രാം. വൈകിട്ട് 07.00 മണിക്ക് (catechismernakulam Youtube Channel). അതിരൂപതയുമായി ബന്ധപ്പെട്ട ചരിത്രം, സംഭവങ്ങൾ, സ്ഥലങ്ങൾ, വ്യക്തികൾ എന്നിവയെ കൂടുതൽ അറിയുവാനും അതിരൂപതയെ സ്നേഹിക്കുവാനും ഒരവസരം.

**6. ജൂലൈ 17 ശനി:** DIDACHE: മാതാപിതാക്കൾക്കുവേണ്ടിയുള്ള രണ്ടാമത്തെ ഓൺലൈൻ ഓറിയന്റേഷൻ പ്രോഗ്രാം. ജൂലൈ 17-ാം

തീയതി. ഈ പ്രോഗ്രാമിന് നേതൃത്വം നൽകുന്നത്: ഡോ. അലക്സാണ്ടർ ജേക്കബ് ഐ.പി.എസ്..

**7. ജൂലൈ 18 ഞായർ:** ഒന്നാം ക്ലാസു മുതൽ ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ട അവസാന തീയതി ജൂലൈ 18 ഞായറാഴ്ചയാണെന്ന കാര്യം പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

**8. ജൂലൈ 24 ശനി DIDACHE:** മാതാപിതാക്കൾക്കുവേണ്ടിയുള്ള മൂന്നാമത്തെ ഓൺലൈൻ ഓറിയന്റേഷൻ പ്രോഗ്രാം. ജൂലൈ 26-ാം തീയതി വൈകിട്ട് 8.30 മണി മുതൽ. ഈ പ്രോഗ്രാമിന് നേതൃത്വം നൽകുന്നത് ബഹു ഫാ ജോസഫ് പുത്തൻപുരയ്ക്കൽ.

**9. ജൂലൈ 25 :** വി. യാക്കോബ് ശ്ലീഹായുടെ തിരുനാൾ.

**10. ജൂലൈ 26:** ഗ്രാന്റ് പാരന്റ്സ് ഡേ. വി. അന്ന, വി. ജൊവാക്കിം തിരുനാൾ.

**11. ജൂലൈ 28:** വി. അൽഫോൻസാമ്മയുടെ തിരുനാൾ.

**12. ആഗസ്റ്റ് 01 ഞായർ:** വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ (ഇടവക തലത്തിൽ കാറ്റിക്കിസം വിഭാഗം ആഘോഷിക്കുന്നു) (തിരുനാൾ ദിനം - ആഗസ്റ്റ് 4)

വിയാനി ദിനത്തോടനുബന്ധിച്ച് നടത്തുന്ന രണ്ട് പ്രോഗ്രാമുകൾ:

1) വിയാനി ചരിതം - അതിരൂപതാ തലത്തിൽ എല്ലാ കാറ്റിക്കിസം യൂണിറ്റുകളുടെയും സഹകരണത്തോടെ വ്യത്യസ്തമായ ഒരു വിയാനി ചരിതം (വീഡിയോ പ്രോഗ്രാം). ഈ പ്രോഗ്രാമിനായി ഓരോ ഇടവകയിൽ നിന്നും മുതിർന്ന ക്ലാസ്സിലെ ഒരു കുട്ടിയെ തിരഞ്ഞെടുക്കേണ്ടതാണ്. കുട്ടി അവതരിപ്പിക്കേണ്ട ഭാഗവും മറ്റു നിർദ്ദേശങ്ങളും ഫൊറോന പ്രൊമോട്ടർമാരുടെ നേതൃത്വത്തിൽ നൽകുന്നതാണ്.

2) ഓർമ്മയിലൊരച്ചൻ - നമുക്കറിയാവുന്നതും നമ്മെ സ്വാധീനിച്ചിട്ടുള്ളതുമായ അച്ചന്റെ/അച്ചന്മാരുടെ ഓർമ്മകളും അനുഭവങ്ങളും

പങ്കുവയ്ക്കുന്നതിനുവേണ്ടി നടത്ത പ്പെടുന്ന ഒരു മത്സരമാണ് 'ഓർമ്മയിലൊരച്ചൻ.'

ലക്ഷ്യം: പൗരോഹിത്യത്തിന് ഊർജം പകരാൻ. നല്ല പൗരോഹിത്യം കുടുംബങ്ങളിൽ ചർച്ചയാകട്ടെ.

നിബന്ധനകൾ:

- എല്ലാ കുടുംബങ്ങൾക്കും ഇതിൽ പങ്കെടുക്കാവുന്നതാണ്. (കത്തോലിക്കർ അല്ലാത്ത കുടുംബങ്ങൾക്കും പങ്കെടുക്കാം).
- ഈ വീഡിയോയുടെ സമയപരിധി 3 മിനിറ്റാണ്.
- ഏറ്റവും നല്ല വീഡിയോയ്ക്ക് ഇടവകയിൽ സമ്മാനം നൽകാം.
- ഇടവകയിൽ നിന്നും തിരഞ്ഞെടുക്കുന്ന ഏറ്റവും നല്ല ഷെയറിംഗ് ജൂലൈ 24 ശനിയാഴ്ച വൈകിട്ട് 7.00 മണിക്ക് മുൻപ് ഫൊറോനയിൽ കാറ്റിക്കിസം സെക്രട്ടറി സിസ്റ്ററിനെ ഏൽപ്പിക്കേണ്ടതാണ്.
- ഫൊറോനയിലെ പ്രൊമോട്ടർമാരാണ് ഇത് കോ-ഓർഡിനേറ്റ് ചെയ്യുന്നത്.
- തിരഞ്ഞെടുക്കപ്പെടുന്ന എൻട്രികൾ Media Catechism Youtube Channel വഴി പ്രസിദ്ധീകരിക്കുന്നതാണ്. (അതിനാൽ ഈ എൻട്രികൾ മറ്റ് മാധ്യമങ്ങളിലൂടെ പങ്കുവയ്ക്കുവാൻ പാടുള്ളതല്ല).
- എല്ലാ എൻട്രികളും ലഭിച്ചതിനുശേഷം ഈ വീഡിയോകൾ അപ്പ്ലോഡ് ചെയ്ത് ആഗസ്റ്റ് 07 ശനിയാഴ്ച വൈകിട്ട് വരെയുള്ള കണക്കനുസരിച്ച് ഏറ്റവും കൂടുതൽ Views ഉം Like കളും Comments ഉം ലഭിക്കുന്ന മൂന്ന് എൻട്രികൾക്ക് ആകർഷകമായ സമ്മാനങ്ങൾ ഉണ്ടായിരിക്കും. വിശദവിവരങ്ങൾ നൽകുന്നതാണ്.

**ഫാ. പീറ്റർ കണ്ണമ്പുഴ**
**ഡയറക്ടർ**

# ഫാമിലി അപ്പോസ്തലേറ്റ്

Renewal Centre, Azad Road, Kaloor. Tel: 0484-2533077, 9387074643
Jeevalaya Family Park, Chengal, Kalady 683574. Tel: 0484-2462607, 8281544111
Vaikom: 9495411200
Web.www.jeevalaya.org, Email : jeevalayafamilypark@gmail.com

## 2021 July - August

## Marriage Orientation Programme (MOP) (Online)

| **July** | | **August** | |
|---|---|---|---|
| 02-03 | 23-24 | 06-07 | 20-21 |
| 09-10 | 30-31 | 09-10 | 23-24 |
| 16-17 | | 13-14 | 27-28 |

**ഓൺലൈൻ ബേബിഷൈൻ ധ്യാനം**

ജൂലൈ 02–04

**ഓൺലൈൻ ദമ്പതിധ്യാനം**

ജൂലൈ 16–18

**അനുയാത്ര (നവദമ്പതികൾക്കു ഓൺലൈൻ സെമിനാർ)**

ജൂലൈ 11

**ഗ്രാന്റ് പാരന്റ്സ് ഡേ ആഘോഷം**

ജൂലൈ 25

**നിറവ് (ദാമ്പത്യപോഷണ സെമിനാർ)**

ജൂലൈ 5, 12, 19, 26 (എഴുപുന്ന)

**ഫാമിലി ഔവർ**

| | |
|---|---|
| ജൂലൈ 03 | ഗ്രെയ്സ് റിപ്പിൾസ് |
| ജൂലൈ 10 | യൂദിത്ത് ഫോറം |
| ജൂലൈ 24 | എം.സി.സി. |

**നന്ദിയോടെ...**

കുടുംബപ്രേഷിത കേന്ദ്രത്തിന്റെ ഫൊറോന ആനിമേറ്റർമാരായി സ്തുത്യർഹമായി സേവനം ചെയ്ത് പുതിയ സ്ഥലത്തേക്ക് മാറിപോകുന്ന സി. അനീഷ എസ്.ഡി. (എറണാകുളം), സി. ലിസറ്റ് സി.എച്ച്.എഫ് (കാഞ്ഞൂർ), സി. റീനറ്റ് സി.എം.സി. (പറവൂർ), സി. ടെർളി എസ്.ഡി (വല്ലം), സി. ആൽഫി മരിയ സി.എച്ച്.എഫ്. (കൊരട്ടി) എന്നിവർക്ക് കുടുംബപ്രേഷിത കേന്ദ്രത്തിന്റെ നന്ദിയും, പുതിയ ശുശ്രൂഷകളിൽ പ്രാർത്ഥനാശംസകളും സ്നേഹപൂർവ്വം നേരുന്നു.

അതിരൂപത കുടുംബപ്രേഷിത കേന്ദ്രത്തിൽ പുതിയതായി ചാർജ് എടുത്തിരിക്കുന്ന സി. ജെയ്സി സി.എസ്.എൻ, ഫൊറോന ആനിമേറ്റർമാരായ സി. സൂസി മരിയ സി.എച്ച്.എഫ് (കൊരട്ടി), സി. റാണി വർഗീസ് സി.എച്ച്.എഫ്. (കാഞ്ഞൂർ), സി. ജ്യോതിസ് എസ്. ഡി. (വല്ലം), സി. ആൻ. ജോസ് സി.എച്ച്.എഫ്(പറവൂർ), എന്നിവർക്ക് കുടുംബപ്രേഷിത കേന്ദ്രത്തിന്റെ സ്വാഗതവും പ്രാർത്ഥനാശംസകളും.

**ഫാമിലി കൗൺസലിംഗ് ഹെൽപ്പ് ലൈൻ**

കോവിഡ് കാലഘട്ടത്തിൽ കുടുംബ ബന്ധങ്ങളിൽ രൂപപ്പെടുന്ന സമ്മർദ്ദങ്ങളെ ആരോഗ്യകരമായി അതിജീവിക്കുവാൻ ഓൺലൈൻ കൗൺസലിംഗിനായി 9446944111 എന്ന നമ്പറിൽ ബന്ധപ്പെടുക.

**ഗ്രാന്റ് പാരന്റ്സ് ഡേ ആഘോഷം**

ഈശോയുടെ ഗ്രാന്റ്പാരന്റ്സ് ആയ വി. യൊവാക്കിമിന്റേയും അന്നയുടേയും തിരുന്നാൾ (ജൂലൈ 26) ദിനത്തോടനുബന്ധിച്ച് ജൂലൈ 25-ാം തിയതി നമ്മുടെ അതിരൂപതയിൽ ഗ്രാന്റ്പാരന്റ്സ് ഡേ ആയി ആചരിക്കുന്നു. കുടുംബങ്ങളിൽ മുതിർന്ന മാതാപിതാക്കൾക്ക് മക്കളും, പേരക്കുട്ടികളും നൽകുന്ന അംഗീകാരത്തേയും, ബഹുമാനത്തേയും പ്രോത്സാഹിപ്പിക്കുകയാണ് ഈ ദിനാചരണത്തിന്റെ ലക്ഷ്യം. ഈ ആഘോഷങ്ങളുടെ ഭാഗമായി കുടുംബപ്രേഷിത കേന്ദ്രം, വിശ്വാസപരിശീലനം, കുടുംബ കൂട്ടായ്മ വിഭാഗങ്ങളുടെ നേതൃത്വത്തിൽ സംയുക്തമായി ജൂലൈ 25-ാം തീയതി വൈകുന്നേരം 6.00 മണി മുതൽ 8.30 വരെ വെബിനാർ നടത്തപ്പെടുന്നു.

**ഫാ. ജോസഫ് മണവാളൻ**
**ഡയറക്ടർ**

# സഹൃദയ

(അതിരൂപതാ സാമൂഹ്യപ്രവർത്തന വിഭാഗം)

## കോവിഡ് ബാധിതമേഖലകളിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾ

അതിരൂപതയിലെ 7 സോണുകളിൽ ഹെൽപ് ഡസ്കുകൾ സ്ഥാപിച്ച് കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുവരുന്നു. പ്രതിരോധപ്രവർത്തനങ്ങളിൽ പിൻതുണയും സഹായസഹകരണങ്ങളും നല്കിവരുന്ന ഇടവകകൾകക്കും സ്ഥാപനങ്ങൾക്കും നന്ദി പറയുന്നു.

## ഭക്ഷ്യകിറ്റുകളും പ്രതിരോധകിറ്റുകളും

കോവിഡ് ബാധിതമേഖലകളിൽ നൽകുന്നതിനായി സഹൃദയ തയ്യാറാക്കിയ 10000 ഭക്ഷ്യ കിറ്റുകളുടെയും വയോജന, ഭിന്നശേഷി പരിപാലന ഭവനങ്ങൾക്കായി തയ്യറാക്കിയ 15000 രൂപ വിലവരുന്ന 45 പ്രതിരോധ ഉപകരണ കിറ്റുകളുടെയും വിതരണോദ്ഘാടനം സംസ്ഥാന വൈദ്യുതി മന്ത്രി കെ. കൃഷ്ണൻ കുട്ടി നിർവഹിച്ചു.

## മെഡിക്കൽ കിറ്റുകൾ

ഓക്സി മീറ്റർ, തെർമോ മീറ്റർ, വേപ്പറൈസർ, തുടങ്ങിയ അവശ്യ രോഗനിർണയ, പ്രതിരോധ ഉപകരണങ്ങൾ അടങ്ങിയ മെഡിക്കൽ കിറ്റുകൾ സഹൃദയയുടെ ആഭിമുഖ്യത്തിൽ വിതരണം ചെയ്തു.

## മധുരക്കനി പദ്ധതിയിലൂടെ കാർഷിക ഉത്പന്നങ്ങൾ

അങ്കമാലി, കാലടി, മഞ്ഞപ്ര, മൂഴിക്കുളം മേഖലകളിൽ നിന്ന് ചേർത്തല, വൈക്കം, ഒറ്റമശേരി, ചെല്ലാനം, വൈപ്പിൻ ഭാഗങ്ങളിലേക്ക് മധുരക്കനി പദ്ധതി വഴി കാർഷിക ഉത്പന്നങ്ങൾ എത്തിച്ചു നൽകി. സന്മനസോടെ വിഭവങ്ങൾ സമാഹരിച്ചു നൽകുന്നതിന് നേതൃത്വം നൽകിയ വികാരിയച്ചന്മാർക്കും മറ്റു സഹപ്രവർത്തകർക്കും നന്ദി അറിയിക്കുന്നു.

## യോഗാദിനാചരണം

സഹൃദയ ആത്മയോഗ അക്കാദമിയുടെ ആഭിമുഖ്യത്തിൽ യോഗാദിനാചരണം സംഘടിപ്പിച്ചു. കോവിഡ് രോഗത്തിന്റെ ഭാഗമായി ബാധിക്കുന്ന ശ്വസന തടസങ്ങൾ പരിഹരിക്കുന്നതിൽ പ്രയോജനപ്പെടുന്ന ശ്വസന തെറാപ്പി ഇവിടെ ലഭ്യമാണ്.

**സഹൃദയയും കാരിത്താസ് ഇന്ത്യയും സംയുക്തമായി നടത്തുന്ന അതിഥിത്തൊഴിലാളികൾക്കായുള്ള സുധാർ പ്രോജക്ട്**

- **മെഡിക്കൽ ക്യാമ്പ്:** സെന്റർ ഫോർ മൈഗ്രേഷൻ ആൻഡ് ഇൻക്ലൂസീവ് ഡെവലപ്പ്മെന്റിന്റെ സഹകരണത്തോടെ വാഴക്കുളം പഞ്ചായത്തിൽ സംഘടിപ്പിച്ചു. മാസ്ക്, സാനിറ്റൈസർ എന്നിവ അടങ്ങിയ ഹൈജീൻ കിറ്റുകൾ വിതരണം ചെയ്തു.
- **പഠനോപകരണങ്ങൾ:** ആലുവ-കമ്പനിപ്പടി സ്റ്റാൻഡേർഡ് പോട്ടറി വർക്കേഴ്സ് സ്കൂൾ, ചിറ്റൂർ സെന്റ് മേരീസ് യു.പി. സ്കൂൾ എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾക്ക് നൽകി.
- **സ്കോളർഷിപ്പ്:** പെരുമ്പാവൂർ മേഖലയിൽ ഉന്നതവിദ്യാഭ്യാസം നടത്തുന്ന രണ്ട് കുട്ടികൾക്ക് 10000 രൂപ വീതം നൽകി.

**പരിസ്ഥിതി ദിനത്തിൽ ജൈവവേലി**

കടൽ കയറ്റം രൂക്ഷമായ ചെല്ലാനം പ്രദേശത്ത് ജൈവവേലി ഒരുക്കുന്നതിന്റെ ഭാഗമായി കണ്ടൽ ചെടികൾ നട്ടുപിടിപ്പിക്കുന്നതിനു തുടക്കമിട്ട് സഹൃദയയുടെ പരിസ്ഥിതി ദിനാചരണം നടത്തി. പതിനായിരം കണ്ടൽ ചെടികളാണ് പ്രദേശവാസികളുടെ സഹകരണത്തോടെ ഇവിടെ നട്ടുപിടിപ്പിക്കുന്നത്.

**നൈവേദ്യ ആയുർവേദ ആശുപത്രി**

- **കർക്കിടക ഔഷധ കഞ്ഞി കിറ്റുകൾ** വിതരണത്തിന് തയ്യാറായിരിക്കുന്നു.
- **ആയുവേദ ചികിത്സ പാക്കേജു**കൾ ലഭ്യമാണ്.

**സോളാർ പവർ സിസ്റ്റം**

ചൂണ്ടി ഭാരത് മാതാ കോളേജ്, അശോകപുരം അസീസി സ്കൂൾ, ചേർത്തല സെന്റ് ജോസഫ് ഫാർമസി എന്നിവിടങ്ങളിൽ സോളാർ ഓൺ ഗ്രിഡ് പവർ സിസ്റ്റത്തിന്റെ നിർമാണ പ്രവർത്തനങ്ങൾ സഹൃദയയുടെ ആഭിമുഖ്യത്തിൽ പുരോഗമിക്കുന്നു.

**ഫാ. ജോസ് കൊളുത്തുവെള്ളിൽ**
**ഡയറക്ടർ**

# സേക്രഡ് മ്യൂസിക്

സേക്രഡ് മ്യൂസിക് ഡിപ്പാർട്മെന്റിന്റെ നേതൃത്വത്തിൽ ആരംഭിച്ച സേക്രഡ് മ്യൂസിക് യൂട്യൂബ് ചാനൽ 2021 ജൂലൈ 3 ആകുമ്പോൾ ഒരു വർഷം പൂർത്തിയാക്കുന്നു. പിൽഗ്രിംസ് കമ്മ്യൂണിക്കേഷൻ ഡിപ്പാർട്ടുമെന്റിന്റെയും മറ്റു അച്ചന്മാരുടെയും സഹകരണത്തോടെ നിരവധി വീഡിയോസ് അപ്‌ലോഡ് ചെയ്യുവാൻ സാധിച്ചു. ഗായകസംഘങ്ങൾക്കു ആവശ്യമായ മാർഗനിർദ്ദേശങ്ങൾ നൽകുക, ദേവാലയത്തിൽ പാടുന്ന ഗാനങ്ങൾ ഒരുമിച്ചു എങ്ങനെ പാടാം എന്നതിന് മാതൃകകൾ നൽകുക, വിദഗ്ദ്ധരുടെ അറിവുകൾ പങ്കുവയ്ക്കുക എന്നെല്ലാം ആയിരുന്നു പ്രധാനമായും ഇതിലൂടെ നല്കാൻ ഉദ്ദേശിച്ചത്. എല്ലാവരും നൽകി വരുന്ന പ്രോത്സാഹനങ്ങൾക്കു പ്രത്യേകം നന്ദി. നമ്മുടെ ഇടവകകളിലെ ഗായകസംഘാംഗങ്ങൾ ഈ ചാനൽ സബ്സ്ക്രൈബ് ചെയ്യുന്നത് നന്നായിരിക്കും.

## SACRED MUSIC CONTEST
### (ക്രിസ്തീയ ആരാധനാക്രമഗീതങ്ങളുടെ മത്സരം)

നമ്മുടെ അതിരൂപതയുടെ ശതോത്തര രജത ജൂബിലിയോടനുബന്ധിച്ച് SACRED MUSIC CHANNEL ഒരുക്കിയ ഒരു മത്സരമായിരുന്നു SACRED MUSIC CONTEST. ഗായകസംഘങ്ങൾക്കുള്ള പരിശീലനം എന്ന നിലയ്ക്കാണ് ഈ മത്സരം സംഘടിപ്പിച്ചത്. ദേവാലയത്തിൽ ആരാധനാക്രമ അനുഷ്ഠാനങ്ങളിൽ പ്രധാനമായും വിശുദ്ധ കുർബാനക്ക് ഒറ്റയ്ക്കോ രണ്ടുപേർ ചേർന്ന് പാടുന്ന രീതിയോ മതി എന്ന ചിന്ത കൂടി വരുന്നതുകൊണ്ട് ഒരുമിച്ചു പാടുന്ന രീതിയെ പ്രോത്സാഹിപ്പിക്കുക എന്നതായിരുന്നു ഈ പരിശീലനം ലക്ഷ്യം വച്ചുള്ള മത്സരം. സമൂഹത്തിൽ, പ്രത്യേകിച്ച് പാടുന്നവരുടെ ഇടയിൽ ഇത് ഒരു ചർച്ചയ്ക്ക് കാരണമായി എന്നത് സന്തോഷത്തോടെ ഓർക്കുന്നു.

28 ഗ്രൂപ്പ് ഈ മത്സരത്തിൽ പങ്കുചേർന്നു. മലയാളം, ഇംഗ്ലീഷ്, തെലുങ്ക്, പഞ്ചാബി എന്നീ ഭാഷകളിൽ ഉള്ള ഗാനങ്ങൾ അവതരിപ്പിക്കപ്പെട്ടു. കേരളത്തിൽ നിന്നും 23 ഗാനങ്ങൾ ഉണ്ടായിരുന്നതിൽ ചങ്ങനാശ്ശേരി, കോതമംഗലം, ഇടുക്കി, തൃശൂർ രൂപതകളിൽനിന്നും പങ്കാളിത്തം

ഉണ്ടായിരുന്നു. നമ്മുടെ അതിരൂപതയിൽ നിന്നും നീറിക്കോട്, ഞാറക്കൽ, നടത്തുരുത്, തൃപ്പൂണിത്തുറ, വല്ലകം, വടുതല, എളംകുളം, പറവൂർ, കാഞ്ഞൂർ, കോക്കുന്ന്, മരട്, കൊറ്റമം എന്നീ ഇടവകകളിൽ നിന്നും പങ്കെടുത്തു. ഭാരതത്തിനു പുറമെ ആഫ്രിക്ക, മൗറീഷ്യസ് എന്നീ രാജ്യങ്ങളിലുള്ളവർ മലയാളം ഗാനം പഠിച്ച് അവതരിപ്പിച്ചു.

**വിധിനിർണയം**

വിധിനിർണയത്തിൽ ഓഡിയോ അവതരണവും വീഡിയോ അവതരണവും പ്രത്യേകം പ്രത്യേകം  പരിഗണിച്ചു. മൂന്ന് മേഖലകളിൽ (Music, Liturgy, Cinematography) അഞ്ചു വിദഗ്ധർ അടങ്ങുന്ന ജഡ്ജിംഗ് പാനൽ വിധി നിർണയം നടത്തി. ശ്രീ. ജെറി അമൽദേവ്, ശ്രീമതി ടീന മേരി എബ്രഹാം, റവ. ഫാ. ആന്റണി ഉരുളിയാനിക്കൽ, സിനിമാതാരം ശ്രീ. സിജോയ് വർഗീസ്, റവ. ഫാ. പീറ്റർ കണ്ണമ്പുഴ എന്നിവരായിരുന്നു ജഡ്ജിംഗ് പാനലിൽ ഉണ്ടായിരുന്നത്. എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു.

**സമ്മാനങ്ങൾ**

റാങ്കിങ്ങിൽ ഒന്നാം സ്ഥാനത്തിന്  **50,000 രൂപ**യും, രണ്ടും മൂന്നും സ്ഥാനക്കാർക്ക് **25,000 രൂപ** വീതവും, തുടർന്ന് വരുന്ന 10 സ്ഥാനക്കാർക്ക് **10,000 രൂപ**യും ആയിരുന്നു സമ്മാനത്തുക.

ഒന്നാം സമ്മാനതുക ഏതാനും അച്ചന്മാർ ഒരുമിച്ചു ചേർന്നു നൽകി. രണ്ട് രണ്ടാം സമ്മാനങ്ങളിൽ ഒന്നാമത്തേത് പൊങ്ങം നൈപുണ്യ കോളേജും, രണ്ടാമത്തേത്, ചേർത്തല നൈപുണ്യ കോളേജും, എടക്കുന്ന് നൈപുണ്യ പബ്ലിക് സ്കൂളും ചേർന്ന് നൽകി. തുടർന്ന് വന്ന 10 സമ്മാനങ്ങൾ: നൈപുണ്യ സ്കൂൾതൃക്കാക്കര, മാർ ലൂയിസ്-എറണാകുളം & കറുകുറ്റി, ഭാരതമാതാ കോളേജ്-തൃക്കാക്കര, ഭാരതമാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്-ചൂണ്ടി, സോഷ്യൽ സർവീസ്-കളമശ്ശേരി, ലൂർദ് മാതാ പള്ളി പെരുമാനൂർ, സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്ക-എറണാകുളം, സെന്റ് ജോർജ് ബസിലിക്ക-അങ്കമാലി, അതിരൂപതാ ഫാമിലി യൂണിറ്റ്സ് ഡിപ്പാർട്ടുമെന്റ്, നൈപുണ്യ ഇന്റർനാഷണൽ-എറണാകുളം എന്നിവരാണ് നൽകിയത്. സഹകരണത്തിന് ഒത്തിരി നന്ദി.

**സമ്മാനത്തിന് അർഹരായവർ**

ഒന്നാം സമ്മാനം : സെന്റ് ജോസഫ്സ് ചർച്ച് , കോക്കുന്ന്

തുടർന്ന് വന്ന രണ്ട് സമ്മാനങ്ങൾ : സെന്റ് മേരീസ് ചർച്ച് ജൂനിയർ ക്വയർ ഞാറക്കൽ, സേക്രഡ് ഹാർട്ട് ചർച്ച് ക്വയർ വടുതല.

തുടർന്ന് വന്ന പത്തു സമ്മാനങ്ങൾ: സെന്റ് ആന്റണീസ് ചർച്ച് നടത്തുരുത്, സെന്റ് ജോസഫ് സ്കൂൾ പട്ടണക്കാട്, ഹോളി സ്ട്രിങ്സ് ചാരിറ്റി കോൺഗ്രിഗേഷൻ ചാലക്കുടി, ലിറ്റൽ ഫ്ലവർ ചർച്ച് ക്വയർ എളംകുളം, അശോകപുരം കാർമൽ ഹോസ്പിറ്റൽ സ്റ്റാഫ് ക്വയർ, ടീം അൾത്താര കൊറ്റമം, S D സിസ്റ്റേഴ്സ് സെന്റ് ജോസഫ്സ് പ്രൊവിൻസ് ചങ്ങനാശ്ശേരി, ഔർ ലേഡി ഓഫ് മൗണ്ട് കാർമൽ ചർച്ച് തൃശൂർ, പോപ്പ് കോൺ മ്യൂസിക്സ് അശോകപുരം. എല്ലാവർക്കും പ്രത്യേകം അഭിനന്ദനങ്ങൾ!!!

**ഫാ. എബി ഇടശ്ശേരി**
**ഡയറക്ടർ**

---

# ബൈബിൾ അപ്പസ്തോലേറ്റ്

## 1) ലോഗോസ് ക്വിസ്

നിലവിൽ 2021 സെപ്തംബർ മാസത്തിൽ നടത്താൻ നിശ്ചയിച്ചിരിക്കുന്ന ലോഗോസ് ക്വിസ്, ഡിസംബർ മാസത്തിലേക്ക് മാറ്റിവച്ചിരിക്കുകയാണ്. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

## 2) ബൈബിൾ സാഹിത്യ മത്സരങ്ങൾ 2021

കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ ബൈബിൾ സാഹിത്യ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. ലേഖനം, കവിത, കഥ, ഏകാങ്കനാടകം എന്നീ ഇനങ്ങളിലാണ് മത്സരം.

- പൊതുവിഷയം: **കൊറോണക്കാലത്തെ അതിജീവനവും വിശുദ്ധഗ്രന്ഥവും**
  (ഉപകാരപ്രദമായ ഏതാനും വചനഭാഗങ്ങൾ: ഹെബ്രാ 13,8; ഫിലി 4,6-7; 2 കോറി 4,16-18; നിയ 31,6; ഏശ 43,19; ജറെ 29,11; ജോബ് 19,26; ഏശ 61,3; ദാനി 3,27-28; ഹബ 3,17). ആനുകാലികാവിഷ്കരണങ്ങൾ അനുവദനീയമാണ്.

- ലേഖനമത്സരം അല്മായർ, സെമിനാരി വിദ്യാർത്ഥികൾ, സന്ന്യാസിനികൾ എന്നീ ഗ്രൂപ്പുകൾക്ക് വെവ്വേറെയായിരിക്കും.
- ലേഖനം 10 പേജിലും (പ്രിന്റ്: 6 പേജ്), ചെറുകഥ 6 പേജിലും (പ്രിന്റ്: 3 പേജ്), കവിത 60 വരികളിലും കവിയരുത്. ഏകാങ്കം 30 മിനിട്ടുകൊണ്ട് അവതരിപ്പിക്കാവുന്നതായിരിക്കണം.
- കൃതി അനുകരണമോ വിവർത്തനമോ മുമ്പ് പ്രസിദ്ധീകരിച്ചിട്ടുള്ളതോ പ്രസിദ്ധീകരണത്തിന് എവിടെയെങ്കിലും ഏല്പിച്ചിട്ടുള്ളതോ ആയിരിക്കരുത്.
- രചനകളിൽ പേരോ വിലാസമോ എഴുതരുത്. പേരും വിലാസവും രൂപതയുടെ പേരും മറ്റൊരു കടലാസിലെഴുതി പിൻചെയ്തിരിക്കണം.
- മത്സരത്തിനയയ്ക്കുന്ന കൃതികളോടൊപ്പം വികാരിയുടെയോ സുപ്പീരിയറിന്റെയോ സാക്ഷ്യപത്രവും 50 രൂപ വീതം രജിസ്ട്രേഷൻ ഫീസും (MO / DD / Bank transfer to KCBC Bible Commission A/c No. 0423053000006271, IFSC: SIBL0000423, SWIFT: SOININ55, South Indian Bank, Vennala branch) അയയ്ക്കേണ്ടതാണ്. ഇവ രണ്ടും ലഭിക്കാത്ത രചനകൾ സ്വീകരിക്കുന്നതല്ല.
- ഒന്നും രണ്ടും മൂന്നും സ്ഥാനത്തെത്തുന്ന സമ്മാനാർഹർക്ക് യഥാക്രമം 2,000 രൂപ, 1,500 രൂപ, 1,000 രൂപ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും ബൈബിളും നല്കുന്നതാണ്.
- മത്സരത്തിനയയ്ക്കുന്ന കൃതികൾ തിരിച്ചു നല്കുന്നതല്ല. ആവശ്യമുള്ളവർ മത്സരത്തിന് അയയ്ക്കുന്നതിനുമുൻപ് കൃതികളുടെ കോപ്പികൾ കരുതേണ്ടതാണ്.
- കൃതികൾ ഓഫീസിൽ ലഭിക്കേണ്ട അവസാന തീയതി **2021 ഒക്ടോബർ 1** ആണ്.

*കൃതികൾ അയയ്ക്കേണ്ട വിലാസം:* സെക്രട്ടറി, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ, പി.ഒ.സി., പാലാരിവട്ടം, വെണ്ണല പി.ഒ., കൊച്ചി 682028.

## 3) വചന സർഗ പ്രതിഭാ പുരസ്കാരം

കേരള കാത്തലിക് ബൈബിൾ സൊസൈറ്റി ഏർപ്പെടുത്തിയിരിക്കുന്ന വചന സർഗ പ്രതിഭാ പുരസ്കാരത്തിന് 2021 ലേക്കുള്ള എൻട്രികൾ സമർപ്പിക്കാവുന്നതാണ്. 25,000 രൂപ ക്യാഷ് അവാർഡും പ്രശംസാഫലകവുമാണ് പുരസ്കാരം. ബൈബിൾ വിജ്ഞാനീയത്തിൽ മലയാള ഭാഷയിൽ പുസ്തകരൂപത്തിൽ പ്രസിദ്ധീകൃതമായ രചനകളാണ് പരിഗണിക്കപ്പെടുന്നത്. ബൈബിൾ പഠനമേഖലയിൽ വ്യക്തിയോ സംരംഭമോ പ്രസ്ഥാനമോ 2016 മുതൽ പ്രസിദ്ധീകരിച്ച ഗ്രന്ഥങ്ങൾ സമർപ്പിക്കാവുന്നതാണ്. പുസ്തകത്തിന്റെ 3 കോപ്പികൾ വീതം സമർപ്പിക്കേണ്ടതാണ്. വിശുദ്ധഗ്രന്ഥത്തോടു പുലർത്തുന്ന നീതി, സൃഷ്ടിയുടെ മൗലികത, ക്രിയാത്മകത എന്നിവയായിരിക്കും അവാർഡിനുള്ള മാനദണ്ഡങ്ങൾ. ജാതിമതഭേദമന്യേ ആരും അവാർഡിനു പരിഗണിക്കപ്പെടും.

**2021 സെപ്റ്റംബർ 30**നു മുമ്പ് സെക്രട്ടറി, കേരള കാത്തലിക് ബൈബിൾ സൊസൈറ്റി, പി.ഒ.സി., പാലാരിവട്ടം, പി.ബി. നമ്പർ 2251, കൊച്ചി 682025 എന്ന വിലാസത്തിലാണ് എൻട്രികൾ സമർപ്പിക്കേണ്ടത്. ഫോൺ നമ്പർ: 0484-2805897.

## 4) സുവിശേഷങ്ങൾക്ക് ഒരാമുഖപഠനം

അതിരൂപതാ ബൈബിൾ അപ്പസ്തോലേറ്റ് ഡിപ്പാർട്ടുമെന്റിന്റെ സഹകരണത്തോടെ അതിരൂപതാ വിശ്വാസപരിശീലനകേന്ദ്രം നടത്തിയ **ഏവൻഗെലിയോൻ - മെഗാഗോസ്പ്പൽ ക്വിസ്** - സുവിശേഷങ്ങൾക്കുള്ള ഒരു ആമുഖപഠനമാണ്. ഇരുപത് ചോദ്യങ്ങളും അവയ്ക്കുള്ള വിശദമായ ഉത്തരങ്ങളും വഴി സുവിശേഷങ്ങളെ പൊതുവായും, ഓരോ സുവിശേഷത്തേയും പ്രത്യേകമായും പരിചയപ്പെടുത്തുന്ന പത്ത് എപ്പിസോഡുകളാണ് ഇതിനുള്ളത്. ഇതിന്റെ വീഡിയോകൾ catechismernakulam എന്ന Youtube-ൽ ചാനലിൽ ലഭ്യമാണ്. സുവിശേഷ പഠനത്തിന് ഏറെ സഹായകരമായ ഈ വീഡിയോകൾ പ്രയോജനപ്പെടുത്താവുന്നതാണ്.

**ഫാ. ജോഷി പുതുശ്ശേരി**
**ഡയറക്ടർ**

# AICO

## (Archdiocesan Institutions' Central Office)

**ഓൺലൈൻ ബഡ്ജറ്റ് മീറ്റിംഗ്**

| | |
|---|---|
| മെയ് 7 | ഭാരത മാതാ കോളേജ്, തൃക്കാക്കര |

**ഓൺലൈൻ ബോർഡ് മീറ്റിംഗ്**

| | |
|---|---|
| ജൂൺ 29 | സെന്റ് മൈക്കിൾസ് പബ്ലിക് സ്കൂൾ, തിരുമറയൂർ |

**സൈറ്റ്/കൺസ്ട്രക്ഷൻ കമ്മിറ്റി മീറ്റിംഗ് & സൈറ്റ് വിസിറ്റ്**

| | |
|---|---|
| ജൂൺ 4 | മാർ ലുയീസ്, കറുകുറ്റി |
| ജൂൺ 22 | ലിസി ഹോസ്പിറ്റൽ, എറണാകുളം |
| ജൂൺ 24 | സെന്റ് ജോസഫ്സ് ITI, തുറവൂർ |
| ജൂൺ 25 | നൈപുണ്യ പബ്ലിക് സ്കൂൾ, എടക്കുന്ന് |
| ജൂൺ 28 | ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്, ചൂണ്ടി |
| ജൂൺ 28 | നിവേദിത, ചുണങ്ങംവേലി |

**ഫാ. ജോസ് പുതിയേടത്ത്**
**ഡയറക്ടർ**

# അതിരൂപതാ ഡയറി

**മെയ് 2021**

21 ജോർജ് ആലഞ്ചേരി പിതാവ് മംഗലപ്പുഴ, സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയുടെ മെത്രാൻ സമിതിയുടേയും ഉന്നത വിദ്യാഭ്യാസ സമിതിയുടേയും യോഗത്തിൽ പങ്കെടുത്തു. മെത്രാന്മാരുടെ മാസധ്യാനത്തിൽ സംബന്ധിച്ചു. ചങ്ങനാശ്ശേരി അതിരൂപത സംഘടിപ്പിച്ച മിഷനറി സംഗമം ഉദ്ഘാടനം ചെയ്തു.

22 ജോർജ് ആലഞ്ചേരി പിതാവ് മംഗലപ്പുഴ, സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയുടെ മെത്രാന്മാരുടെ കമ്മീഷൻ യോഗത്തിൽ പങ്കെടുത്തു. സി ന്യൂസ് എന്ന ഓൺ ലൈൻ

വാർത്ത ചാനലിന്റെ ഉദ്ഘാടനം നിർവഹിച്ചു. SMYM യൂറോപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച 'മിസിയോ' എന്ന പ്രോഗ്രാം ഓൺലൈനായി ഉദ്ഘാടനം ചെയ്തു.

24 ജോർജ് ആലഞ്ചേരി പിതാവ് ആരാധനക്രമ സമിതിയുടെ ഓൺലൈൻ യോഗത്തിൽ പങ്കെടുത്തു.

25 ജോർജ് ആലഞ്ചേരി പിതാവ് ആരാധനക്രമ സമിതിയുടെ ഓൺലൈൻ യോഗത്തിൽ പങ്കെടുത്തു.

ആന്റണി കരിയിൽ പിതാവ് രാവിലെ അങ്കമാലി വിൻസെൻഷ്യൻ ആശ്രമത്തിൽ ബ. ആന്റോ കണ്ണമ്പുഴ അച്ചന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

26 ആന്റണി കരിയിൽ പിതാവ് ഉച്ചകഴിഞ്ഞ് തൃക്കാക്കര മൈനർ സെമിനാരിയിൽ അതിരൂപതാ സെമിനാരിക്കാരുടെ കാറോയ, ഹെവ്പ്പദ്യാക്ക്ന, മ്ശംശാന പട്ട സ്വീകരണ ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു. വാഹന അപകടത്തിൽ പരിക്കേറ്റ് എറണാകുളം ലേക്ക് ഷോർ ആശുപത്രിയിൽ കഴിയുന്ന ബ. ചെറിയാൻ നേരേവീട്ടിൽ അച്ചന് രോഗീലേപനം നൽകി.

## ജൂൺ 2021

1 – 3 ജോർജ് ആലഞ്ചേരി പിതാവും, ആന്റണി കരിയിൽ പിതാവും കെ. സി. ബി. സി. യുടെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

1 ജോർജ് ആലഞ്ചേരി പിതാവ് സീറോമലബാർസഭയിലെ മതാദ്ധ്യാപക പരിശീലന പദ്ധതിയുടെ ഉദ്ഘാടനം ഓൺലൈനായി നിർവ്വഹിച്ചു.

5 ആന്റണി കരിയിൽ പിതാവ് ജീസസ് യൂത്ത് എറണാകുളം സോണിന്റെ നേതൃത്വത്തിൽ നടത്തിയ കോവിഡ് 19 സഹായ വിതരണം ഉദ്ഘാടനം ചെയ്തു.

6 ആന്റണി കരിയിൽ പിതാവ് സഹൃദയ വെൽഫെയർ സർവീസസിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ഫുഡ് കിറ്റ് വിതരണം ഉദ്ഘാടനം ചെയ്തു. ബൈബിൾ അപ്പസ്തോലേറ്റിന്റെ നേതൃത്വത്തിൽ നടത്തിയ ബൈബിൾ പാരായണത്തിന് ആമുഖ സന്ദേശം നല്കി.

7 ജോർജ് ആലഞ്ചേരി പിതാവ് ആരാധനക്രമകമ്മീഷൻ ഓൺലൈൻ യോഗത്തിൽ പങ്കെടുത്തു. പി.ഡി.എം. (പ്രീച്ചേഴ്സ് ഓഫ്

ഡിവൈൻ മേഴ്സി) സന്യാസസമൂഹത്തിലെ അംഗങ്ങളുമായി വീഡിയോ കോൺഫറൻസ് നടത്തി.

8 ജോർജ് ആലഞ്ചേരി പിതാവ് അപ്പസ്തോലിക് ന്യൂൺഷ്യോ ആർച്ച്ബിഷപ് ലെയോപോൾദോ ജിരെല്ലിയുമായി ഭാരതത്തിലെ കർദിനാൾമാർ നടത്തിയ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു. പി.ഒ.സി. യുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ആഗോള സമുദ്രദിനാചരണം ഓൺലൈനായി ഉദ്ഘാടനം ചെയ്തു.

9 ജോർജ് ആലഞ്ചേരി പിതാവും, ആന്റണി കരിയിൽ പിതാവും രാഷ്ട്രദീപിക ലിമിറ്റഡിന്റെ അപെക്സ് ബോർഡ് മീറ്റിംഗിൽ ഓൺലൈൻ ആയി പങ്കെടുത്തു.

10 ജോർജ് ആലഞ്ചേരി പിതാവ് കെ. സി. ബി. സി. യുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച 'കർഷക ക്ഷേമനിധി ബോർഡും സാധ്യതകളും' എന്ന വെബിനാർ ഉദ്ഘാടനം ചെയ്തു.

11 ജോർജ് ആലഞ്ചേരി പിതാവ് മാർത്തോമസഭ തിരുവല്ലയിൽ സംഘടിപ്പിച്ച ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്തായുടെ അനുസ്മരണ സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തി.

ആന്റണി കരിയിൽ പിതാവ് അതിരൂപതാ ദിനത്തോടനുബന്ധിച്ച് അരമന ചാപ്പലിൽ വി. കുർബാനയർപ്പിച്ച് വചനസന്ദേശം നല്കി.


12 ആന്റണി കരിയിൽ പിതാവ് സംസ്ഥാന സിഎൽസിയുടെ നേതൃത്വത്തിൽ നടത്തിയ ജപമാല പ്രാർത്ഥനായജ്ഞത്തിൽ പങ്കെടുത്ത് സന്ദേശവും ആശീർവാദവും നല്കി.

16 ജോർജ് ആലഞ്ചേരി പിതാവ് പുഷ്പഗിരി മെഡിക്കൽ കോളേജ് സംഘടിപ്പിച്ച മൂന്നാം കോവിഡ് തരംഗ സാധ്യതകളെകുറിച്ചുള്ള വെബിനാർ ഉദ്ഘാടനം ചെയ്തു.

17 ജോർജ് ആലഞ്ചേരി പിതാവ് ലിറ്റർജിക്കൽ റിസർച്ച് സെന്റർ സംഘടിപ്പിച്ച ചരിത്ര സമിതി ഓൺലൈൻ യോഗത്തിൽ പങ്കെടുത്തു.

18 ജോർജ് ആലഞ്ചേരി പിതാവും, ആന്റണി കരിയിൽ പിതാവും രാഷ്ട്രദീപിക ലിമിറ്റഡിന്റെ അപെക്സ് ബോർഡ് മീറ്റിംഗിൽ ഓൺലൈൻ ആയി പങ്കെടുത്തു.

* * * * *


ജൂലൈ 28
വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാൾ
വിശുദ്ധ അൽഫോൻസാമ്മേ,
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ

Registered No. KL/EKM/748/2019-21

RNI No. 3421/57
Date of Publication: 01.07.2021

Annual Subscription ₹ 150
Per Copy ₹ 15

എറണാകുളം-അങ്കമാലി മേജർ അതിരൂപതാ ബുള്ളറ്റിൻ

# ERNAKULAM MISSAM




## വിശുദ്ധ യൗസേപ്പിതാവിനോടുള്ള ജപം

കന്യാവ്രതക്കാരുടെ കാവൽക്കാരനും പിതാവുമായ
മാർ യൗസേപ്പേ, കുറ്റമില്ലായ്മതന്നെ ആയിരിക്കുന്ന
ഈശോമിശിഹായും കന്യകകൾക്കു മകുടമാകുന്ന നിർമ്മല
കന്യകാമറിയവും നിന്റെ വിശ്വാസമുള്ള സൂക്ഷത്തിന് ഏല്പിക്കപ്പെട്ടുവല്ലോ.
ഈശോ, മറിയം എന്ന എത്രയും പ്രിയപ്പെട്ട പണയത്തെക്കുറിച്ചു
നിന്നോടു ഞാൻ അപേക്ഷിക്കുന്നതായത്, അശുദ്ധതയൊക്കെയിൽ
നിന്ന് എന്നെ കാത്തു വിശുദ്ധ ഹൃദയത്തോടും നിർമ്മല ശരീരത്തോടും
കറകൂടാത്ത ആത്മാവോടും കൂടെ ഈശോമിശിഹായ്ക്കും മറിയത്തിനും
എപ്പോഴും എത്രയും വിശുദ്ധമായ ശുശ്രൂഷ ചെയ്യുവാൻ
എനിക്കു കൃപ ലഭിച്ചുതരേണമേ.

Printed and Published by Fr. Jose Pollayil, on behalf of the Archbishop of Ernakulam,
Major Archbishop's House, P.B. No. 2580, Broadway, Ernakulam, Kerala - 682 031 and
Printed at Viani Printings, Viani Buildings, No. XXXIX/1524,
Lisie Hospital Road, Ernakulam, Kochi, Kerala - 682 018 and Published from
Major Archbishop's House P.B. No. 2580, Broadway, Ernakulam, Kerala - 682 031.
Editor: Fr. Varghese Perumayan